# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.
Printed on 29th of every month.

**വാല്യം 04 സെപ്റ്റംബർ–2013 ലക്കം 9**

| ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ |
|---|---|

# സുവർണ്ണജൂബിലി ആശംസകൾ



## റവ.ഫാ. സെബാസ്റ്റ്യൻ പാലക്കിൽ

പാലാ രൂപതയിലെ കുടക്കച്ചിറ ഇടവക വള്ളോപ്പിള്ളി പാലക്കിൽ സ്കറിയായുടെയും അന്നമ്മയുടെയും 8 മക്കളിൽ 7-ാമനായി 1938 മാർച്ച് 17 ന് അച്ചൻ ജനിച്ചു.

1964 മാർച്ച് 14 ന് അഭിവന്ദ്യ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽ നിന്നു പൗരോഹിത്യം സ്വീകരിച്ചു. മാനന്തവാടി രൂപതയിലെ മാർട്ടിൻനഗർ, തൃശ്ശിലേരി, പയ്യമ്പള്ളി, കുറുമ്പാല, കൊട്ടിയൂർ, കല്ലോടി, തരിയോട്, കബനിഗിരി, റിപ്പൺ, നടവയൽ, തലശ്ശേരി രൂപതയിലെ പുളിഞ്ഞോം, കോഴിച്ചാൽ, രാജഗിരി, തോട്ടത്താടി, ധർമ്മസ്ഥലം, കളഞ്ഞ, ജഡിക്കൽ, പുറവയൽ എന്നിവിടങ്ങളിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഭദ്രാവതി രൂപത നിലവിൽ വരുന്നതിന് മുൻപ് കർണ്ണാടകയിലെ എൻ. ആർ.പുര മിഷൻ റീജിയണിലെ എപ്പിസ്കോപ്പൽ വികാരിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇപ്പോൾ ചെന്നലോട് സെന്റ് സെബാസ്റ്റ്യൻ ഇടവകയിൽ സേവനമനുഷ്ഠിക്കുന്നു.

## പൗരോഹിത്യ ശുശ്രൂഷയിൽ 25 വർഷങ്ങൾ
## പിന്നിടുന്ന ബഹു. വൈദികർക്ക്
## ആശംസകൾ. പ്രാർത്ഥനാമംഗളങ്ങൾ



**റവ.ഫാ. വിൻസെന്റ് കളപ്പുര**

പൗരോഹിത്യ സ്വീകരണം 28 – 12 – 1988



**റവ.ഫാ. ഫ്രാൻസീസ് നെല്ലിക്കുന്നേൽ**

പൗരോഹിത്യ സ്വീകരണം 28 – 12 – 1988



**റവ.ഫാ. ഫ്രാൻസീസ് കുത്തുകല്ലുങ്കൽ**

പൗരോഹിത്യ സ്വീകരണം 29 – 12 – 89



**റവ.ഫാ. വിൻസെന്റ് പുതുശ്ശേരി**

പൗരോഹിത്യ സ്വീകരണം 04 – 05 – 89

# ഉള്ളടക്കം


സർക്കുലർ .................................................... 03

ലോകമിഷൻഞായർ .................................................... 06

മിഷൻ ഞായറിനോടനുബന്ധിച്ച് പൊന്തിഫിക്കൽ
മിഷൻ ഓർഗനൈസേഷൻ നൽകുന്ന അറിയിപ്പ് ...... 15

രൂപതാകച്ചേരി വാർത്തകൾ .................................. 16

വൈദിക സമ്മേളനം റിപ്പോർട്ട് ............................. 22

കല്പറ്റഫൊറോനയിലെ വൈദികരുടെ മാസധ്യാനം 25

വിശ്വാസവർഷം .................................................... 26

മതബോധനരംഗം .................................................... 27

ബൈബിൾ അപ്പോസ്തലേറ്റ് .................................. 29

ചെറുപുഷ്പമിഷൻലീഗ് .......................................... 30

കെ.സി.വൈ.എം. .................................................... 38

കുടുംബപ്രേഷിതത്വം ............................................ 48

വിമൻസ് കമ്മീഷൻ ................................................ 53

വിൻസെന്റ് ഡി പോൾ സൊസൈറ്റി........................ 57

സീയോൻ വാർത്തകൾ .......................................... 62

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി ...................... 66

സാമൂഹ്യ സേവനരംഗം (WSSS)............................... 72

കേരളാ ലേബർ മൂവ്മെന്റ് ...................................... 76

*Mary Matha arts & science college* ............................ 78

*CHRISTIAN CIVIC SERVICE SOCIETY (CCSS)* .......................... 80

റേഡിയോ മാറ്റൊലി ................................................ 83

അറിയിപ്പുകൾ ........................................................ 85

പാസ്റ്ററൽ സെന്റർ, പ്രോഗ്രാം .................................. 86

ബിഷപ്സ് പ്രോഗ്രാം .............................................. 87

# സർക്കുലർ

കർത്താവിൽ പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ,

'സ്നേഹത്തിൽ പ്രവർത്തന നിരതമാകുന്ന വിശ്വാസ'മാണ് ആധുനിക കാലഘട്ടത്തിന്റെ ആവശ്യമെന്ന്, നമ്മെതന്നെ ഓർമ്മിപ്പിക്കുകയാണ് നാം വിശ്വാസ വർഷാചരണത്തിലൂടെ ചെയ്തുകൊണ്ടിരിക്കുന്നത്.

വിശ്വാസം വൈകാരികവും ബാഹ്യവുമായ തലങ്ങളിൽ ഒതുങ്ങുന്നതാകരുത്. അത് മനുഷ്യജീവിതത്തിന്റെ സമസ്ത മേഖലകളെയും ആശ്ലേഷിച്ച് ഐക്യപ്പെടുത്തുന്ന സ്നേഹത്തിന്റെ സമഗ്രതയാണെന്നും കേൾവിയുടെയും പ്രത്യുത്തരത്തിന്റെയും തലത്തിൽനിന്നും കാഴ്ചയുടെയും സ്പർശനത്തിന്റെയും തലത്തിലേയ്ക്ക് അത് ഉയരണമെന്നും ഫ്രാൻസീസ് പാപ്പ തന്റെ പ്രഥമ ചാക്രികലേഖനമായ **വിശ്വാസത്തിന്റെ വെളിച്ച**ത്തിലൂടെ നമ്മെ ഉദ്ബോധിപ്പിക്കുന്നു. അതിനാൽ നമ്മുടെ ചുറ്റുമുള്ളവരുടെ പ്രശ്നങ്ങളിലേയ്ക്ക് കണ്ണ് തുറക്കാനും അവരുമായി ക്രിയാത്മകമായി സംവദിക്കാനും ക്രിസ്ത്യാനിക്ക് കഴിയേണ്ടതുണ്ട്.

ദൈവം നമുക്ക് നൽകിയിരിക്കുന്ന ദാനങ്ങളിൽ ഏറ്റവും പ്രധാനമായത് അവിടുന്നിലുള്ള വിശ്വാസമാണ്. 'വിശ്വാസം വഴി മനുഷ്യൻ തന്റെ ബുദ്ധിയെയും മനസ്സിനേയും പൂർണ്ണമായി ദൈവത്തിന് സമർപ്പിക്കുന്നു. സ്വയം വെളിപ്പെടുത്തുന്ന ദൈവത്തിനു മനുഷ്യൻ തന്റെ അസ്തിത്വം മുഴുവൻ സമർപ്പിച്ചുകൊണ്ട് പ്രത്യുത്തരം നൽകുന്നു. വെളിപാടിന്റെ കർത്താവിന് മനുഷ്യൻ നൽകുന്ന പ്രത്യുത്തരത്തെ വിശ്വാസത്തിന്റെ അനുസരണമെന്നാണ് വിശുദ്ധ ഗ്രന്ഥം വിളിക്കുന്നത്' (CCC.143 ).

അതിനാൽ നമ്മുടെ വിശ്വാസത്തെ സമൂഹമധ്യേ അവതരിപ്പിക്കാനും പ്രഖ്യാപിക്കാനും പ്രഘോഷിക്കാനുമുള്ള ഉത്തരവാദിത്വവും

കടമയും ഓരോ വിശ്വാസിക്കുമുണ്ട്. എന്നാൽ നാം നമ്മുടെ വിശ്വാസത്തെ വ്യക്തിയുടെ ഹൃദയത്തിനുള്ളിൽ മാത്രമായി ഒതുക്കിയും ഒളിപ്പിച്ചും വെയ്ക്കുവാനാണ് ശ്രമിക്കുന്നത്. കാരണം ഭയം നമ്മെ ഗ്രസിച്ചിരിക്കുന്നു. ഇവിടെ കർത്താവിന്റെ വചനം നാം ഓർക്കേണ്ട തുണ്ട്. 'ഉൽകണ്ഠ മൂലം ആയുസിന്റെ ദൈർഘ്യം ഒരു മുഴമെങ്കിലും കൂട്ടാൻ നിങ്ങളിലാർക്കെങ്കിലും സാധിക്കുമോ?' (മത്തായി 6/27).

മാനുഷികമായ ഉൽകണ്ഠകളെ അതിജീവിക്കാൻ കഴിയുമ്പോൾ മാത്രമാണ് വിശ്വാസപ്രഖ്യാപനവും പ്രഘോഷണവും സാധ്യമാകുക. അതിനു തെളിവാണ് യേശുവിന് ജയ്‌വിളിച്ച ജനസമൂഹം. അധികാരവർഗം അവിടെയും അവരെ നിശബ്ദരാക്കാൻ ശ്രമിക്കുന്നുണ്ട്, നിശബ്ദരായിരിക്കാൻ ആവശ്യപ്പെടുന്നുണ്ട്. അതിന് യേശു നൽകിയ മറുപടി നമുക്കറിയാം. 'ഇവർ മൗനം ഭജിച്ചാൽ ഈ കല്ലുകൾ ആർത്തുവിളിക്കുമെന്ന് ഞാൻ നിങ്ങളോട് പറയുന്നു' (ലൂക്കാ 19/40). എന്നാൽ നാമിന്ന് മൗനം ഭജിക്കുന്നവരായിരിക്കുന്നു. മൗനം വെടിയേണ്ട സമയം ആയെന്ന് വിശ്വാസവർഷം നമ്മെ ഓർമ്മിപ്പിക്കുന്നു.

ക്രിസ്തീയവിശ്വാസത്തിനനുസൃതമായി സാമൂഹികജീവിതം നയിക്കാൻ സാഹചര്യമൊരുക്കുകയാണ് സഭാസംഘടനകൾ ചെയ്യുന്നത്. പക്ഷേ സാമൂഹിക രാഷ്ട്രീയ വിഷയങ്ങളിൽ ഇടപെടുന്ന തിനും, അവകാശങ്ങൾക്കായി നിലകൊള്ളാനും ഒരു പൊതുവേദി ഇനിയും ഉരുത്തിരിഞ്ഞുവന്നിട്ടില്ല. ഈ സാഹചര്യത്തിലാണ് വയനാട്ടിൽ സാന്നിദ്ധ്യമുള്ള 4 കത്തോലിയ്ക്കാ രൂപതകളുടെ കൂട്ടായ്മയായി ക്രിസ്ത്യൻ സിവിക് സർവ്വീസ് സൊസൈറ്റിക്കും (CCSS) അതിന്റെ അത്മായ പോഷക സംഘടനയായ ക്രിസ്ത്യൻ കൾച്ചറൽ ഫോറത്തിനും (CCF) രൂപം നൽകിയിട്ടുള്ളത്. മുമ്പ് ഞങ്ങൾ ഓർമ്മ പ്പെടുത്തിയിട്ടുള്ളതുപോലെ വയനാട്ടിലെ കത്തോലിയ്ക്കാ സമുദായ നേതാക്കൾ ഒരുമിച്ച് വന്ന് നമ്മുടെ സമുദായത്തിന്റെ ആവശ്യങ്ങൾക്കും അവകാശങ്ങൾക്കും വേണ്ടി പ്രവർത്തിക്കാൻ തയ്യാറാകേണ്ടത് നമ്മുടെ തന്നെയും മറ്റ് സമുദായങ്ങളുടേയും പുരോഗതിക്ക് അത്യാവശ്യമാണ്.

ഈ വരുന്ന ഒക്ടോബർ 5-ന് മാനന്തവാടിയിൽവെച്ച് സി.സി.എസ്.എസ്.ന്റെ നേതൃത്വത്തിൽ വിശ്വാസ പ്രഘോഷണറാലി നടത്തപ്പെടുകയാണ്. മലങ്കര സഭയുടെ പരമാദ്ധ്യക്ഷൻ കർദ്ദിനാൾ മാർ ക്ലീമിസ് കാതോലിക്കാ ബാവ പരിപാടിയിൽ മുഖ്യാതിഥി ആയിരിക്കും. വയനാട്ടിലെ ജനസംഖ്യയിൽ 22.5% വരുന്ന ക്രൈസ്തവരുടെ കൂട്ടായ്മയുടെ ശബ്ദമായും അടയാളമായും ഇത് മാറണമെന്നാണ്

ഞങ്ങൾ ആഗ്രഹിക്കുന്നത്. അതിനാൽ മുഴുവൻ ഇടവകകളിൽനിന്നും ദൈവജനം ഇതിൽ പങ്കുചേരണം. അതിനാവശ്യമായ ഒരുക്കങ്ങൾ വികാരിമാരും, പാരീഷ്കൗൺസിലും, സംഘടനാ ഭാരവാഹികളും ചെയ്യണമെന്ന് പ്രത്യേകം താൽപര്യപ്പെടുന്നു.

റാലിയുടെ വിജയത്തിനായി സെപ്തംബർ 22-ാം തീയതി ഞായറാഴ്ച പ്രത്യേക സ്തോത്രകാഴ്ച എടുത്ത് രൂപതാ കേന്ദ്രത്തിൽ എത്തിക്കണമെന്ന് അറിയിക്കുന്നു. റാലിയുടെ വിശദാംശങ്ങൾ ഇടവകകളിലേക്ക് പിന്നീട് അറിയിക്കുന്നതാണ്.

നിങ്ങൾക്ക് എല്ലാവർക്കും ദൈവാനുഗ്രഹം സമൃദ്ധമായി നേരുന്നു,

**മാർ ജോസഫ് പണ്ടാരശേരിൽ**
(കോട്ടയം രൂപത സഹായ മെത്രാൻ)

**ജോസഫ് മാർ തോമസ്**
(ബത്തേരി രൂപതയുടെ മെത്രാപ്പോലീത്താ)

**ബിഷപ്പ് വർഗീസ് ചക്കാലയ്ക്കൽ**
(കോഴിക്കോട് രൂപത മെത്രാൻ)

**മാർ ജോസ് പൊരുന്നേടം**
(മാനന്തവാടി രൂപത മെത്രാൻ)

---

NB:- ഈ സർക്കുലർ സെപ്തംബർ 15-ന് ഞായറാഴ്ച വയനാട് ജില്ലയിലെ എല്ലാ കത്തോലിക്കാ ദേവാലയങ്ങളിലും വായിക്കേണ്ടതാണ്.

# ലോകമിഷൻ ഞായർ-2013

## മാർപാപ്പായുടെ സന്ദേശം

**പ്രിയ സഹോദരീ സഹോദരന്മാരേ,**

ഈ വർഷം ലോകമിഷൻ ദിനം ആചരിക്കുമ്പോൾ, വിശ്വാസ വർഷാചരണം അവസാനിക്കുകയാണ്. വിശ്വാസവർഷാചരണം കർത്താവുമായുള്ള നമ്മുടെ സൗഹൃദവും ധീരതയോടെ സുവിശേഷം പ്രസംഗിക്കുന്ന സഭയെന്ന നിലയിലുള്ള നമ്മുടെ യാത്രയും ശക്തിപ്പെടുത്താനുള്ള സുപ്രധാനമായ ഒരു സന്ദർഭമായിരുന്നു. ഈ സാഹചര്യത്തിൽ ചില ചിന്തകൾ നിങ്ങളുമായി പങ്കുവയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

1. ദൈവം തന്ന അമൂല്യദാനമാണ് വിശ്വാസം. അവിടുത്തെ അറിയാനും സ്നേഹിക്കാനും വേണ്ടി അതു നമ്മുടെ മനസ്സുകളെ തുറക്കുന്നു. നമ്മോടു ബന്ധം സ്ഥാപിക്കാനും തന്റെ ജീവനിൽ നമ്മെ പങ്കുചേർക്കാനും ദൈവം ആഗ്രഹിക്കുന്നു. നമ്മുടെ ജീവിതം കൂടുതൽ അർത്ഥപൂർണവും കൂടുതൽ മേന്മയുള്ളതും കൂടുതൽ സുന്ദരവും ആക്കുന്നതിനായി ദൈവം നമ്മെ സ്നേഹിക്കുന്നു!

എന്നാൽ വിശ്വാസം സ്വീകരിക്കപ്പെടണം. നമ്മുടെ വ്യക്തിപരമായ പ്രത്യുത്തരം അതിന് ആവശ്യമാണ്. ദൈവത്തിനു നമ്മെത്തന്നെ സമർപ്പിക്കാനും അവിടുത്തെ സ്നേഹം ജീവിക്കാനും അവിടുത്തെ അനന്തകാരുണ്യത്തോടു നന്ദി കാണിക്കാനും ആവശ്യമായ ധീരത നമുക്കുണ്ടാകണം. കുറച്ചുപേർക്കു മാത്രമായി കരുതിവച്ചിട്ടുള്ള ദാനമല്ല വിശ്വാസം. അത് ഉദാരതയോടെ നല്കപ്പെടുന്നു. ദൈവത്താൽ സ്നേഹിക്കപ്പെടുന്നതിന്റെ സന്തോഷം, രക്ഷയുടെ സന്തോഷം അനുഭവിക്കാൻ ഒരോ വ്യക്തിക്കും കഴിയണം.

ഈ ദാനം ഒരു വ്യക്തി സ്വകാര്യസ്വത്തായി വയ്ക്കാൻ പാടില്ല. അതു പങ്കുവയ്ക്കപ്പെടണം. അല്ലെങ്കിൽ നാം ഒറ്റപ്പെട്ടവരും ഫലശൂന്യരും രോഗികളുമായിത്തീരും. സുവിശേഷപ്രഘോഷണം ക്രിസ്തു ശിഷ്യരായിരിക്കുകയെന്നതിന്റെ ഭാഗമാണ്. സഭയുടെ മുഴുവൻ ജീവിതത്തെയും സജീവവും പ്രവർത്തനനിരതവുമാക്കുന്ന സുസ്ഥിരമായ സമർപ്പണമാണത്.

“മിഷ്യൻ പ്രവർത്തനം സഭാസമൂഹത്തിന്റെ പക്വതയുടെ വ്യക്തമായ അടയാളമാണ്” (ബെനഡിക്ട് 16-ാമൻ, *കർത്താവിന്റെ വചനം*,95). ഓരോ സമൂഹവും വിശ്വാസം ഏറ്റുപറയുകയും ലിറ്റർജിയിൽ അതു സന്തോഷപൂർവം ആഘോഷിക്കുകയും, പരസ്നേഹത്തോടെ ജീവിക്കുകയും വേണം. ദൈവവചനം അവസാനമില്ലാതെ പ്രഘോഷിക്കുകയും “അതിർത്തികളിലേക്ക്”, പ്രത്യേകിച്ച്, ക്രിസ്തുവിനെ അറിയാൻ അവസരം ലഭിക്കാത്തവരിലേക്ക്, എത്തിച്ചുകൊടുക്കാൻ തയ്യാറാവുകയും ചെയ്യണം. അപ്പോൾ അത് പക്വത പ്രാപിച്ചതാകും. നമ്മുടെ വിശ്വാസത്തിന്റെ ശക്തി വ്യക്തിപരവും സമൂഹപരവുമായ തലങ്ങളിൽ അളക്കപ്പെടുന്നത്, മറ്റുള്ളവരിലേക്ക് അതു പകരാനും വ്യാപിപ്പിക്കാനും പരസ്നേഹത്തിൽ അതു ജീവിക്കാനും നാം കണ്ടുമുട്ടുന്നവരുടെയും നമ്മുടെ ജീവിതപാതയിൽ നമ്മോടൊപ്പമായിരിക്കുന്നവരുടെയും മുമ്പിൽ അതിനു സാക്ഷ്യം വഹിക്കാനുമുള്ള കഴിവനുസരിച്ചാണ്.

2. രണ്ടാം വത്തിക്കാൻ കൗൺസിൽ ആരംഭിച്ചിട്ട് അമ്പതു വർഷം കഴിഞ്ഞപ്പോൾ ആചരിച്ച വിശ്വാസവർഷം മുഴുവൻ സഭയ്ക്കും ഒരു പ്രചോദനമായിരുന്നു. സമകാലീനലോകത്ത് സഭയുടെ *സാന്നിധ്യത്തെക്കുറിച്ചുള്ള നവീകൃതമായ ബോധത്തെയും* ജനങ്ങളുടെയും രാഷ്ട്രങ്ങളുടെയും ഇടയിൽ അതിനുള്ള *ദൗത്യത്തെയും* സംബന്ധിച്ച പ്രചോദനം വിശ്വാസവർഷം നല്കി. പ്രേഷിത ചൈതന്യം ഭൂമിശാസ്ത്രപരമായ അതിർത്തികൾക്കപ്പുറം പിന്നെയോ ജനതകളെയും സംസ്കാരങ്ങളെയും വ്യക്തികളെയും കൂടി സംബന്ധിച്ചുള്ളതാണ്. എന്തെന്നാൽ വിശ്വാസത്തിന്റെ “അതിരുകൾ” സ്ഥലങ്ങളെയും മാനുഷിക പാരമ്പര്യങ്ങളെയും മാത്രമല്ല ഉല്ലംഘിക്കുന്നത്. പിന്നെയോ ഒരോ മനുഷ്യവ്യക്തിയുടെയും ഹൃദയത്തെക്കൂടി ഉല്ലംഘിക്കുന്നുണ്ട്.

പ്രേഷിതവേല, വിശ്വാസത്തിന്റെ അതിർത്തികളെ വിപുലപ്പെടുത്തുകയെന്നത് മാമ്മോദീസ സ്വീകരിച്ച ഓരോ വ്യക്തിയുടെയും എല്ലാ ക്രൈസ്തവ സമൂഹങ്ങളുടെയും കടമയായിരിക്കുന്നതെങ്ങനെയെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ സവിശേഷമാംവിധം ഊന്നിപ്പറഞ്ഞിട്ടുണ്ട്. അതിന്റെ കാരണം ഇതാണ്: “ദൈവജനം സമൂഹങ്ങളായി ജീവിക്കുന്നു. പ്രത്യേകിച്ച് രൂപതകളിലും ഇടവകകളിലും ജീവിക്കുന്നു. അവയിൽ കൂടി അവർ ദൃശ്യരായിത്തീരുകയും ചെയ്യുന്നു. അതുകൊണ്ട് ക്രിസ്തുവിനു സാക്ഷ്യംവഹിക്കാനുള്ള കടമ സമൂഹ

ങ്ങളിലും നിക്ഷിപ്തമായിരിക്കുന്നു" (*രണ്ടാംവത്തിക്കാൻ*, പ്രേഷിത പ്രവർത്തനം 37).

തന്മൂലം ജറുസലെമിലും യൂദയായിലും സമറിയായിലും ഭൂമിയുടെ അതിരുകൾവരെയും തന്റെ സാക്ഷികളായിരിക്കാൻ (അപ്പ 1:8) അപ്പസ്തോലന്മാർക്ക് യേശു നല്കിയ കല്പന തങ്ങൾക്കു നല്കപ്പെട്ടതാക്കാൻ ഓരോ സമൂഹവും വെല്ലുവിളിക്കപ്പെടുന്നുണ്ട്. ഇത് ക്രൈസ്തവജീവിതത്തിന്റെ സത്താപരമായ കാര്യമാണ്. നമ്മുടെ സഹോദരീസഹോദരന്മാരോടൊപ്പം ക്രിസ്തുവിലുള്ള നമ്മുടെ വിശ്വാസം പ്രഘോഷിച്ചും അതിനു സാക്ഷ്യം വഹിച്ചും സുവിശേഷത്തിന്റെ മുന്നോടികളായിത്തീർന്നും ലോകത്തിന്റെ തെരുവീഥികളിലൂടെ മുന്നേറാൻ നാമെല്ലാവരും ക്ഷണിക്കപ്പെട്ടിരിക്കുന്നു.

പരിശീലിപ്പിക്കലിലും അജപാലനപരമായ കർമ്മപരിപാടികളിലും ഈ മിഷണറിമാനത്തിന് പ്രധാനസ്ഥാനം നല്കാൻ മെത്രാന്മാരെയും വൈദികരെയും വൈദിക-അജപാലക-കൗൺസിലുകളെയും സഭയിൽ ഉത്തരവാദിത്വം വഹിക്കുന്ന ഓരോ വ്യക്തിയെയും ഞാൻ ക്ഷണിക്കുന്നു. രാഷ്ട്രങ്ങൾക്കും ജനതകൾക്കും മുമ്പിൽ ക്രിസ്തുവിനു സാക്ഷ്യം വഹിക്കുകയെന്നത് ലക്ഷ്യമാക്കുന്നില്ലെങ്കിൽ അവരുടെ അപ്പസ്തോലിക സമർപ്പണം പൂർണമാകുന്നില്ലെന്നു അവർ മനസ്സിലാക്കണം. ഈ പ്രേഷിതവശം ക്രൈസ്തവജീവിതത്തിന്റെ സകല വശങ്ങളെയും സ്പർശിക്കുന്നു. അത് വെറും കർമ്മപരിപാടിപരമായ കാര്യമല്ലെന്ന് അർത്ഥം.

3. സുവിശേഷവത്കരണ പ്രവർത്തനം മിക്കപ്പോഴും ബാഹ്യമായ തടസ്സങ്ങളെ മാത്രമല്ല, സഭാത്മകസമൂഹത്തിൽ നിന്നു തന്നെയുണ്ടാകുന്ന തടസ്സങ്ങളെയും നേരിടേണ്ടിവരുന്നുണ്ട്. ക്രിസ്തുവിന്റെ സന്ദേശം എല്ലാവരോടും പ്രഘോഷിക്കാനും നമ്മുടെ കാലഘട്ടത്തിലെ മനുഷ്യരെ ക്രിസ്തുവുമായുള്ള കണ്ടുമുട്ടലിലേക്കു നയിക്കാനും വേണ്ടത്ര തീക്ഷ്ണതയും സന്തോഷവും ധൈര്യവും പലരും കാണിക്കുന്നില്ല. സുവിശേഷ സത്യത്തിന്റെ പ്രഘോഷണം മറ്റുള്ളവരുടെ സ്വാതന്ത്ര്യത്തിന്മേലുള്ള കടന്നാക്രമണമാണെന്ന് ഇപ്പോഴും ചിന്തിക്കുന്നവരുണ്ട്. പോൾ ആറാമൻ മാർപാപ്പാ ഇതിനെപ്പറ്റി ശക്തമായ ഭാഷയിൽ ഇങ്ങനെ പറഞ്ഞു: "നമ്മുടെ സഹോദരന്മാരുടെ മനസ്സാക്ഷിയിൽ എന്തെങ്കിലും അടിച്ചേല്പിക്കുന്നത് പിശകാകാം. എന്നാൽ സുവിശേഷ സത്യത്തെയും യേശുക്രിസ്തുവിലുള്ള രക്ഷയെയും കുറിച്ച്, തികഞ്ഞ

വ്യക്തതയോടും തിരഞ്ഞെടുക്കാൻ അനുവദിക്കുന്ന സ്വാതന്ത്ര്യത്തോടുള്ള തികഞ്ഞ ആദരവോടും കൂടി, നിർദ്ദേശിക്കുന്നത് ഈ സ്വാതന്ത്ര്യത്തിനു തന്നെ നല്കുന്ന ബഹുമതിയാണ്" (*എവാഞ്ചെലീ നൂൺസിയാന്തി,* 80).

ക്രിസ്തുവുമായുള്ള ഒരു കണ്ടുമുട്ടലിന് മറ്റുള്ളവർക്ക് ആദരപൂർവം നിർദ്ദേശം നല്കാൻ നമുക്ക് കഴിയണം. അവിടത്തെ സുവിശേഷത്തിന്റെ മുന്നോടികളായിരിക്കാൻ വേണ്ട ധൈര്യവും സന്തോഷവും നമുക്ക് ഉണ്ടായിരിക്കണം. രക്ഷയുടെ വഴി കാണിക്കാൻ യേശു നമ്മുടെയിടയിൽ വന്നു. അത് ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും അറിയിക്കാനുള്ള ദൗത്യം നമ്മെ ഏല്പിച്ചു. അക്രമവും നുണകളും അബദ്ധങ്ങളുമുള്ള നമ്മുടെ ഇക്കാലത്ത് സുവിശേഷത്തിന്റെ നന്മയെപ്പറ്റി പ്രഘോഷിക്കുകയും അതിനു സാക്ഷ്യം വഹിക്കുകയും ചെയ്യുക അത്യന്താപേക്ഷിതമാണ്. ഇത് സഭയുടെ ഉള്ളിൽ നിന്നു തന്നെ നടക്കണം.

ഓരോ സുവിശേഷ പ്രഘോഷകനും അടിസ്ഥാനപരമായ ഒരു തത്ത്വം ഒരിക്കലും മറക്കാൻ പാടില്ല. സഭയെക്കൂടാതെ ക്രിസ്തുവിനെ പ്രസംഗിക്കാൻ ഒരുവനും കഴിയുകയില്ല. സുവിശേഷവത്കരണം ഒറ്റപ്പെട്ട, വ്യക്തിപരമായ, സ്വകാര്യമായ പ്രവൃത്തിയല്ല, അത് എപ്പോഴും സഭാപരമാണ്. പോൾ ആറാമൻ മാർപാപ്പാ ഇങ്ങനെ എഴുതി: ഒരു മതപ്രഭാഷകനോ മതാധ്യാപകനോ അജപാലകനോ സുവിശേഷം പ്രസംഗിക്കുകയും ചെറിയൊരു സമൂഹത്തെ രൂപപ്പെടുത്തുകയും കൂദാശ നല്കുകയും ചെയ്യുന്നത് ഒറ്റയ്ക്കാണെങ്കിലും അയാൾ സഭാത്മകമായ ഒരു പ്രവൃത്തിയാണു ചെയ്യുന്നത്. തന്റേതെന്ന് അവകാശപ്പെടുന്ന ഒരു ദൗത്യത്തിന്റെ ബലം കൊണ്ടോ ഒരു പ്രചോദനത്തിന്റെ ഫലമായിട്ടോ അല്ല അങ്ങനെ ചെയ്യുന്നത്, പിന്നെയോ സഭയുടെ ദൗത്യത്തോടുള്ള ഐക്യത്തിലും സഭയുടെ നാമത്തിലുമാണ് (*എവാഞ്ചെലീ നൂൺസിയാന്തി,* 60). ഇത് പ്രേഷിതവേലയ്ക്കു ശക്തി നല്കുന്നു. താൻ ഒരിക്കലും ഒറ്റപ്പെട്ടവനല്ലെന്നും പരിശുദ്ധാത്മാവിനാൽ സജീവമാക്കപ്പെട്ട ഒറ്റ ശരീരത്തിലെ അംഗമാണെന്നും ഓരോ മിഷണറിയും ഓരോ സുവിശേഷപ്രഘോഷകനും തോന്നാൻ അതു സഹായകമാകണം.

4. നമ്മുടെ കാലഘട്ടത്തിൽ പുതിയ മാധ്യമങ്ങളിലൂടെയുള്ള വിവരപ്രദാനത്തിന്റെ വ്യാപകമായ ചലനക്ഷമതയും സുഗമതയും ജന

ങ്ങളെയും വിജ്ഞാനത്തെയും അനുഭവത്തെയും സമ്മിശ്രമാക്കിയിട്ടുണ്ട്. ജോലിക്കുവേണ്ടി ഒരു ഭൂഖണ്ഡത്തിൽ നിന്ന് മറ്റൊന്നിലേക്ക് കുടുംബം മുഴുവനായി കുടിയേറുന്നു. വൈദഗ്ധ്യത്തിന്റെയും സംസ്കാരത്തിന്റെയും പരസ്പര കൈമാറ്റം, ടൂറിസം എന്നിവയും അതുപോലുള്ള മറ്റു പ്രതിഭാസങ്ങളും ജനങ്ങളുടെ വലിയ തോതിലുള്ള സ്ഥലംമാറ്റത്തിനു കാരണമായിട്ടുണ്ട്. ഇടവകസമൂഹത്തിൽ പോലും സ്ഥിരവാസികളെയും താത്കാലികവാസികളെയും തിരിച്ചറിയാൻ പ്രയാസമായിരിക്കുന്നു.

കൂടാതെ, പരമ്പരാഗതമായി ക്രൈസ്തവമായിരുന്ന പ്രദേശങ്ങളിൽ ഇന്ന് വിശ്വാസം പരിചയമില്ലാത്തവരുടെയും മതത്തോടു നിസ്സംഗത പുലർത്തുന്നവരുടെയും മറ്റുമതങ്ങളാൽ പ്രചോദിപ്പിക്കപ്പെട്ടവരുടെയും സംഖ്യ കൂടിക്കൂടി വരുന്നു. അതുകൊണ്ട് മാമ്മോദീസ സ്വീകരിച്ച ചിലർ വിശ്വാസത്തിൽ നിന്ന് അകറ്റുന്ന ജീവിതശൈലി തിരഞ്ഞെടുക്കുന്നു. തന്മൂലം അവരുടെയിടയിൽ നവസുവിശേഷവത്കരണം അത്യാവശ്യമായിരിക്കുന്നു. ഇതിനുപുറമേ മനുഷ്യവംശത്തിലെ വലിയൊരു വിഭാഗത്തിലേക്ക് യേശുക്രിസ്തുവിന്റെ സന്ദേശം എത്തിച്ചേർന്നിട്ടില്ലെന്ന അവസ്ഥയുമുണ്ട്.

നാം ഇപ്പോൾ ഒരു വിഷമസ്ഥിതിയിലാണു ജീവിക്കുന്നത്. അസ്തിത്വത്തിന്റെ വിവിധ മേഖലകളെ – സാമ്പത്തികത, പണം, ഭക്ഷ്യസുരക്ഷിതത്വം, പരിസ്ഥിതി മുതലായവയെ – മാത്രമല്ല അതു സ്പർശിക്കുന്നത്. പിന്നെയോ ജീവിതത്തിന്റെ കൂടുതൽ അഗാധമായ അർത്ഥവും അതിനെ സജീവമാക്കുന്ന മൗലികമൂല്യങ്ങളും ഉൾക്കൊള്ളുന്ന കാര്യങ്ങളെകൂടി അതു സ്പർശിക്കുന്നുണ്ട്.

മാനുഷിക സഹാസ്തിത്വം പോലും സംഘർഷങ്ങളും സംഘട്ടനങ്ങളുമുള്ളതായിരിക്കുന്നു. അത് അരക്ഷിതത്വത്തിനു കാരണമാകുന്നു. സ്ഥിരസമാധാനത്തിലേക്കുള്ള ശരിയായ വഴി കണ്ടെത്തുകയെന്നത് പ്രയാസമുള്ള കാര്യമാക്കുന്നു. സങ്കീർണമായ ഈ സാഹചര്യത്തിൽ, ഇപ്പോഴത്തെയും ഭാവിയിലെയും ചക്രവാളങ്ങളെ കറുത്ത കാർമേഘങ്ങൾ മൂടുന്നുവെന്നു തോന്നുമ്പോൾ, ധീരതയോടെ ക്രിസ്തുവിന്റെ സുവിശേഷം പ്രഘോഷിക്കപ്പെടണം. അതു പ്രത്യാശയുടെയും അനുരഞ്ജനത്തിന്റെയും കൂട്ടായ്മയുടെയും സന്ദേശമാണ്. അത് ദൈവത്തിന്റെ സാമീപ്യത്തെയും കാരുണ്യത്തെയും രക്ഷയെയും കുറിച്ചുള്ള

പ്രഘോഷണമാണ്; തിന്മയുടെ അന്ധകാരത്തെ കീഴടക്കാനും നന്മയുടെ വഴിയേ നമ്മെ നയിക്കാനും ദൈവത്തിനുള്ള സ്നേഹത്തിന്റെ ശക്തിക്കു കഴിയുമെന്ന പ്രഘോഷണമാണത്.

നമ്മുടെ കാലഘട്ടത്തിലെ മനുഷ്യർക്ക് അവരുടെ വഴിയിൽ പ്രകാശം വീശുന്ന സുരക്ഷിതമായ ഒരു വിളക്കു വേണം. അതു നല്കാൻ ക്രിസ്തുവുമായുള്ള കണ്ടുമുട്ടലിനേ കഴിയുകയുള്ളൂ. അതിനാൽ, നമുക്ക്, നമ്മുടെ സാക്ഷ്യത്തിലൂടെ വിശ്വാസം നല്കിയ സ്നേഹവും പ്രത്യാശയും ഈ ലോകത്തിനു നല്കാം. സഭയുടെ മിഷണറി ചൈതന്യം മതം മാറ്റത്തെ സംബന്ധിക്കുന്ന ഒന്നല്ല. പിന്നെയോ അത് ജീവിതസാക്ഷ്യമാണ്. പ്രത്യാശയെയും സ്നേഹത്തെയും പ്രദാനം ചെയ്യുന്ന പാതയെ അത് പ്രകാശിപ്പിക്കുന്നു. സഭ ഒരു ദുരിതാശ്വാസ പ്രവർത്തനസംഘടനയോ എൻജിഓയോ അല്ല. പിന്നെയോ പരിശുദ്ധാത്മാവിനാൽ പ്രചോദിപ്പിക്കപ്പെട്ട ആളുകളുടെ ഒരു സമൂഹമാണ്. അവർ യേശുവുമായുള്ള കണ്ടുമുട്ടലിന്റെ വിസ്മയത്തിൽ ജീവിച്ചവരും അതിൽ ജീവിക്കുന്നവരുമാണ്. കർത്താവു നമുക്കു തന്ന രക്ഷാകരസന്ദേശം, അഗാധമായ സന്തോഷത്തിന്റെ അനുഭവം, പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്നവരുമാണ്. ഈ പാതയിൽ സഭയെ നയിക്കുന്നതു പരിശുദ്ധാത്മാവാണ്.

5. ക്രിസ്തുവിന്റെ സദ്വാർത്തയുടെ വാഹകരാകാൻ ഓരോ വ്യക്തിയെയും പ്രോത്സാഹിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. മിഷണറിമാരോട്, ഫീദേയി ദോണും വൈദികരോട്, സന്ന്യസ്തരോട്, അല്മായരോട്, ഞാൻ പ്രത്യേകമാം വിധം നന്ദിപറയുന്നു. ആ പ്രേഷിതരുടെ സംഖ്യ വർധിച്ചുകൊണ്ടാണിരിക്കുന്നത്. അവർ കർത്താവിന്റെ വിളി കേൾക്കുകയും വ്യത്യസ്ത പ്രദേശങ്ങളിലും സംസ്കാരങ്ങളിലും സുവിശേഷത്തിനു സേവനം ചെയ്യാൻ സ്വന്തം നാട് ഉപേക്ഷിച്ചു പോകുകയും ചെയ്യുന്നു.

എന്നാൽ ഈ യുവസഭകൾ പ്രയാസത്തിൽ കഴിയുന്ന സഭകളിലേക്ക് – മിക്കപ്പോഴും പുരാതന ക്രൈസ്തപാരമ്പര്യമുള്ള സഭകളിലേക്ക് – ഉദാരതയോടെ മിഷണറിമാരെ അയയ്ക്കുന്നുണ്ടെന്ന വസ്തുത സന്തോഷകരമാണ്. അവർ അങ്ങനെ, ജീവിതത്തെ നവീകരിക്കുകയും പ്രത്യാശ നല്കുകയും ചെയ്യുന്നു. വിശ്വാസത്തിൽ ജീവിക്കുന്നതിന്റെ നവീനതയും തീക്ഷ്ണതയും അവർ കൊണ്ടുവരുന്നു.

“ആകയാൽ നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ” (മത്താ 28:19) എന്ന കർത്താവിന്റെ കല്പനയോടു പ്രത്യുത്തരിച്ചുകൊണ്ട് ഈ സാർവത്രികമാനത്തിൽ ജീവിക്കുകയെന്നത്, ഓരോ പ്രാദേശികസഭയ്ക്കും ഓരോ സമൂഹത്തിനും സമ്പന്നത നല്കുന്ന ഒന്നാണ്. കാരണം, മിഷണറിമാരെ അയയ്ക്കുകയെന്നത് ഒരിക്കലും ഒരു നഷ്ടമല്ല. പിന്നെയോ ലാഭമാണ്.

പരിശുദ്ധാത്മാവിനോട് ഉദാരതയോടെ പ്രത്യുത്തരിക്കാനുള്ള ഈ ആഹ്വാനം അനുഭവിക്കുന്ന എല്ലാവരോടും അവരുടെ ജീവിതാവസ്ഥയ്ക്കു ചേർന്നവിധം ഭയപ്പെടാതെ കർത്താവിനോട് ഔദാര്യം കാണിക്കാൻ ഞാൻ അഭ്യർത്ഥിക്കുന്നു. പുറജാതികളുടെയിടയിലുള്ള പ്രേഷിതവേലയ്ക്കായി ഉണ്ടാകുന്ന വിളിയെ ദീർഘവീക്ഷണത്തോടും സൂക്ഷ്മമായ തിരിച്ചറിവോടും കൂടി പിന്താങ്ങാൻ മെത്രാന്മാരെയും കുടുംബങ്ങളെയും സന്ന്യസ്ത സമൂഹങ്ങളെയും എല്ലാ ക്രൈസ്തവ ഗ്രൂപ്പുകളെയും ഞാൻ ക്ഷണിക്കുകയും ചെയ്യുന്നു. വൈദികരെ ആവശ്യമുള്ള സഭകളെ സഹായിക്കാൻ, അങ്ങനെ ക്രൈസ്തവസമൂഹത്തെ ശക്തിപ്പെടുത്താൻ, ഞാൻ എല്ലാവരെയും ക്ഷണിക്കുന്നു. ഒരേ എപ്പിസ്കോപ്പൽ കോൺഫ്രൻസിന്റെ അഥവാ റീജിയന്റെ ഭാഗങ്ങളായുള്ള സഭകളിലും ഈ താത്പര്യം ഉണ്ടായിരിക്കണം. എന്തെന്നാൽ, ദൈവവിളികളാൽ സമ്പന്നമായ സഭകൾ ദൈവവിളികളില്ലാത്തവയെ കൂടുതൽ ഉദാരതയോടെ സഹായിക്കുകയെന്നത് സുപ്രധാന കാര്യമാണ്.

അതേസമയം, മിഷണറിമാർ പ്രത്യേകിച്ച്, ഫീദേയി ദോണും വൈദികരും അല്മായരും, അവർ അയയ്ക്കപ്പെട്ട സഭകളിലെ അമൂല്യ സേവനത്തിന്റെ സന്തോഷത്തിൽ ജീവിക്കണമെന്നും അവരുടെ മാതൃസഭകളിലേക്ക് അവരുടെ സന്തോഷവും അനുഭവവും കൊണ്ടുചെല്ലണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു. വിശുദ്ധ പൗലോസും ബർണബാസും അവരുടെ ആദ്യത്തെ പ്രേഷിതയാത്രയുടെ അവസാനം റിപ്പോർട്ടു ചെയ്തതെന്തെന്ന് ഓർമ്മിക്കുക. “തങ്ങൾ മുഖാന്തരം ദൈവം എന്തെല്ലാം പ്രവർത്തിച്ചുവെന്നും വിജാതീയർക്കു വിശ്വാസത്തിന്റെ വാതിൽ അവിടുന്ന് എങ്ങനെ തുറന്നു കൊടുത്തുവെന്നും” (അപ്പ 14:27) അവർ റിപ്പോർട്ടു ചെയ്തല്ലോ.

വിശ്വാസത്തിന്റെ “തിരിച്ചുവരവിനുള്ള” ഒരു പാതയായിത്തീരാൻ മിഷണറിമാർക്കു കഴിയും. പൗരാണിക ക്രൈസ്തവ പാരമ്പര്യമുള്ള സഭകളിലേക്ക് യുവസഭകളുടെ നവീനത കൊണ്ടുചെല്ലാനും അവർക്കു

കഴിയും. വിശ്വാസം പങ്കുവയ്ക്കുന്നതിനുള്ള സന്തോഷവും തീക്ഷ്ണതയും വീണ്ടും കണ്ടെത്താൻ ആ സഭകളെ സഹായിക്കാൻ അവർക്കു കഴിയും. കർത്താവിന്റെ പാത പിന്തുടരുന്നതിൽ പരസ്പരം സമ്പന്നരാക്കുന്ന പരസ്പര കൈമാറ്റത്തിലാണ് അതു നടക്കുന്നത്.

റോമിലെ മെത്രാൻ തന്റെ സഹോദരന്മാരായ മെത്രാന്മാരോടൊപ്പം പങ്കുവയ്ക്കുന്ന എല്ലാ സഭകളെയും സംബന്ധിച്ച താത്പര്യം പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികളിൽ സുപ്രധാന പ്രകാശനം കണ്ടെത്തുന്നു. മാമ്മോദീസ സ്വീകരിച്ച ഓരോ ക്രൈസ്തവന്റെയും ഓരോ സമൂഹത്തിന്റെയും പ്രേഷിതത്വപരമായ മനസ്സാക്ഷിയെ സജീവവും അഗാധവുമാക്കുകയെന്നതാണ് ആ സൊസൈറ്റികളുടെ ലക്ഷ്യം. മുഴുവൻ ദൈവജനത്തിനും കൂടുതൽ ആഴത്തിലുള്ള മിഷണറിപരിശീലനം ആവശ്യമാണെന്ന് ഓർമ്മിപ്പിച്ചുകൊണ്ട് ലോകത്തിൽ സുവിശേഷം വ്യാപിപ്പിക്കാൻ ക്രൈസ്തവസമൂഹങ്ങളെ പ്രോത്സാഹിപ്പിക്കുന്നു.

അവസാനമായി, തങ്ങളുടെ വിശ്വാസം പരസ്യമായി ഏറ്റുപറയുന്നതിലും യോഗ്യമായ വിധത്തിൽ വിശ്വാസം അഭ്യസിക്കാനുള്ള അവകാശം അനുഭവിക്കുന്നതിലും പ്രയാസം അനുഭവിക്കുന്ന ക്രൈസ്തവരെക്കുറിച്ച് ഒരു വാക്കു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അവർ നമ്മുടെ സഹോദരീ സഹോദരന്മാരാണ്. ധീരതയുള്ള സാക്ഷികളാണ്. അവരുടെ സംഖ്യ മുൻ നൂറ്റാണ്ടുകളിലെ രക്തസാക്ഷികളുടേതിനെക്കാൾ വലുതാണ്. അനേകതരത്തിലുള്ള സമകാലീന പീഡനരൂപങ്ങൾ അവർ അപ്പസ്തോലികമായ സ്ഥിരചിത്തതയോടെ സഹിക്കുന്നു. ക്രിസ്തുവിന്റെ സുവിശേഷത്തോട് വിശ്വസ്തത പുലർത്തുന്നതിൽ പലരും അപകടസാധ്യതയിൽ കഴിയുന്നു. അക്രമവും അസഹിഷ്ണുതയും സഹിക്കുന്ന വ്യക്തികളോടും കുടുംബങ്ങളോടും സമൂഹങ്ങളോടും പ്രാർത്ഥനയിലുള്ള എന്റെ അടുപ്പം ഞാൻ ഉറപ്പിച്ചു പറയുന്നു. കർത്താവു പറഞ്ഞ ആശ്വാസദായകമായ വാക്കുകൾ ഞാൻ ആവർത്തിക്കുന്നു: "ധൈര്യമുള്ളവരായിരിക്കുവിൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു" (യോഹ 16:33).

"കർത്താവിന്റെ വചനം വേഗത്തിൽ വ്യാപിക്കുകയും എല്ലായിടത്തും അത് മഹത്ത്വീകൃതമാകുകയും ചെയ്യും" (2 തെസ 3:1) എന്ന പ്രത്യാശ ബെനഡിക്ട് പതിനാറാമൻ മാർപാപ്പാ പ്രകടിപ്പിച്ചു. "ഈ വിശ്വാസവർഷം കർത്താവായ ക്രിസ്തുവിനോടുള്ള നമ്മുടെ ബന്ധത്തെ കൂടുതൽ കൂടുതൽ ശക്തിപ്പെടട്ടെ. എന്തെന്നാൽ,

ഭാവിയിലേക്ക് ഉറ്റുനോക്കാനുള്ള തീർച്ചയും യഥാർത്ഥവും സ്ഥിരവുമായ സ്നേഹത്തിന്റെ ഗ്യാരന്റിയും അവിടുന്നിൽ മാത്രമാണുള്ളത് (*വിശ്വാസത്തിന്റെ വാതിൽ*, 15). ഈ വർഷത്തെ ലോക മിഷൻദിനത്തെ സംബന്ധിച്ച എന്റെ പ്രത്യാശയും ഇതാണ്. ലോകത്തിന്റെ സകല ഭാഗങ്ങളിലും സുവിശേഷം പ്രഘോഷിക്കാനുള്ള സഭയുടെ ആ മൗലിക സമർപ്പണത്തോടൊത്തു പോകുകയും അതിനെ പിന്താങ്ങുകയും ചെയ്യുന്ന മിഷണറിമാരെയും മറ്റുള്ള സകലരെയും ഞാൻ ഹൃദയപൂർവം ആശീർവദിക്കുന്നു. നമുക്ക് അങ്ങനെ, "സുവിശേഷത്തിന്റെ ശുശ്രൂഷകരും പ്രേഷിതരുമെന്ന നിലയിൽ സുവിശേഷവത്കരണത്തിന്റെ സന്തോഷപൂർണവും ആശ്വാസദായകവുമായ സന്തോഷം" (പോൾ 6–ാമൻ, *എവാഞ്ചെലീ നൂൺസിയാന്തി*, 80 ) അനുഭവിക്കാൻ ഇടയാകട്ടെ.

*വത്തിക്കാനിൽ നിന്ന് 19 മേയ് 2013, പെന്തക്കുസ്താത്തിരുനാൾ ദിനം*

**ഫ്രാൻസിസ് മാർപാപ്പാ**

## മിഷൻ ഞായറിനോടനുബന്ധിച്ച് പൊന്തിഫിക്കൽ മിഷൻ ഓർഗനൈസേഷൻ നൽകുന്ന അറിയിപ്പ്

മിഷൻഞായർ (ഒക്ടോബർ 20, 2013) അടുത്തുവരുകയാണല്ലോ. മിഷണറിമാരായിതീരേണ്ട ആവശ്യകതയെ ബോധ്യപ്പെടുത്തുന്നതിനാണല്ലോ നാം മിഷൻ ഞായർ ആചരിക്കുന്നത്. യേശുവിനെ ലോകത്തിനുമുഴുവൻ പരിചയപ്പെടുത്തികൊടുക്കുക, അമൂല്യമായ ദൈവസ്നേഹം എല്ലാവർക്കും അനുഭവവേദ്യമാക്കുക എന്ന നമ്മുടെ ഉത്തരവാദിത്വത്തിലേക്ക് നമ്മെതന്നെ പുന:സമർപ്പിക്കുന്നതിനുള്ള കാലമാണല്ലോ ഇത്. അതിനാൽ ഇടവകകളും രൂപതകളും ഒക്ടോബർമാസം മിഷൻമാസമായി ആചരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സുവിശേഷവത്കരണത്തേയും പ്രേഷിതപ്രവർത്തനങ്ങളെയും ഊർജ്ജിതപ്പെടുത്തുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം. ഇങ്ങനെ നമുക്ക് പകർന്നുകിട്ടിയ വിശ്വാസം കൂടുതൽ വ്യാപിപ്പിക്കാൻ സാധിക്കുമ്പോഴാണ് നമ്മുടെ 'വിശ്വാസവർഷാചരണം' അർത്ഥവത്താകുന്നത്.

ഈ ലക്ഷ്യബോധത്തിന്റെ ഫലമായി നമ്മുടെ പ്രേഷിതത്വം കൂടുതൽ ചലനാത്മകമായി "ഈ ലോകത്തുള്ള എല്ലാ വ്യക്തികളും യേശുവിനെ അറിഞ്ഞ് സ്വീകരിക്കുന്നതുവരെ ഞാൻ വിശ്രമിക്കില്ല" എന്ന് ഓരോ വിശ്വാസിക്കും പറയാൻ സാധിക്കണം. ഈ പ്രേഷിത തീക്ഷ്ണതയിൽ നിന്ന് ഓരോ വിശ്വാസിക്കും അവനവന്റെ കഴിവിന്റെ പരമാവധി, ആളായും അർത്ഥമായും, സംഭാവനചെയ്യാൻ സാധിക്കുംവിധം പ്രചോദനം ലഭിക്കണം. നമ്മുടെ മിഷണറിപ്രവർത്തനങ്ങളുടെ ആവശ്യം ദൈനംദിനം വർദ്ധിച്ചുവരികയാണ് എന്ന ചിന്തയും നിങ്ങളുടെ മനസ്സിലുണ്ടാകണം.

മിഷൻ പ്രവർത്തനങ്ങൾക്കായുള്ള നിങ്ങളുടെ പ്രാർത്ഥനക്കും, സഹായസഹകരണങ്ങൾക്കും നന്ദിപറഞ്ഞുകൊണ്ട്,

യേശുവിൽ

**റവ. ഫാ. ഫൗസ്റ്റീൻ എൽ. ലോബോ**

നാഷണൽ ഡയറക്ടർ PMS ഇന്ത്യ

# രൂപതാകച്ചേരി വാർത്തകൾ

### സ്നേഹസ്മരണ

സെപ്റ്റംബർ 19-ാം തീയതി ബഹു. ജോർജ് കഴിക്കച്ചാലിൽ, ബഹു. മാത്യു ഇല്ലിയ്ക്കൽ എന്നീ ബഹു. വൈദികരുടെ ചരമദിനമാണ്. അന്നേദിവസം അവരെ നമ്മുടെ പ്രാർത്ഥനകളിലും വി. കുർബാനയിലും പ്രത്യേകം അനുസ്മരിക്കാം.

### പാസ്റ്ററൽ കൗൺസിൽ

മാനന്തവാടി രൂപതയിലെ പാസ്റ്ററൽ കൗൺസിലിന്റെ ഒരു യോഗം 2013 ഒക്ടോബർ 12-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് ദ്വാരക പാസ്റ്ററൽ സെന്ററിൽ ചേരുന്നതാണ്. അംഗങ്ങൾ എല്ലാവരും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. വിശദവിവരങ്ങൾ അംഗങ്ങളെ കത്ത് മുഖേന അറിയിക്കുന്നതാണ്.

### കൂരിയ അവധി

ബഹുമാനപ്പെട്ട വൈദികരുടെ വാർഷികധ്യാനം പ്രമാണിച്ച് സെപ്റ്റംബർ 8 മുതൽ 13 വരെയും 22 മുതൽ 27 വരെയും രൂപതാ കൂരിയ അവധിയായിരിക്കും.

### പുതിയ ഫോൺനമ്പർ

റവ. ഫാ. ജെസ്റ്റിൻ മുത്താനിക്കാട്ട് - 08130496984

### മതബോധനദിനം

സെപ്റ്റംബർ 15-ാം തീയതി നമ്മുടെ രൂപതയിൽ മതബോധന ദിനമായി ആഘോഷിക്കുകയാണല്ലോ. ഈ വിശ്വാസവർഷത്തിൽ വിശ്വാസത്തിന്റെ കൈമാറ്റമെന്ന വലിയ ദൗത്യത്തിൽ പങ്കുചേരുന്ന ഏവരേയും ഓർക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം. അന്നേദിവസം വളരെ പ്രത്യേകമായി വിശ്വാസപരിശീലന രംഗത്ത് നമ്മുടെ ഇടവകകളിൽ ത്യാഗബുദ്ധിയോടെയും ആത്മാർത്ഥതയോടെയും സേവനം ചെയ്യുന്ന

അധ്യാപകരെ രൂപത മുഴുവന്റെയും കൃതജ്ഞതയും അനുമോദനങ്ങളും അറിയിക്കുകയും പ്രത്യേകം ആദരിക്കുകയും ചെയ്യുമല്ലോ. മാതാപിതാക്കളും അധ്യാപകരും ഇടവകജനം മുഴുവനും ബഹു. വികാരിയച്ചന്മാരോട് ചേർന്ന് നമ്മുടെ കുട്ടികളുടെ വിശ്വാസപരിശീലനത്തിൽ അതീവ ശ്രദ്ധ ചെലുത്തണമെന്ന കാര്യം മതബോധന ദിനം നമ്മെ ഓർമ്മപ്പെടുത്തുന്നു.

രൂപതയുടെ മതബോധനപ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്ന ബഹുമാനപ്പെട്ട റോയി വട്ടക്കാട്ടച്ചനെയും അച്ചനോടൊപ്പം പ്രവർത്തിക്കുന്ന രൂപതാ ടീം അംഗങ്ങളെയും ഇത്തരുണത്തിൽ നന്ദിയോടെ ഓർക്കുകയും അവർക്ക് എല്ലാവിധ ഭാവുകങ്ങളും വിജയങ്ങളും ആശംസിക്കുകയും ചെയ്യുന്നു.

രൂപത മതബോധനപ്രവർത്തനങ്ങൾ കൂടുതൽ ക്രിയാത്മകമാകുവാൻ സഹായകമായ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സഹകരണവും ഇടവകകളിൽ നിന്നും പ്രതീക്ഷിക്കുന്നു.

മതബോധനദിനത്തോടനുബന്ധിച്ച് മുൻകൂട്ടി ദൈവജനത്തെ ഉദ്ബോധിപ്പിക്കുകയും അന്നേദിവസം പ്രത്യേക സ്തോത്രക്കാഴ്ച സ്വീകരിച്ച് രൂപതാ കാര്യാലയത്തിൽ എത്തിക്കുകയും ചെയ്യേണ്ടതാണ്.

## ബഹു. വൈദികരുടെ വാർഷികധ്യാനം

നേരത്തെ അറിയിച്ചിരുന്നതുപോലെ നമ്മുടെ രൂപതയിലെ ബഹു. വൈദികരുടെ വാർഷികധ്യാനം 2 ബാച്ചുകളിലായി സെപ്റ്റംബർ 8 മുതൽ 13 വരെയും 22 മുതൽ 27 വരെയും ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുന്നതാണ്. ബഹു. ജോസഫ് പാംബ്ലാനി അച്ചനാണ് ധ്യാനം നയിക്കുന്നത്. തക്കതായ കാരണത്താൽ ധ്യാനത്തിൽ സംബന്ധിക്കാൻ സാധിക്കാത്തവർ എത്രയും വേഗം പാസ്റ്ററൽ സെന്റർ ഡയറക്ടർ ബഹു. ജോഷി പെരിയപ്പുറം അച്ചനെ വിവരം അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റു ചില കാര്യങ്ങൾകൂടി ഓർമ്മിപ്പിക്കട്ടെ.

1. ധ്യാനവിവരം മുൻകൂട്ടി ഇടവകകളിൽ അറിയിക്കുക. ഇതുവഴി ജനങ്ങൾക്ക് വൈദികർക്കുവേണ്ടി പ്രാർത്ഥിക്കാനും അവരുടെ ആവശ്യങ്ങൾ ക്രമീകരിക്കാനും സാധിക്കും.
2. ധ്യാനത്തിനു വരുമ്പോൾ കുർബാന കണക്ക് നിർബന്ധമായും കൊണ്ടുവരേണ്ടതാണ്. തക്കതായ കാരണത്താൽ ധ്യാനത്തിൽ സംബന്ധിക്കാൻ സാധിക്കാത്തവർ 2012 സെപ്റ്റംബർ മുതൽ 2013

ഓഗസ്റ്റ് 31 വരെയുള്ള ബൈനേഷന്റെ കണക്കുകൾ കത്തു മുഖേനയോ, ഫോൺ വഴിയോ സെപ്റ്റംബർ അവസാനത്തോടെയെങ്കിലും ബിഷപ്സ് ഹൗസിൽ അറിയിക്കേണ്ടതാണ്.

3. PPF-ന്റെ വരിസംഖ്യ നൽകാത്തവർ ധ്യാനത്തിന് വരുമ്പോൾ കൊണ്ടുവരണമെന്ന് ഓർമ്മിപ്പിക്കുന്നു.

4. വളരെ ഗൗരവതരമായ കാരണങ്ങളാൽ ധ്യാനത്തിൽ സംബന്ധിക്കാൻ സാധിക്കാത്തവർ ഡിസംബർ 31 ന് മുൻപായി എവിടെയെങ്കിലും ധ്യാനത്തിൽ സംബന്ധിച്ച് വിവരം അറിയിക്കുകയും കുർബാന കണക്കു പുസ്തകം ബഹുമാനപ്പെട്ട ജനറാളച്ചന്റെ പക്കൽ പരിശോധനയ്ക്ക് എത്തിക്കുകയും ചെയ്യേണ്ടതാണ്.

# ANNUAL RETREAT FOR PRIESTS

## Ist Batch - 2013 September 8 Sunday to 13 Friday

| SN | Rev.Frs. Housename & Name | SN | Rev.Frs. Housename & Name |
|---|---|---|---|
| 1 | Aikkarathazhath Joseph | 18 | Kattamkottil Thomas |
| 2 | Athickal Mathew | 19 | Keezheth Sebastian |
| 3 | Chelackapallil Thomas | 20 | Kocharackal Jose |
| 4 | Chettaniyil Thomas | 21 | Kochuparackal Mathew |
| 5 | Chettiyassery Joseph | 22 | Koipuram Sebastian |
| 6 | Choorapuzhayil John | 23 | Kokkandathil John |
| 7 | Chozhenparambil John | 24 | Korandiyarkunnel Paul |
| 8 | Edakkudiyil Mathew | 25 | Korattiparambil Vincent |
| 9 | Elayidathu Mani | 26 | Kottackal Stephen |
| 10 | Elemkunnel Sebastian | 27 | Kottaram Jose |
| 11 | Kachirayil Thomas | 28 | Kottayil Joseph |
| 12 | Kakkattikalayil Sebastian | 29 | Kulirany Jose |
| 13 | Kalambukattu Joseph | 30 | Kunnath Johny |
| 14 | Kalappura Alex | 31 | Kuttikattukunnel Thomas |
| 15 | Kallumgatharayil Agustine | 32 | Madathil Abraham |
| 16 | Kappiarumalayil John | 33 | Madathinakam Leopold |
| 17 | Kuttimakkal James | 34 | Mampallil Anto |

35 Mampallil George
36 Manakkunnel Thomas
37 Manchuvally Joseph
38 Mankottil James
39 Memana George
40 Moloparambil Jose
41 Moonnanal Justin
42 Moothedath Thomas
43 Mukkattukavunkal Thomas
44 Mulakudiyankal Varghese
45 Mulavelikunnel Jacob
46 Muthirakalayil Joseph
47 Muthukattil Shantidas
48 Myladoor George
49 Nanthikatt Joseph
50 Narikuzhy Jacob
51 Nedumkallel Joseph
52 Nellikunnel Francis
53 Nilackappillil Augustine
54 Olickal Thomas
55 Padinjarayil Mathew
56 Paikkatt Mathew
57 Painumkal George
58 Palakatt Augustine
59 Palath Joseph
60 Pariyappanal Thomas
61 Parunthanolil Thomas
62 Paruvummel Joseph
63 Periappuram Mathew
64 Perumattikunnel Mathew
65 Perumattikunnel Thomas
66 Ponparackal John
67 Ponthottiyil Thomas
68 Poovathinkal Peter
69 Pulinthanam Jose
70 Pullankunnel Chacko
71 Pulpayil Joseph
72 Punchayil Lucka
73 Puthenpura John
74 Puthukattil Mathew
75 Puthukulathil John
76 Thekkepera Mathew
77 Thondiparambil Joseph
78 Thondiparambil Sebastian
79 Thuruthel Kuriakose
80 Thuruthel Thomas
81 Valachannath Cyriac
82 Vadakkemulanjanal Michael
83 Valakodiyil Dominic
84 Vathelil Abraham
85 Vattakkatt Paul (Roy)
86 Vazhachalil Thomas
87 Vazhakatt Joseph
88 Vazhakkala Chackochan

**Religious Priests**

1 Kanjiramparambil Johny MSFS
2 Kizhakkelamthottam Cyriac CMF
3 Mullasseril Joy CSs R
4 Parakattukuzhiyil Chacko CMI
5 Poovakulath Jose SAC
6 Punchathalackal Rajeesh SJ
7 Parackal Antony SDV
8 Vadakkedath Saji MSFS

## II[nd] Batch - 2013 September 22 Sunday to 27 Friday

| SN | Rev.Frs. Housename & Name | SN | Rev.Frs. Housename & Name |
|---|---|---|---|
| 1 | Ambalathinkal Sebastian | 32 | Kuzhikandathil Joseph |
| 2 | Chakkittakudiyil James | 33 | Madapallikunnel Mathew |
| 3 | Chakkittukudy Jose | 34 | Madathil Sebastian |
| 4 | Changanamthundathil George | 35 | Malayil Mathew |
| 5 | Chempalayil Augustine | 36 | Manakkattumattam Paul |
| 6 | Elavanappara Sebastian | 37 | Manjakunnel Mathew |
| 7 | Elavunkal Johny | 38 | Mannoor Thomas |
| 8 | Iykkarakkanayil Thomas | 39 | Maplassery Lukose |
| 9 | Kalappura Jose | 40 | Mavara Stanislaus |
| 10 | Kalliyatt Devassia | 41 | Mecheril Joseph |
| 11 | Kallupura Johny | 42 | Meppurath Chacko |
| 12 | Kaniamattam Joseph | 43 | Moolayil Thomas |
| 13 | Kappiarumalayil Jose | 44 | Moothedath Mathew |
| 14 | Karukapally Joseph | 45 | Mundackamattam Jose |
| 15 | Karuthedath Mathew | 46 | Munjanattu Mathew |
| 16 | Kassamkuttiyil Sebastian | 47 | Muthukathaniyil Varghese |
| 17 | Kattamkottil Joseph | 48 | Muttathukunnel Joseph |
| 18 | Kattarath Mathew | 49 | Nechikatt Joseph |
| 19 | Kattuthuruthiyil Thomas | 50 | Ottaplackal Thomas |
| 20 | Kavalakkadan Varghese | 51 | Ousepparampil Joseph |
| 21 | Kavumkal Joseph | 52 | Padinjarayil George |
| 22 | Kazhuthadiyil Mathew | 53 | Painumkal Kuriakose |
| 23 | Kizhakkanputhupally Varghese | 54 | Palackeel Sebastian |
| 24 | Kizhakkumpuram George | 55 | Palathadathil George |
| 25 | Kochuparackal Kurian | 56 | Pallichankudiyil Mathai |
| 26 | Kollarthottam Mathew | 57 | Parambil Kuriakose |
| 27 | Koottala Paul | 58 | Parayil Sebastian |
| 28 | Kulathinal James | 59 | Peedikappara James |
| 29 | Kumbukal James | 60 | Perumattikunnel John |
| 30 | Kunnathett James | 61 | Pinakkatt Joseph |
| 31 | Kuthukallunkal Francis | 62 | Plassanal Thomas |

63 Poothakkuzhy Jacob
64 Pudussery Martin
65 Pudussery Vincent
66 Pullamkunnel Joy
67 Punakkatt Chandy
68 Punnakkapadavil Sebastian
69 Puthanapra Kurian
70 Puthenpurackal Mathew
71 Puthenpurayil Joseph (Sineesh)
72 Puthukulangara Thomas
73 Thamarasseril Vincent
74 Thanniyil Augustine
75 Thekkanady Jose
76 Therakam George
77 Therakam Thomas Joseph
78 Thuruthel Joseph
79 Thykunnumpuram Thomas
80 Unnippally Sebastian
81 Urumbil Joseph
82 Vadakkancheril Mathew
83 Vadayaparambil Jose
84 Vadayaparambil Sony
85 Valloppilly Joseph
86 Vattukunnel Issac
87 Vazhakkalayil Jose
88 Vazhayil Kurian

**Religious Priests**

1 Chalil Mathew CMI
2 Ellickal Chacko OFM
3 Kulangara Jose TOR
4 Parekattil Baby TOR
5 Pathazhathinkal Biju PSDP

**വെരി. റവ. ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

**പൊതുപിരിവുകൾ** (കഴിഞ്ഞ മാസത്തെ ബുള്ളറ്റിനിൽ ചേർക്കാൻ വിട്ടുപോയത്)

| | | | |
|---|---|---|---|
| മക്കിയാട് | മതബോധന ഞായർ | – | 1321 |
| പടമല | സ്നേഹനിധി | – | 6700 |

# വൈദിക സമ്മേളനം
# (Priests' Conference) റിപ്പോർട്ട്

മാനന്തവാടി രൂപതയിൽ സേവനം ചെയ്യുന്ന എല്ലാ വൈദികരുടെയും ഒരു സമ്മേളനം 2013 ആഗസ്റ്റ് 14-ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ചേർന്നു. അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് അധ്യക്ഷം വഹിച്ച സമ്മേളനം ബഹു. ഷിജു ഐക്കരക്കാനായിൽ അച്ചൻ നയിച്ച പ്രാർത്ഥനയോടെ ആരംഭിച്ചു. പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ ഏവർക്കും സ്വാഗതം ആശംസിച്ചു. രൂപതയിൽ പുതിയതായി സേവനത്തിനുവന്ന സന്യസ്ത വൈദികരെ പരിചയപ്പെടുത്തുകയും നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട റവ.ഫാ. ജോസഫ് മേമന, റവ.ഫാ. മാത്യു ചക്കാലയിൽ സി.എസ്.റ്റി. എന്നിവർ രൂപതയ്ക്ക് ചെയ്ത സേവനങ്ങളെ പ്രത്യേകമാംവിധം അനുസ്മരിക്കുകയും അവർക്കുവേണ്ടി എല്ലാവരും ഒന്നുചേർന്ന് പ്രാർത്ഥിക്കുകയും ചെയ്തു.

അഭിവന്ദ്യ പിതാവ് ഫൊറോന വികാരിമാരുടെ ചുമതലകൾ, അവകാശങ്ങൾ, പരിശോധനാവിഷയങ്ങൾ, അനുവാദങ്ങൾ എന്നിവയെക്കുറിച്ച് കാനൻ നിയമത്തിന്റെയും രൂപതാ നിയമാവലിയുടെയും വെളിച്ചത്തിൽ വിശദീകരിച്ചു. ഫൊറോന, ഇടവകതല ചർച്ചകളിൽ സിസ്റ്റേഴ്സിന്റെയും സന്യാസ വൈദികരോ സഹോദരന്മാരോ ഉണ്ടെങ്കിൽ അവരുടെയും പ്രതിനിധികളെ ഉൾപ്പെടുത്തണമെന്ന് സൂചിപ്പിച്ചു. സഭയിൽ സ്ത്രീകൾക്കുള്ള പ്രാധാന്യത്തെ അഭിവന്ദ്യ പിതാവ് ഫ്രാൻസീസ് മാർപ്പാപ്പയെ ഉദ്ധരിച്ചുകൊണ്ട് പ്രത്യേകം ഓർമ്മിപ്പിച്ചു. കൂടാതെ മാമ്മോദീസ, വിവാഹം, മൃതസംസ്കാരം മുതലായ കർമ്മങ്ങൾ കഴിഞ്ഞാൽ ഉടനെ വിശദ വിവരങ്ങൾ രജിസ്റ്ററുകളിൽ രേഖപ്പെടുത്തുക, രൂപതാ കേന്ദ്രത്തിൽ നൽകുന്ന അപേക്ഷകൾ അരമനപത്രത്തിൽതന്നെ രണ്ടു പകർപ്പുവീതം സമർപ്പിക്കുക, ആവശ്യമായ വിവിധ ഫോമുകൾ രൂപതാ കേന്ദ്രത്തിൽ നിന്നും വാങ്ങിച്ച് ഇടവകകളിൽ സൂക്ഷിക്കുക, വിവിധ ആവശ്യങ്ങൾക്കുള്ള അപേക്ഷകൾ സമർപ്പിക്കുമ്പോൾ, പ്രായപൂർത്തിയായവരുടേതാണെങ്കിൽ അവർ തന്നെ അപേക്ഷ എഴുതി സമർപ്പിക്കുക, അനുവാദങ്ങൾ ആവശ്യമായ വിവാഹ

ങ്ങൾ (ഉദാ: മിശ്രവിവാഹം, മതാന്തരവിവാഹം മുതലായവ) രൂപതാ കേന്ദ്രത്തിൽ നിന്നും അനുവാദം ലഭിച്ചതിനുശേഷം മാത്രം നടത്തിക്കൊടുക്കുക, എന്നീ കാര്യങ്ങളും പിതാവ് അറിയിച്ചു. കൂടാതെ SWS ന് പാരിഷ് കൗൺസിലിൽ പ്രാതിനിധ്യം നൽകുന്ന കാര്യം ചിന്തിക്കാവുന്നതാണെന്നും ആവശ്യമെങ്കിൽ നിയമപരിഷ്കാരം വരുത്തുന്നതാണെന്നും പിതാവ് സൂചിപ്പിച്ചു.

വൈദിക ക്ഷേമനിധി (PPF) സെക്രട്ടറി ബഹു. വർഗീസ് മുളകൊടിയാങ്കലച്ചൻ കണക്കുകൾ അവതരിപ്പിക്കുകയും അംഗീകാരം വാങ്ങുകയും ചെയ്തു. തുടർന്ന് രൂപതയിൽ ആരംഭിക്കാനിരിക്കുന്ന യൂത്ത് ഡിപ്പാർട്ട്മെന്റിനെക്കുറിച്ച് കൃത്യമായ സ്ഥിതിവിവര കണക്കുകളോടുകൂടി KCYM ഡയറക്ടർ ബഹു. ലാൽ പൈനുങ്കൽ അച്ചൻ അവതരിപ്പിക്കുകയും തുടർന്നു നടന്ന ചർച്ചയിൽ എത്രയും പെട്ടെന്നുതന്നെ ഇത് രൂപതയിൽ ആരംഭിക്കണം എന്ന ആശയത്തിൽ എത്തിച്ചേരുകയും ചെയ്തു.

സമഗ്ര വിശ്വാസ പരിശീലനം എന്ന വിഷയത്തെക്കുറിച്ച് രൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ നടത്തിയ പ്രഭാഷണമായിരുന്നു തുടർന്ന്. മാനന്തവാടി രൂപത മറ്റ് രൂപതകൾക്ക് മാതൃകയാകത്തക്കവിധം അഭിമാനകരമായ പ്രവർത്തനം കാഴ്ചവയ്ക്കുന്നുണ്ട് എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. രണ്ടാം വത്തിക്കാൻ കൗൺസിലിലെ അൽമായരെക്കുറിച്ചുള്ള പ്രബോധനങ്ങളെ ചുവടുപിടിച്ച് അദ്ദേഹം തന്റെ പ്രഭാഷണം തുടർന്നു. സഭയുടെ പഠനങ്ങൾ ജനങ്ങളിലേയ്ക്ക് എത്തിക്കുക, രൂപത പാസ്റ്ററൽ കൗൺസിൽ മുതൽ പാരിഷ് കൗൺസിൽ വരെ ഒറ്റക്കെട്ടായി പ്രവർത്തന സജ്ജമായ ഒരു ശ്രേണിയാക്കുക, മുൻപരിചയമുള്ളവരും ഉന്നതവിദ്യാഭ്യാസമുള്ളവരുമായവരുടെ സേവനം ഉറപ്പാക്കിക്കൊണ്ട് കൂടുതൽ മെച്ചപ്പെട്ട രീതിയിൽ, ചരിത്രത്തിൽ മാറ്റുരച്ച് കാണിക്കാൻ യോഗ്യമായ രീതിയിൽ, കാലഘട്ടങ്ങൾക്ക് അനുസൃതമായി, വ്യക്തമായ അജപാലന കാഴ്ചപ്പാടോടുകൂടെ പ്രവർത്തിക്കുക, സാമുദായിക, ജീവകാരുണ്യ, ജനക്ഷേമ, പ്രവർത്തനങ്ങളിലും ജനങ്ങളുടെ അഭിവൃദ്ധിക്കുപകരിക്കുന്ന പ്രവർത്തനങ്ങളിലും കൂടുതൽ ശ്രദ്ധ പതിപ്പിച്ച് സാമുദായിക ശാക്തീകരണവും അൽമായ പങ്കാളിത്തവും വർദ്ധിപ്പിക്കുക എന്നീ വിഷയങ്ങളെക്കുറിച്ച് ശ്രീ. പാലംപറമ്പിൽ ആഹ്വാനം ചെയ്തു. തുടർന്ന് റവ. ഫാ. തോമസ് ജോസഫ് തേരകം CCSS ന്റെ ആഭിമുഖ്യത്തിൽ മദർ തെരേസായെ

അനുസ്മരിച്ചുകൊണ്ട് നടത്തുന്ന അഗതിഅനാഥ ദിനത്തോടനു ബന്ധിച്ച് നടത്താനിരിക്കുന്ന ഉപന്യാസ മത്സരം, ക്രിസ്റ്റ്യൻ രക്തസാക്ഷിദിനം, വിശ്വാസ പ്രഘോഷണറാലി എന്നീ കാര്യങ്ങളെക്കുറിച്ചുള്ള അറിയിപ്പുകൾ നൽകി.

രൂപതാ ഫൈനാൻസ് കൗൺസിൽ അംഗം ശ്രീ. റ്റി.പി. പോൾ 12/A രജിസ്ട്രേഷൻ, TDS and Income Tax എന്നീ വിഷയങ്ങളെക്കുറിച്ച് ക്ലാസ്സെടുത്തു. തുടർന്ന് വിൻസെന്റ് ഡി പോൾ ഭാരവാഹികൾ, ഓസാനാം ഭവനോട് ചേർന്ന് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കുകയും സഹായം അഭ്യർത്ഥിക്കുകയും ചെയ്തു. മദ്യവിരുദ്ധ സമിതി രൂപത ഡയറക്ടർ റവ. തോമസ് കുറ്റിക്കാട്ടുകുന്നേൽ അച്ചൻ രൂപതയിലെ മദ്യവിരുദ്ധ പ്രവർത്തനങ്ങളെക്കുറിച്ച് വിവരിച്ചു. അതിനുശേഷം പ്രോട്ടോസിഞ്ചെല്ലൂസ് ബഹു. മാത്യു മാടപ്പള്ളിക്കുന്നേൽ അച്ചൻ പൊതുകാര്യങ്ങളെക്കുറിച്ചുള്ള അറിയിപ്പുകൾ നൽകി. രൂപതാ ചാൻസലർ റവ. ഫാ. ജോസഫ് പരുവുമ്മേൽ പങ്കെടുത്ത എല്ലാവർക്കും നന്ദി പറഞ്ഞു. രൂപതാഗാനത്തോടെ 2.30 ന് യോഗം അവസാനിച്ചു.

**ഫാ. ജോസഫ് പരുവുമ്മേൽ**
ചാൻസലർ

## കല്പറ്റ ഫൊറോനയിലെ വൈദികരുടെ മാസധ്യാനം

ആഗസ്റ്റ് 6-ാം തീയതി ചൊവ്വാഴ്ച കൽപ്പറ്റ ഫൊറോനയിലെ വൈദികരുടെ മാസധ്യാനം എടപ്പെട്ടി സെന്റ് സെബാസ്റ്റ്യൻസ് ദേവാലയത്തിൽവച്ച് നടത്തുകയുണ്ടായി. ബഹു. ഡെന്നീസ് കഴുതാടിയിൽ അച്ചൻ ധ്യാനചിന്തക്കും ആരാധനയ്ക്കും നേതൃത്വം നൽകി. ബൈബിൾ പണ്ഡിതനായ അച്ചൻ ബൈബിൾ പഠനങ്ങളുടെ പിൻബലത്തോടെ തന്റെ ഉൾക്കാഴ്ചകൾ പങ്കുവയ്ക്കുകയും വചനാധിഷ്ഠിതമായ ആരാധന നടത്തുകയും മറ്റുവൈദികർ സജീവമായി ആരാധിക്കുകയും ധ്യാനിക്കുകയും ചെയ്തു.

ധ്യാനശേഷമുള്ള യോഗത്തിൽ വിവിധ ഭക്തസംഘടനകളെക്കുറിച്ച് വിലയിരുത്തി ചർച്ചചെയ്യുകയും സംഘടനാ ഡയറക്ടർമാർ ആവശ്യമായ അറിയിപ്പുകൾ പങ്കുവയ്ക്കുകയും ചെയ്തു. സെപ്റ്റംബർ 17-ാം തീയതി നടക്കാനിരിക്കുന്ന സി.എം.എൽ. കലാമത്സരത്തിന്റെ ജൂറി ഓഫ് അപ്പീൽ (Jury of Appeal) ആയി ബഹു. സജി കോട്ടായിൽ അച്ചൻ, ബഹു. ജോസ് കൊച്ചറയ്ക്കൽ അച്ചൻ, ബഹു. ഡെന്നീസ് കഴുതാടിയിൽ അച്ചൻ എന്നിവരെ തിരഞ്ഞെടുത്തു. മദ്യം സമൂഹത്തിൽ വിതക്കുന്ന വിനാശങ്ങളെകുറിച്ച് വിലയിരുത്തുകയും മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്ക് കൂടുതൽ ശ്രദ്ധകൊടുക്കണമെന്ന് കണ്ടെത്തുകയും ചെയ്തു. ഈ മേഖലയിലെ പ്രവർത്തനങ്ങൾക്ക് കൂടുതൽ ശക്തി പകരുന്നതിനായി ഒരു മദ്യവിരുദ്ധവർഷം തന്നെ പ്രഖ്യാപിക്കുവാൻ കൽപ്പറ്റ ഫൊറോനയിലെ വൈദികർ ഒന്നടങ്കം രൂപതാ നേതൃത്വത്തോട് ആവശ്യപ്പെടുമെന്ന് തീരുമാനിക്കുകയും ചെയ്തു.

ആഗസ്റ്റ് മാസത്തിൽ ജന്മദിനമാഘോഷിക്കുന്ന ബഹു. മാത്യു പൈക്കാട്ട് അച്ചൻ, ബഹു. സജി കോട്ടായിൽ അച്ചൻ, ബഹു. ജോസ് കൊച്ചറയ്ക്കൽ അച്ചൻ എന്നിവർക്ക് ജന്മദിനത്തിന്റെ മംഗളങ്ങൾ നേർന്നു. ധ്യാനത്തിനുവേണ്ട എല്ലാ ക്രമീകരണങ്ങളും ഒരുക്കിയ ബഹു. വികാരിയച്ചനും, കൈക്കാരന്മാർക്കും, സിസ്റ്റേഴ്സിനും നന്ദി പറഞ്ഞുകൊണ്ട് ധ്യാനസമ്മേളനം അവസാനിപ്പിച്ചു.

**ഫാ. ഫ്രാൻസീസ് കുത്തുകല്ലുങ്കൽ**
സെക്രട്ടറി

YEAR OF FAITH 2012 2013

# വിശ്വാസവർഷം

**2012 ഒക്ടോബർ 11 മുതൽ 2013 നവംബർ 24**

വിശ്വാസവർഷാചരണത്തിന്റെ ഭാഗമായി ബത്തേരി ഫൊറോന യിലെ കൈക്കാരന്മാർ, പാരീഷ്കൗൺസിൽ അംഗങ്ങൾ, എന്നിവരുടെ കൺവെൻഷൻ ബത്തേരി അസംപ്ഷൻ പള്ളിയിൽ വച്ച് 2013 ഓഗസ്റ്റ് 11-ന് നടത്തുകയുണ്ടായി. രൂപതാ വികാരി ജനറാൾ മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ അർപ്പിച്ച വിശുദ്ധകുർബാനയോടെയാണ് കൺവെൻഷൻ ആരംഭിച്ചത്. രൂപതാ പ്രൊക്കുറേറ്റർ റവ.ഫാ. ബെന്നി മുതിരക്കാലായിൽ, രൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ സാർ എന്നിവർ ചർച്ചകൾക്കും ക്ലാസു കൾക്കും നേതൃത്വം നൽകി. കമ്മറ്റി അംഗങ്ങൾ ഇടവകയുടെ സമഗ്ര വളർച്ചയ്ക്ക് നേതൃത്വം നൽകേണ്ടവരാണെന്നും വിശ്വാസത്തിലടിയു റച്ച് സഭാത്മക ജീവിതം നയിക്കുന്നവരും സഭാ നിലപാടുകൾ അറിയു ന്നവരും ആയിരിക്കണമെന്ന് ഉദ്ഘാടന സന്ദേശത്തിൽ വികാരി ജനറാൾ അഭിപ്രായപ്പെട്ടു. ഫൊറോനയിലെ 14 ഇടവകകളിൽ നിന്നായി 430-ൽ പരം പ്രതിനിധികൾ പങ്കെടുത്തു. ഫൊറോനാ വികാരി ഫാ. സ്റ്റീഫൻ കോട്ടയ്ക്കൽ പരിപാടികൾക്ക് നേതൃത്വം നൽകുകയും സ്വാഗതം ആശം സിക്കുകയും ചെയ്തു. കൺവെൻഷൻ വിജയത്തിനായി പ്രവർത്തിച്ച എല്ലാ വികാരിയച്ചന്മാർക്കും, കൊച്ചച്ചന്മാർക്കും അസംപ്ഷൻ ഇടവകാ അംഗങ്ങൾക്കും, ബഹു. സിസ്റ്റേഴ്സിനും, പങ്കെടുത്ത എല്ലാ അംഗ ങ്ങൾക്കും പ്രത്യേകം നന്ദി അറിയിക്കുന്നു. കൺവെൻഷൻ രാവിലെ 8.00 മണിയ്ക്ക് ആരംഭിച്ച് വൈകുന്നേരം 3.30-ന് സമാപിച്ചു.

**ഫാ. സ്റ്റീഫൻ കോട്ടയ്ക്കൽ**

# മതബോധനരംഗം

**മതബോധന ഞായർ**

**അധ്യാപകദിനവും കുട്ടികളുടെ ദിനവും**

സെപ്റ്റംബർ 15-ാം തീയതി നമ്മൾ മതബോധന ഞായർ ആഘോഷിക്കുന്നു. ഈശോ നമ്മെ ഏൽപിച്ച ഏറ്റവും വലിയ ഉത്തരവാദിത്വമായ വിശ്വാസപരിശീലനം 'കുറവു കൂടാതെയും തെറ്റ് കൂടാതെയും' പഠിപ്പിക്കണമെന്ന് സഭാപിതാക്കന്മാർ നിരന്തരം നമ്മെ ഓർമ്മിപ്പിക്കുന്നു. ദൈവീകസ്വരം ശ്രവിച്ച്, പ്രത്യേകമാംവിധം ഈ ദൗത്യം നിർവ്വഹിക്കുവാൻ നമ്മുടെ രൂപതയിൽ ആത്മാർത്ഥതയോടെ ശുശ്രൂഷ ചെയ്യുന്ന 2327 അധ്യാപകരെ ഈ അവസരത്തിൽ ഏറെ അഭിമാനത്തോടെയും നന്ദിയോടെയും അനുസ്മരിക്കുന്നു. 'യുഗാന്ത്യംവരെ ഞാൻ നിങ്ങളോട് കൂടെ ഉണ്ടായിരിക്കും' എന്ന യേശുവിന്റെ വാഗ്ദാനം അധ്യാപകരുടെ കരുത്താണ്. 'ഞാൻ കല്പിച്ചിട്ടുള്ളതെല്ലാം അനുസരിക്കുവാൻ അവരെ പഠിപ്പിക്കുവിൻ' എന്ന യേശുവിന്റെ കല്പനയാണ് അധ്യാപകർ ശിരസ്സാ വഹിക്കേണ്ടത്.

മതബോധന ഞായർ ആഘോഷിക്കുന്ന നമുക്ക് ഈശോ ഏൽപ്പിച്ചിരിക്കുന്ന ഈ വലിയ ഉത്തരവാദിത്വത്തെ എപ്രകാരം നിർവ്വഹിക്കുന്നു എന്ന് വിലയിരുത്താനുള്ള അവസരം കൈവന്നിരിക്കുകയാണ്. പരിശീലനത്തിലൂടെ ലഭിക്കുന്ന അറിവുകൾ പ്രവർത്തിയിലൂടെയാണ് പ്രതിഫലിക്കേണ്ടത്. 'അനുസരിക്കുക' എന്നതുകൊണ്ട് അർത്ഥമാക്കുന്നത് 'ജീവിക്കുക' എന്നുതന്നെയാണ്. അങ്ങനെയെങ്കിൽ നമ്മൾ പരിശീലിപ്പിക്കുന്ന കുട്ടികൾ നേടുന്ന അറിവുകൾ ജീവിക്കാനുള്ളതാണ്. അതിൽ എത്രത്തോളം നാം വിജയിക്കുന്നുണ്ട് എന്ന് ആത്മശോധന ചെയ്യാം.

അധ്യാപകർക്കെല്ലാം ഈ ദിനത്തിന്റെ ആശംസകൾ. നിങ്ങളെയും നിങ്ങളുടെ കുടുംബാംഗങ്ങളെയും ദൈവം ധാരാളമായി അനുഗ്രഹിക്കുവാൻ പ്രാർത്ഥിക്കുന്നുണ്ട്.

നമ്മുടെ രൂപതയിലെ എല്ലാ കുട്ടികളെയും പ്രത്യേകമായി നാം അനുസ്മരിക്കുകയാണിന്ന്. ദൈവീകദാനമാണ് മക്കൾ. മാതാപിതാക്കൾക്ക് ദൈവം നൽകുന്ന ദാനമായ മക്കളെ ദൈവമക്കളായി

വളർത്താൻ പ്രഥമമായ കടമ മാതാപിതാക്കൾക്ക് തന്നെയാണ്. നമ്മൾ ജീവിക്കുന്ന ലോകത്തിൽ ദൈവീക ചിന്തയിൽനിന്നും പ്രവർത്തനങ്ങളിൽ നിന്നും വഴിതെറ്റിക്കുന്ന സാഹചര്യവും, വസ്തുക്കളും, വ്യക്തികളും ഉണ്ട് എന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞ് ദൈവവിശ്വാസത്തിലും ദൈവാശ്രയത്തിലും ജീവിക്കുവാനുള്ള എല്ലാ സാഹചര്യങ്ങളും ഉപാധികളും അവർക്കായി ഒരുക്കണം. അവരുടെ 'പാദങ്ങൾക്ക് വിളക്കും, പാതയിൽ പ്രകാശവമായ' വചനവും 'ജീവന്റെ നീർച്ചാലുകളായ' കൂദാശകളും അവരെ പരിപോഷിപ്പിക്കുന്നു എന്ന് ഉറപ്പുവരുത്തണം.

രൂപതയിൽ വിശ്വാസപരിശീലനം നേടുന്ന എല്ലാ കുട്ടികൾക്കും നന്മകളും, ദൈവാനുഗ്രഹവും ലഭിക്കുവാനായി പ്രാർത്ഥിക്കുന്നുണ്ട്. രൂപതയിൽ വിശ്വാസപരിശീലനത്തിൽ ഉൾചേർന്ന് പ്രവർത്തിക്കുന്ന എല്ലാവർക്കും മതബോധന ഞായറിന്റെ ആശംസകൾ.

**കുട്ടികളുടെ പരീക്ഷാഫലം**

പരീക്ഷാഫലത്തിന്റെ അടിസ്ഥാനത്തിൽ കുട്ടികളുടെ പഠനനിലവാരവും വിശ്വാസ പരിശീലന പ്രവർത്തനങ്ങളും വിലയിരുത്തുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുമല്ലോ. ക്രിസ്തീയ വിശ്വാസജീവിതമാണ് നമ്മുടെ വിശ്വാസപരിശീലനത്തിന്റെ ലക്ഷ്യമെന്ന് ഉറപ്പിച്ച് ആവശ്യമായ അറിവ് നൽകി ജീവിതത്തിൽ പ്രാവർത്തികമാക്കുവാനുള്ള ക്രമീകരണം സ്വീകരിക്കണം.

**HDC**

ഈ വർഷം HDC യ്ക്ക് രജിസ്റ്റർ ചെയ്ത ഏവരേയും അഭിനന്ദിക്കുന്നു. ഒന്നാംവർഷക്കാരുടെ ക്ലാസുകൾ സെപ്റ്റംബർ 14, 28 ദിവസങ്ങളിൽ ദ്വാരകയിലും 21-ന് മണിമൂളിയിലും നടത്തുന്നു.

**ബൈബിൾ നേഴ്സറി അധ്യാപക പരിശീലനം**

നേഴ്സറി അധ്യാപകരുടെ പരിശീലനം ആഗസ്റ്റ് 3, 4 തീയതികളിൽ ദ്വാരകയിൽ നടത്തി. പങ്കെടുത്ത അധ്യാപകർക്കും നേതൃത്വം നൽകിയ റവ. സി. ആൻസി സി.എം.സി., ശ്രീ. ജോൺസൻ വടക്കേക്കര എന്നിവർക്ക് ഹൃദയം നിറഞ്ഞ നന്ദി.

**Contact Class for XI, XII Students**

11, 12 ക്ലാസുകളിൽ പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തിയിരിക്കുന്ന കുട്ടികൾ അവർക്ക് ലഭിച്ചിരിക്കുന്ന നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കണം. വർഷത്തിൽ 3 ദിവസങ്ങളിലായി രൂപതാടിസ്ഥാനത്തിൽ അവർക്ക് കോൺടാക്റ്റ് ക്ലാസ് ഉണ്ടായിരിക്കും. അതനുസരിച്ച് ആദ്യ ക്ലാസ് സെപ്റ്റംബർ 15-ന് ദ്വാരക യു.പി. സ്കൂളിൽ നടത്തുന്നതാണ്.

**ഫാ. റോയി വട്ടക്കാട്ട്** - മതബോധന ഡയറക്ടർ

# ബൈബിൾ അപ്പോസ്തലേറ്റ്

ലോഗോസ് 2013 രജിസ്ട്രേഷൻ സമയബന്ധിതമായി പൂർത്തിയാക്കാൻ സഹകരിച്ച ബഹു. വികാരിയച്ചന്മാർക്കും സിസ്റ്റേഴ്സ്, മതാദ്ധ്യാപകർ, സംഘടനാഭാരവാഹികൾ എന്നിവർക്കും ഹൃദ്യമായ നന്ദി. ഈ വർഷം 24844 പേർ 165 സെന്ററുകളിലായി ലോഗോസ് ക്വിസ്സിന് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**ലോഗോസ് 2013 രൂപതാതലപരീക്ഷ**

2013 സെപ്തംബർ 29–ാം തീയതി ഉച്ചകഴിഞ്ഞ് 2 മുതൽ 3.30 വരെയാണ് പരീക്ഷ. എല്ലാ സെന്ററുകളിലും ഇതേ സമയത്തുതന്നെ പരീക്ഷ ക്രമീകരിക്കാൻ ശ്രദ്ധിക്കണേ. അഖിലകേരള അടിസ്ഥാനത്തിൽ പരീക്ഷ നടക്കുന്നതിനാൽ എല്ലാ ഇടവകകളും ഈ സമയക്രമീകരണം പാലിക്കണം. ബഹു. വികാരിയച്ചന്മാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**ലോഗോസ് പഠനസഹായി**

ലോഗോസ് പരീക്ഷാ പഠനസഹായി റജിസ്ട്രേഷൻ സമയത്ത് ലഭിക്കാത്തവർക്ക് രൂപതാ ഓഫീസിൽ നിന്നും അവ ലഭ്യമാണ്. രൂപതയിൽ നിന്നും തയ്യാറാക്കിയ പഠനസഹായിയുടെ ഏതാനും കോപ്പികൾ കൂടി ലഭ്യമാണ്. വില 10 രൂപ.

**ഫാ. മാത്യു പെരിയപ്പുറം**
ഡയറക്ടർ, ബൈബിൾ അപ്പോസ്തലേറ്റ്

# ചെറുപുഷ്പ മിഷൻലീഗ്

പ്രിയ മിഷൻലീഗ് അംഗങ്ങളേ,

പരി. അമ്മയുടെ ജനനതിരുനാൾ ആഘോഷിക്കുന്ന മാസമാണിത്. എല്ലാവർക്കും സ്നേഹത്തോടെ തിരുനാൾ മംഗളങ്ങൾ നേരുന്നു. പരി.അമ്മയുടെ വിശ്വാസജീവിതത്തിന്റെ മാതൃക നമുക്കും സ്വീകരിക്കാം. ദൈവഹിതത്തിന് പൂർണ്ണമായും വിട്ടുകൊടുത്ത പരി.അമ്മയെപ്പോലെ നമ്മുടെ ജീവിതങ്ങളെയും പൂർണ്ണമായും ഈശോയ്ക്ക് നൽകാം. നമ്മുടെ സംഘടനാപ്രവർത്തനങ്ങളുടെ വിജയത്തിനായി പരി. അമ്മയുടെ മാദ്ധ്യസ്ഥം തേടാം.

മേഖലാ കലാമത്സരങ്ങളിലേക്ക് പ്രവേശിക്കുമ്പോൾ എല്ലാവരുടെയും പരിപൂർണ്ണമായ സഹകരണം പ്രതീക്ഷിക്കുന്നു. മേഖല-രൂപത സാഹിത്യമത്സരങ്ങളിൽ ശാഖകളിൽ നിന്നുള്ള പരിപൂർണ്ണമായ പങ്കാളിത്തം ശ്രദ്ധിച്ചു. നിങ്ങളുടെ സഹകരണത്തിന് ഒത്തിരി നന്ദി. മത്സരാർത്ഥികൾക്ക് വേണ്ട പ്രോത്സാഹനം നൽകി മത്സരങ്ങളിൽ പങ്കെടുപ്പിച്ച പ്രിയ അച്ചൻമാരെയും, സിസ്റ്റേഴ്സിനെയും, ഭാരവാഹികളെയും സ്നേഹത്തോടെ ഓർക്കുന്നു. ആവശ്യമായ ക്രമീകരണങ്ങൾ നടത്തിയ മേഖല ഡയറക്ടർ അച്ചൻമാർക്കും, ഭാരവാഹികൾക്കും, ടീം അംഗങ്ങൾക്കും ഒത്തിരി നന്ദി. തുടർന്നുള്ള കലാമത്സരങ്ങളിൽ അതിന്റെ യഥാർത്ഥ ചൈതന്യത്തിൽ നമുക്ക് പങ്കുചേരാം. ഏവർക്കും വിജയാശംസകൾ നേരുന്നു.

സ്നേഹത്തോടെ
**സോണിയച്ചൻ**

**അടുത്ത് - 2013**

ബത്തേരി, കൽപ്പറ്റ, തരിയോട് മേഖലകളിൽ ശാഖാസന്ദർശനം നടത്തപ്പെട്ടു. ശാഖാസന്ദർശനങ്ങൾക്കും സെമിനാറുകൾക്കും റവ.ഫാ. സോണി വടയാപറമ്പിൽ, ജോയി മേപ്പാടത്ത്, രഞ്ചിത്ത് മുതുപ്ലാക്കൽ,

ബിനു മാങ്കൂട്ടം, സി. ലിസാ എസ്.കെ.ഡി, സി. അർച്ചനാ സി.എം.സി., സി. ഡാനി മരിയ എസ്.എ.ബി.എസ്., സി. റ്റെയ്സി, സി. തെരേസ് മാത്യു, സി. സജിലി എസ്.കെ.ഡി, സി. ലൂസി ജോസഫ് എസ്.എച്ച്., സി. ഷാന്റി എസ്.കെ.ഡി., ജിജിൽ കിഴക്കരക്കാട്ട്, ഷിജു കളർതൊട്ടി, ബിനു പാറാനി, ജോസ് മുണ്ടിയാനി, ബെന്നി തട്ടത്തുപറമ്പിൽ, അരുൺ കുന്നത്ത്, സുധീഷ് എടുത്തുംപറമ്പിൽ, ഷാജു പാലച്ചുവട്ടിൽ എന്നിവർ നേതൃത്വം നൽകി.

## കുഞ്ഞേട്ടൻ അനുസ്മരണവും, സംസ്ഥാന മാനേജിംഗ് കമ്മറ്റിയും

പാലാരൂപതയിലെ ചെമ്മലമറ്റം ഇടവകയിൽ വെച്ച് നടന്ന കുഞ്ഞേട്ടൻ അനുസ്മരണത്തിലും സംസ്ഥാന മാനേജിംഗ് കമ്മറ്റിയിലും പങ്കെടുത്തു.

## സംഭാവനകൂപ്പൺ

സംഭാവനകൂപ്പൺ ശാഖകളിൽ വിറ്റുകഴിഞ്ഞു എന്ന് കരുതുന്നു. സെപ്റ്റംബർ 15-ന് മുമ്പായി രൂപതാ ഓഫീസിൽ എത്തിക്കണം.

## മാലിപറമ്പിലച്ചന്റെ അനുസ്മരണം

ചെറുപുഷ്പ മിഷൻലീഗ് സ്ഥാപക ഡയറക്ടർ ജോസഫ് മാലിപറമ്പിലച്ചന്റെ അനുസ്മരണം എല്ലാ ശാഖകളിലും സെപ്റ്റംബർ 15-ന് ആചരിക്കുമല്ലോ.

## ഈറ്റകുന്നേലച്ചന്റെ അനുസ്മരണം

മിഷൻലീഗ് സംസ്ഥാന ഡയറക്ടർ ആയിരുന്ന റവ.ഫാ. ഈറ്റക്കൽകുന്നേൽ അനുസ്മരണം ശാഖകളിൽ നടത്തുമല്ലോ.

## വർഗീസ് മാസ്റ്റർ അനുസ്മരണം

മിഷൻലീഗ് മാനന്തവാടി രൂപത മുൻപ്രസിഡന്റ് വർഗീസ് മാസ്റ്ററുടെ അനുസ്മരണം ശാഖകളിൽ നടത്തുമല്ലോ.

## സംസ്ഥാന സാഹിത്യമത്സരം സെപ്റ്റംബർ 21 ന് ദ്വാരകയിൽ

സംസ്ഥാന സാഹിത്യമത്സരം സെപ്റ്റംബർ 21 ന് ദ്വാരകയിൽ വെച്ച് നടത്തപ്പെടുന്നു. രൂപതാമത്സര വിജയികൾ മത്സരത്തിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

## സാഹിത്യശിൽപശാല

സംസ്ഥാന സാഹിത്യമത്സരത്തിൽ പങ്കെടുക്കുന്നവർക്ക് വേണ്ടി സെപ്റ്റംബർ 14-ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് സാഹിത്യ

ശില്പശാല നടത്തുന്നതാണ്. രൂപത വിജയികളെ പങ്കെടുപ്പിക്കുന്നതിന് വേണ്ട ക്രമീകരണങ്ങൾ ശാഖ, മേഖല നേതൃത്വം ചെയ്യുമല്ലോ.

**വി. ജോൺ മരിയവിയാനി ദിനം**

ഇടവക വൈദികരുടെ മദ്ധ്യസ്ഥനായ വി.ജോൺ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ച് രൂപതാ എക്സിക്യൂട്ടീവിന്റെ നേതൃത്വത്തിൽ വിയാനിഭവൻ സന്ദർശിച്ച് സമ്മാനങ്ങൾ വിതരണം ചെയ്തു.

**മേഖലാസന്ദർശനം - അടുത്ത് 2013**

രൂപതാനേതൃത്വത്തിൽ ശാഖകളിൽ നടത്തുന്ന ശാഖസന്ദർശനം സെപ്റ്റംബർ 8-ാം തീയതി പുൽപ്പള്ളി മേഖലയിലും, സെപ്റ്റംബർ 15-ാം തീയതി നടവയൽ മേഖലയിലും, സെപ്റ്റംബർ 22-ാം തീയതി ഗൂഡല്ലൂർ മേഖലയിലും, സെപ്റ്റംബർ 29-ാം തീയതി മണിമൂളി നിലമ്പൂർ മേഖല കളിലും നടക്കുന്നതാണ്. ശാഖാനേതൃത്വം വേണ്ട ക്രമീകരണങ്ങൾ നടത്തുമല്ലോ.

**കാണിക്കതന്ന ശാഖകൾ**

നരിവാലമുണ്ട - 950, ബാവലി - 150

**പലതുള്ളിതന്ന ശാഖകൾ**

തവിഞ്ഞാൽ-500, യവനാർകുളം-350, കല്ലുമുക്ക്-80, മുതിരേരി -350, തോമാട്ടുചാൽ-300, വടക്കനാട്-125, വാളാട്-100, മീനങ്ങാടി-250, മക്കിയാട്-200, ആലാറ്റിൽ-645, ബത്തേരി-600, പഴൂർ-250, കരിമാനി-60, പുതുശ്ശേരിക്കടവ്-200, നെടുമ്പാല-400, കോട്ടത്തറ-635, കുറുമ്പാല-210, ചെന്നലോട്-200.

**മേഖലാവാർത്തകൾ**

**മാനന്തവാടി:** എമ്മാവൂസ്വില്ല സന്ദർശിച്ചു. ശാഖാസന്ദർശനം നടത്തി.

**നടവയൽ:** പനമരം സെന്റ് ജൂഡ്സ് ദേവാലയത്തിൽവച്ച് അഗ തിമന്ദിര ശുശ്രൂഷകരെയും, അതിന്റെ നടത്തിപ്പുകാരെയും ആദരിച്ചു.

**നിലമ്പൂർ:** മേഖല മാനേജിംഗ് കമ്മറ്റികൂടി.

**കല്പറ്റ:** ജോ.ഡയറക്ടേഴ്സ് സംഗമം നടത്തി, വെളിച്ചം സെമി നാർ നടത്തി.

**കല്ലോടി:** 'ഓ ദിവ്യകാരുണ്യമേ' - ദിവ്യകാരുണ്യ കൺവെൻഷൻ നടത്തി.

**ശാഖാ വാർത്തകൾ**

*പനംചിറ:-* സാഹിത്യ ശില്പശാല നടത്തി. വി.അൽഫോൻസാമ്മയുടെ ജീവചരിത്രം ഉൾപ്പെടുന്ന സി.ഡി. പ്രദർശനം നടത്തി.

*ആലാറ്റിൽ:–* +2 പരീക്ഷയിൽ ഉന്നതവിജയം നേടിയവരെയും, 25,40,50 വിവാഹവാർഷികം ആഘോഷിക്കുന്നവരെയും ആദരിച്ചു. വിശ്വാസവർഷത്തിൽ തുടർച്ചയായി ബലിയിൽ സംബന്ധിച്ച 12 കുട്ടികളെ പൊന്നാടയണിയിച്ചു.
*കല്ലുമുക്ക്:–* ദൈവവിളി സെമിനാർനടത്തി. മരിച്ചവരെ അനുസ്മരിച്ച് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.
*വാകേരി:–* സെന്റ് തോമസ് പ്രോഗ്രാം നടത്തി. സി.എം.എൽ. അംഗങ്ങളുടെ അഡ്രസ് ശേഖരിച്ചു.
*നരിവാലമുണ്ട:–* ഭവനസന്ദർശനം നടത്തി. പഠനത്തിൽ ഉന്നതവിജയം നേടിയവർക്ക് സമ്മാനങ്ങൾ നൽകി.
*കടൽമാട്:–* ലിറ്റർജി പരിശീലനം നടത്തി. രോഗീസന്ദർശനം നടത്തി.
*പുതുശ്ശേരിക്കടവ്:–* ലഹരിവിരുദ്ധ സന്ദേശം നൽകി.
*ചാരിറ്റി:–* വാഴവറ്റ ജ്യോതിനിവാസ് സന്ദർശനം നൽകി. ഒരു കുടുംബത്തിന് പഠനോപകരണങ്ങൾ നൽകി.
*കൊട്ടിയൂർ:–* ഏയ്ഞ്ചൽമീറ്റ് നടത്തി. സാഹിത്യശില്പശാല നടത്തി.
*കരിമ്പിൽ:–* രോഗീസന്ദർശനം നടത്തി. അൽഫോൻസ ക്വിസ് മത്സരം നടത്തി.
*വടപുറം:–* വൃക്ഷതൈകൾ നട്ടു. പഠനസഹായം നൽകി.
*പാലേമാട്:–* വി.അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് കൊളാഷ് നിർമ്മിച്ചു.
*ചെറുകാട്ടൂർ:–* പള്ളിപരിസരവും, റോഡുസൈഡും വൃത്തിയാക്കി. വൈത്തിരി ജയിൽ സന്ദർശനം നടത്തി.
*കമ്മന:–* എല്ലാ കുട്ടികൾക്കും ബൈബിൾ വിതരണം ചെയ്തു. മതബോധനരംഗത്തും സ്കൂൾ തലത്തിലും മികച്ചു നിൽക്കുന്ന വിദ്യാർത്ഥികൾക്ക് 16500 രൂപ ധനസഹായം നൽകി.
*വാഴവറ്റ:–* സീനിയർ അംഗങ്ങൾ രോഗീസന്ദർശനം നടത്തി. ക്യാഷ് അവാർഡ് നൽകി.
*അമ്പായത്തോട്:–* വി. അൽഫോൻസാമ്മയുടെ തിരുനാൾ ആഘോഷിച്ചു.
*കയ്യൂന്നി:–* സാഹിത്യശില്പശാല നടത്തി.
*പുതിയിടം:–* രോഗീസഹായവും, പഠനസഹായവും നൽകി.
*മാർട്ടിൻനഗർ:–* കാഴ്ചസമർപ്പണത്തിലൂടെ ശേഖരിച്ച 10 കിലോ അരി പാവപ്പെട്ട കുടുംബത്തിന് നൽകി.
*മുതിരേരി:–* ചുവർപത്രിക തയ്യാറാക്കി. സാഹിത്യശില്പശാല നടത്തി.

*വലിയകൊല്ലി:–* ബൈബിൾ നാടകം നടത്തി.
*പന്തിപൊയിൽ:–* സ്കോളർഷിപ്പ് കിട്ടിയ 7 കുട്ടികൾക്ക് 1000 രൂപ വീതം നൽകി.
*പുതുശ്ശേരി:–* അരിശേഖരിച്ച് ഗവ. ഹോസ്പിറ്റലിൽ നൽകി. കാഴ്ചവയ്പിലൂടെ ലഭിക്കുന്ന പഠനോപകരണങ്ങൾ ബാലഭവനങ്ങളിൽ കൊടുക്കുന്നു.
*വിളമ്പുകണ്ടം:–* സിമിത്തേരി സന്ദർശനം നടത്തി.
*പടമല:–* കുട്ടികളിൽ നിന്ന് പഠനോപകരണങ്ങൾ ശേഖരിക്കുകയും കാട്ടിക്കുളം ജയമാത ആശ്രമത്തിൽ നൽകുകയും വിദ്യാഭ്യാസ സഹായമായി 1000 രൂപ നൽകുകയും ചെയ്തു.
*മംഗളം:–* രോഗീസന്ദർശനം നടത്തി.
*ചൂരൽമല:–* സെന്റ് അൽഫോൻസ ക്വിസ് നടത്തി. സിമിത്തേരിവൃത്തിയാക്കി.
*മംഗലശേരി:–* 'വി. അൽഫോൻസാമ്മയ്ക്ക് ഒരു കത്ത്' മത്സരം നടത്തി.
*അരിഞ്ചേർമല:–* വി. അൽഫോൻസാമ്മയുടെ സി.ഡി. പ്രദർശനം നടത്തി.
*ധർമ്മഗിരി:–* വി.അൽഫോൻസ ക്വിസ് ടെലിഫോൺ ഇൻ പ്രോഗ്രാം നടത്തി. നാടിന്റെ വിവിധ ആവശ്യങ്ങൾക്കായി പലസ്ഥലങ്ങളിൽ ജപമാല ചൊല്ലി പ്രാർത്ഥിച്ചു.
*പാറത്തോട്ടം:–* സാഹിത്യശില്പശാല നടത്തി.
*കുറുമണി:–* സി.എം.എൽ. അംഗങ്ങൾ ദേവാലയ നിർമ്മാണത്തിനായുള്ള ജനൽ കമ്പികൾക്ക് പെയിന്റടിച്ചു. ഗാനപരിശീലനം നടത്തി.
*കുറുമ്പാല:–* വി.അൽഫോൻസ ക്വിസ് നടത്തി. അൽഫോൻസ സൂക്തങ്ങൾ പോസ്റ്റർ മത്സരം നടത്തി.
*തവിഞ്ഞാൽ:–* സെന്റ് തോമസ് ദൃശ്യാവിഷ്കരണം നടത്തി. ഭവനസന്ദർശനം നടത്തി.
*ശശിമല:–* പള്ളിപരിസരം വൃത്തിയാക്കി. രോഗീസന്ദർശനം നടത്തി.
*ആറാട്ടുതറ:–* സാഹിത്യശില്പശാല നടത്തി. ഗാനപരിശീലനം നടത്തി.
*വൈത്തിരി:–* വി. മരിയ ഗൊരേത്തിയുടെ ജീവചരിത്രം പ്രദർശിപ്പിച്ചു. അൽഫോൻസ ക്വിസ് നടത്തി.
*ചിത്രഗിരി:–* ഭവനസന്ദർശനവും, രോഗീസന്ദർശനവും നടത്തി.
*കുറ്റിമൂല:–* ന്യൂസ് പേപ്പർ ക്വിസ് നടത്തി.
*പുൽപ്പള്ളി:–* ആരാധന നടത്തി. പള്ളിയും പരിസരവും വൃത്തിയാക്കി.
*വഞ്ഞോട്:–* മദ്യത്തിന്റെയും, മയക്കുമരുന്നിന്റെയും ദൂഷ്യഫലങ്ങളെ

ക്കുറിച്ച് ഫാ. ജോസഫ് തകഴി, ഡോ.ജേക്കബ് വടക്കഞ്ചേരി എന്നിവർ ക്ലാസെടുത്തു.

*പയ്യമ്പള്ളി:-* മാർ. തോമസ് തറയിൽ പിതാവിനെ അനുസ്മരിച്ചു. അൽഫോൻസാമ്മയുടെ തിരുനാൾ ആചരിച്ചു.

*മുണ്ടേരി:-* വി.കൊച്ചുത്രേസ്യ ആൽബം പ്രകാശനം ചെയ്തു.

*പോരൂർ:-* അൾത്താരസംഗമം, സെന്റ് തോമസ് ക്വിസ് എന്നിവ നടത്തി.

*പുതിയിടംകുന്ന്:-* പ്രസംഗപരിശീലനം നൽകി, വി.അൽഫോൻസ അനുസ്മരണം നടത്തി

*അപ്പപ്പാറ:-* കരുണാഭവൻ സന്ദർശനം നടത്തി. നമസ്കാര മത്സരം നടത്തി.

*യവനാർകുളം:-* വിദ്യാഭ്യാസ സഹായം 750 രൂപ നൽകി.

*കാവുംമന്ദം:-* രചനമത്സരങ്ങൾ നടത്തി. പള്ളിപരിസരം വൃത്തിയാക്കി.

*മൂലങ്കാവ്:-* മദ്യവിരുദ്ധകേരളം - പോസ്റ്റർ രചനമത്സരം നടത്തി.

*ഒലിവുമല:-* സാഹിത്യശില്പശാല നടത്തി. വി.അൽഫോൻസ ക്വിസ് നടത്തി.

*കരിമാനി:-* ആരാധനനടത്തി. വി. അൽഫോൻസാമ്മയുടെ തിരുനാൾ ആചരിച്ചു.

*ദീപ്തിഗിരി:-* ആരാധനനടത്തി. സെമിനാർ നടത്തി.

*റൂബിനഗർ:-* ശാഖാവാർഷികം നടത്തി.

*നിലമ്പൂർ:-* വിത്തുശേഖരണവാരം നടത്തി.

*കബനിഗിരി:-* പ്രേഷിതറാലി, അൾത്താരസംഗമം എന്നിവ നടത്തി.

*തരിയോട്:-* എസ്.എൽ.സി.യ്ക്ക് A+ കിട്ടിയ കുട്ടികളെ ആദരിച്ചു. അൽഫോൻസ കൊളാഷ് മത്സരം നടത്തി.

*നടവയൽ:-* എടക്കാട് മരിയവൃദ്ധമന്ദിരം സന്ദർശിച്ചു. എല്ലാ കുട്ടികൾക്കും വി. അൽഫോൻസാമ്മയുടെ തിരുശേഷിപ്പ് ബഹു. ഷാജി മുളകൊടിയാങ്കലച്ചൻ നൽകി.

*ബെക്കി:-* സിമിത്തേരി സന്ദർശനം നടത്തി.

*കല്ലോടി:-* വിശ്വാസ പ്രഘോഷണറാലി നടത്തി. യാത്രാസൗകര്യത്തിന് കൂടുതൽ ബസുകൾ വേണമെന്നാവശ്യപ്പെട്ട് മന്ത്രി കുമാരി ജയലക്ഷ്മിക്ക് നിവേദനം നൽകി.

*പഴൂർ:-* സെന്റ് തോമസിന്റെ ഫോട്ടോ കാർഡ് എല്ലാവർക്കും വിതരണം ചെയ്തു. ലഹരിവിരുദ്ധ പോസ്റ്റർ പ്രദർശിപ്പിച്ചു.

*തോണിച്ചാൽ:-* ഗാനപരിശീലനം നടത്തി. വി.അൽഫോൻസാമ്മയുടെ തിരുനാൾ സമുചിതമായി കൊണ്ടാടി.

*അമരക്കുനി:-* വി. തോമാശ്ലീഹായുടെ ചിത്രങ്ങൾ പ്രദർശിപ്പിച്ചു. രോഗീ സന്ദർശനം നടത്തി.

*പാൽചുരം:-* രോഗീസഹായമായി 3000 രൂപ നൽകി.

*ആടിക്കൊല്ലി:-* ബൈബിൾ പ്രേഷിതറാലി നടത്തി. ഹരിതം നിർമ്മിച്ചു.

*ബത്തേരി:-* വിശുദ്ധരുടെ വഴിയേ.... ക്വിസ് മത്സരം നടത്തി.

*കേളകം:-* A+ ലഭിച്ച കുട്ടികൾക്ക് ക്യാഷ് അവാർഡ് നൽകി.

*കുന്നലാടി:-* ഔഷധതോട്ടം നിർമ്മിച്ചു. ഹോസ്പിറ്റൽ സന്ദർശിച്ച് രോഗികൾക്കുവേണ്ടി പ്രാർത്ഥിച്ചു.

*പൂളപ്പാടം:-* അൾത്താരസംഗമം നടത്തി. പരിസരശുചീകരണം നടത്തി.

*ഞാറപ്പാടം:-* രോഗീസഹായമായി 2000 രൂപ നൽകി.

*കൊളവയൽ:-* കാഴ്ചവയ്പിലൂടെ ലഭിച്ച സാധനങ്ങൾ പാവങ്ങൾക്കു നൽകി.

*പനവല്ലി:-* സിമിത്തേരി സന്ദർശനം നടത്തി. സാഹിത്യശില്പശാല നടത്തി.

*എടപ്പെട്ടി:-* ഗാനപരിശീലനം നടത്തി. വി.അൽഫോൻസാമ്മയുടെ തിരുനാൾ ആഘോഷിച്ചു.

*വാളാട്:-* സാഹിത്യശില്പശാല നടത്തി.

*തൃശിലേരി:-* പൂന്തോട്ടം വൃത്തിയാക്കി. ബാഗ് വിതരണം നടത്തി.

*അമ്പലവയൽ:-* 2000 രൂപ രോഗീസഹായം നൽകി. വസ്ത്രവിതരണം നടത്തി.

*വെള്ളൂന്നി:-* ദേവാലയ ശുചീകരണം നടത്തി. റാലി നടത്തി.

*ബോയ്സ്ടൗൺ:-* സുവിശേഷത്തിലെ ഒരധ്യായം മുഴുവൻ കാണാതെ പറഞ്ഞ കുട്ടിയെ അഭിനന്ദിച്ച് സമ്മാനങ്ങൾ നൽകി.

*പ്രശാന്തഗിരി:-* പള്ളിപരിസരം വൃത്തിയാക്കി. ഗാനപരിശീലനം നടത്തി.

*പാലാങ്കര:-* അൽഫോൻസ ക്വിസ് നടത്തി. ശാഖ കൗൺസിൽ നടത്തി.

*തെനേരി:-* ഉപവാസദിനം ആചരിച്ചു. ഭവനനിർമ്മാണസഹായം 1000 രൂപ നൽകി.

*മൺവയൽ:-* ഭവനസന്ദർശനം നടത്തി. ആരാധന നടത്തി.

*നെടുമ്പാല:-* ലഹരിവിരുദ്ധ ചിത്രങ്ങൾ പ്രദർശിപ്പിച്ചു. വിത്തുശേഖരണം നടത്തി.

*കൽപ്ര:-* വസ്ത്രവിതരണം നടത്തി. പഞ്ചായത്തു റോഡുകൾ നന്നാക്കി.

*അറവൻകാട്:-* വി. അൽഫോൻസാമ്മയുടെ തിരുനാൾ ആചരിച്ചു.

*ലക്കിടി:-* ഡയറക്ടർ തോമസ് വട്ടക്കാട്ട് സി.എം.ഐ. അച്ചന്റെ നേതൃത്വത്തിൽ സെമിനാർ നടത്തി.

*ഇടയൂർകുന്ന്:-* പ്രസംഗമത്സരം നടത്തി.

*മുട്ടിയേൽ:-* അൽഫോൻസ സൂക്തങ്ങൾ എഴുതി പ്രദർശിപ്പിച്ചു.

*നെല്ലിയോടി:-* അക്ഷരം പ്രോഗ്രാം നടത്തി. പ്രാർത്ഥനാദിനാചരണങ്ങൾ നടത്തി.

*ഇടിവണ്ണ:-* 70 വയസിനു മുകളിലുള്ള വ്യക്തികളെ പൊന്നാടയണിയിച്ച് ആദരിച്ചു. സംഗീതമത്സരം നടത്തി.

*ചുങ്കക്കുന്ന്:-* രോഗീസഹായമായി 2000 രൂപ നൽകി. സാഹിത്യശില്പശാല നടത്തി.

*മരക്കടവ്:-* വി. അൽഫോൻസാമ്മയുടെ തിരുനാൾ ആചരിച്ചു.

*കുറുമ്പാലക്കോട്ട:-* വി. അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് വി.അൽഫോൻസാമ്മയെകുറിച്ച് ക്വിസ് മത്സരം നടത്തി.

**സ്നേഹപൂർവ്വം**

മിഷൻലീഗിന്റെ പ്രവർത്തനവഴികളിൽ വിശുദ്ധിയുടെ വിശ്വാസവെളിച്ചം പകർന്നുകൊടുക്കുന്ന പ്രേഷിതരായി നമുക്ക് ആയിരിക്കാം. പ്രേഷിതലക്ഷ്യങ്ങളെ മുൻനിർത്തിയുള്ള പ്രവർത്തനങ്ങളും കലാമത്സരങ്ങളും ആയിരിക്കണം നമ്മുടേത്. നന്മയുടെ പ്രവർത്തനങ്ങളുമായി നമുക്കൊന്നിച്ച് ഒരുമയോടെ മുന്നേറാം. വരുംദിനങ്ങളിലെ ഓർമ്മകൾ മിഷൻലീഗിന്റേതാകട്ടെയെന്ന പ്രാർത്ഥനാശംസകളോടെ,

ഏറ്റവും വിനീതനായി നിങ്ങളുടെ സ്വന്തം

**രഞ്ചിത്ത് മുതുപ്ലാക്കൽ**

രൂപതാ ജനറൽ സെക്രട്ടറി

# കെ. സി. വൈ. എം.

## സംസ്ഥാന അർദ്ധവാർഷിക സെനറ്റ്

കേരളകത്തോലിക്കാ യുവജനപ്രസ്ഥാനത്തിന്റെ 35-ാമത് അർദ്ധ വാർഷികസെനറ്റ് സമ്മേളനം 2013 ജൂലൈ 26, 27, 28 തീയതികളിൽ കോതമംഗലം രൂപതയുടെ ആതിഥേയത്തിൽ മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. കെ.സി.വൈ.എം. രൂപത ജനറൽ സെക്രട്ടറി ശ്രീ. ബിബിൻ ചെമ്പക്കര, സ്റ്റേറ്റ് സെനറ്റ് മെമ്പർമാർ ശ്രീ. സിനോ പാറക്കാലായിൽ, ശ്രീ. ജെസ്റ്റിൻ ചെഞ്ചട്ടയിൽ, സ്റ്റേറ്റ് സിൻഡിക്കേറ്റംഗങ്ങളായ ശ്രീ. സജിൻ ജോസ് ചാലിൽ, ശ്രീ. ഷംജിത്ത് ചേലയ്ക്കൽ എന്നിവർ സംബന്ധിക്കുകയും രൂപത റിപ്പോർട്ടവതരിപ്പിക്കുകയും ചെയ്തു.

## 'പ്രചോദിനി 2013'

കെ.സി.വൈ.എം. മാനന്തവാടി രൂപത യുവവനിതകൾക്കായി ഒരുക്കിയ 'പ്രചോദിനി 2013' വനിതാസംഗമം ആഗസ്റ്റ് 6 ചൊവ്വാഴ്ച മാനന്തവാടി ടൗൺചർച്ചിൽ വച്ച് നടത്തപ്പെട്ടു. കെ.സി.വൈ.എം. മാനന്തവാടി മേഖല ആനിമേറ്റർ സി. അനിത ടോം എസ്.എച്ച്. വചനപ്രതിഷ്ഠ നടത്തി. കെ.സി.വൈ.എം. രൂപത സെക്രട്ടറി കുമാരി ഡെൽന പറപ്പിള്ളിൽ സ്വാഗതം ആശംസിച്ചു. കെ.സി.വൈ.എം. രൂപത ഡയറക്ടർ റവ.ഫാ. ലാൽ ജേക്കബ് പൈനുങ്കൽ ആമുഖപ്രഭാഷണം നടത്തി. കെ.സി.വൈ.എം. രൂപത വൈസ്പ്രസിഡന്റ് കുമാരി ഫ്രൻസി മണ്ണിശേരി അധ്യക്ഷപദം അലങ്കരിച്ചു. സമ്മേളനത്തിന്റെ ഉദ്ഘാടനകർമ്മം ആരാധനാസന്യാസിനി സമൂഹത്തിന്റെ പ്രൊവിൻഷ്യൽ റവ.സി. എൽസ പൈകട നിർവ്വഹിച്ചു. സമ്മേളനത്തിന് ആശംസകൾ അർപ്പിച്ച് കെ.സി.വൈ.എം. രൂപത പ്രസിഡന്റ് ശ്രീ. ജിതേഷ് മുളയ്ക്കക്കുന്നേൽ, ടൗൺചർച്ച് വികാരി റവ.ഫാ. മാത്യു പെരുമാട്ടിക്കുന്നേൽ എന്നിവർ

സംസാരിച്ചു. പേര്യയൂണിറ്റംഗം കുമാരി നവ്യ മൈക്കിൾ മഴുവഞ്ചേരി യോഗത്തിന് നന്ദിയർപ്പിച്ചു.

തുടർന്ന് വനിതകൾക്കായി കെ.സി.ബി.സി. വനിതാകമ്മീഷൻ സെക്രട്ടറി ശ്രീമതി താരാജോൺസ് ക്ലാസ് നയിച്ചു. സംഗമത്തിൽ 350 വനിതകൾ പങ്കെടുത്തു. ഇതിനു പിന്നിൽ പ്രവർത്തിച്ച രൂപത-മേഖല -ശാഖ ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്, ഭാരവാഹികൾ എല്ലാവരേയും നന്ദിയോടെ സ്മരിക്കുന്നു.

**'ആനിമ 2013'**

മേഖല, യൂണിറ്റ് തലങ്ങളിൽ സംഘടനയെ നയിച്ചുകൊണ്ടിരിക്കുന്ന ആനിമേറ്റർമാരുടെ സംഗമം ഓഗസ്റ്റ് 6-ന് മാനന്തവാടി ടൗൺ ചർച്ചിൽ വച്ച് നടന്നു. രൂപത ഡയറക്ടർ റവ.ഫാ. ലാൽ ജേക്കബ് പൈനുങ്കൽ ആനിമേറ്റേഴ്സിന്റെ ദൗത്യനിർവ്വഹണത്തെക്കുറിച്ച് അവരുമായി ചർച്ചനടത്തി. തുടർന്ന് കെ.സി.വൈ.എം. സിൻഡിക്കേറ്റംഗം ശ്രീ. സജിൻ ചാലിൽ ക്ലാസ് എടുത്തു. 50 ആനിമേറ്റേഴ്സ് പങ്കെടുത്തു.

**'ത്രിവർണ്ണം 2013'**

ത്രിവർണ്ണം 2013 - സ്വാതന്ത്ര്യദിന ക്വിസ് ഓഗസ്റ്റ് 15-ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. 9 ടീമുകൾ വിവിധ സ്കൂളുകളിൽ നിന്നായി പങ്കെടുത്തു. കെ.സി.വൈ.എം. രൂപത പ്രസിഡന്റ് ശ്രീ.ജിതേഷ് മുളയ്ക്കക്കുന്നേൽ ക്വിസ്മാസ്റ്ററായിരുന്നു. മത്സരശേഷം നടന്ന പൊതുമീറ്റിംഗിന് കെ.സി.വൈ.എം. രൂപത ഡയറക്ടർ റവ.ഫാ. ലാൽ ജേക്കബ് പൈനുങ്കൽ ആമുഖപ്രഭാഷണം നടത്തി. വിശിഷ്ടാതിഥിയായി കടന്നുവന്ന മാധ്യമപ്രവർത്തകൻ ശ്രീ. അരുൺ വിൻസെന്റ് മുഖ്യപ്രഭാഷണം നടത്തി. രൂപത സിൻഡിക്കേറ്റംഗം ശ്രീ. ജെസ്റ്റിൻ ചെഞ്ചട്ടയിൽ ആശംസകൾ അർപ്പിച്ചു. മാനന്തവാടി ഗവ. ഹയർസെക്കന്ററി സ്കൂളിലെ അഖിൽ ജോസഫ്, തിമോത്തി ഇവർ ഒന്നാംസ്ഥാനവും, സെന്റ് തോമസ് എച്ച്.എസ്.എസ്. നടവയലിലെ ശ്രുതിചന്ദ്രൻ, നിതിൻ ജോഷി ഇവർ രണ്ടാംസ്ഥാനവും മാനന്തവാടി ഗവ.ഹയർ സെക്കന്ററി സ്കൂളിലെ ഹരിഗോവിന്ദ്, അനുഷടോം ഇവർ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. വിജയികൾക്ക് അനുമോദനങ്ങൾ. കുട്ടികളെ പങ്കെടുപ്പിച്ച സ്കൂൾ അധികാരികൾക്ക് നന്ദി.

**യുവഗാഥ മേഖലാക്യാമ്പ്**

യുവജനങ്ങളുടെ വ്യക്തിത്വ വികസനത്തിന് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള മേഖലാക്യാമ്പ് ഓഗസ്റ്റ് 15-ന് പുൽപ്പള്ളി മേഖലയിലും ഓഗസ്റ്റ് 10-ന് മണിമൂളി മേഖലയിലും നടത്തപ്പെട്ടു.

**മഡ്ഫുട്ബോൾ മത്സരം**

ഓഗസ്റ്റ് 18-ന് കാവുംമന്ദത്ത് വച്ച് മേഖലകളുടെ നേതൃത്വത്തിൽ മഡ്ഫുട്ബോൾ മത്സരം നടത്തപ്പെട്ടു. മത്സരത്തിൽ നെടുംമ്പാല ഒന്നാം സ്ഥാനവും ചൂരൽമല രണ്ടാംസ്ഥാനവും കരസ്ഥമാക്കി. പങ്കെടുത്ത എല്ലാ ടീമിനും അഭിനന്ദനങ്ങൾ അറിയിക്കുന്നു.

**പ്രത്യേക സെനറ്റ് - ഓഗസ്റ്റ് 17**

ഈ വർഷത്തെ കലാമത്സരത്തെക്കുറിച്ച് തീരുമാനിക്കാനായി പ്രത്യേക സെനറ്റ് ഓഗസ്റ്റ് 17-ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. കലാമത്സര ഇനങ്ങളിലെ ഡാൻസ്, ചവിട്ടുനാടകം, മാർഗ്ഗംകളി, തെരുവുനാടകം, പരിചമുട്ട്, മൈം ഇവ രൂപത തലത്തിലായിരിക്കും മത്സരം നടത്തുകയെന്നാണ് മേഖല ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്, സെക്രട്ടറിയേറ്റ്, സിൻഡിക്കേറ്റ്, മേഖല പ്രസിഡന്റ്, സെക്രട്ടറിമാർ എന്നീ സമിതികളിൽ ചർച്ച ചെയ്ത് തീരുമാനിച്ചിരുന്നത്. എന്നാൽ വ്യത്യസ്ത അഭിപ്രായങ്ങൾ വന്നതിനാൽ മത്സരങ്ങൾ മേഖലയുടെ നേതൃത്വത്തിൽ സാധാരണ രീതിയിൽ തന്നെ നടത്തുവാൻ തീരുമാനിച്ചു. എല്ലാ മേഖലകളുടെയും പങ്കാളിത്തം സെനറ്റിൽ ഉണ്ടായിരുന്നു.

**സ്വാഗതം**

കെ.സി.വൈ.എം. കല്പറ്റ മേഖല ആനിമേറ്ററായി സാരഥ്യം ഏറ്റെടുത്തിരിക്കുന്ന റവ.സി. ലൂസി എസ്.എച്ച്.ന് കെ.സി.വൈ.എം. രൂപതാ കുടുംബത്തിലേയ്ക്ക് സ്വാഗതവും പ്രവർത്തന വിജയങ്ങളും.

**അഭിനന്ദനങ്ങൾ**

രൂപത സിൻഡിക്കേറ്റംഗങ്ങളായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന ആബേൽ ആണ്ടുക്കിലിനും, ഷൈനി മോളത്തിനും അഭിനന്ദനങ്ങൾ അറിയിക്കുന്നു.

**പേൾ 2013 രൂപത കലാസാഹിത്യ മത്സരങ്ങൾ (സെപ്റ്റംബർ 22, നവംബർ 14)**

പേൾ 2013 സാഹിത്യ മത്സരങ്ങൾ സെപ്റ്റംബർ 22 ന് 1.30 ന് അതാത് മേഖല കേന്ദ്രങ്ങളിൽ വച്ച് നടത്തപ്പെടും. ഒക്ടോബർ 15-ന് മുമ്പായി സമ്മാനാർഹമായ സൃഷ്ടികൾ രൂപതാകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. 15-ന് ശേഷം ലഭിക്കുന്നവ സ്വീകരിക്കുന്നതല്ല.

കലാമത്സരങ്ങൾ നവംബർ 14-ന് മാനന്തവാടി ന്യൂമാൻസ് കോളേജിൽ വച്ച് രാവിലെ 9 ന് നടത്തപ്പെടുന്നു. മേഖലകൾ മുൻകൂട്ടി മത്സര

ങ്ങൾ നടത്തി മത്സരാർത്ഥികളുടെ ലിസ്റ്റ് ഒക്ടോബർ 20–ന് മുമ്പായി ഓഫീസിൽ എത്തിക്കേണ്ടതാണ്. 2013 അംഗത്വലിസ്റ്റിൽ പേരില്ലാത്ത വർക്ക് മത്സരിക്കാൻ യോഗ്യതയുണ്ടായിരിക്കുകയില്ല. ഒരു വ്യക്തിക്ക് 3 വ്യക്തിഗത ഇനത്തിലും 3 ഗ്രൂപ്പ് ഇനങ്ങളിലും മാത്രമെ മത്സരിക്കാൻ അനുവാദം ഉണ്ടായിരിക്കുകയുള്ളൂ. 30 രൂപയാണ് ഒരാൾക്ക് രജിസ്ട്രേ ഷൻ ഫീസ്. കലാമത്സരത്തിൽ Anchoring മത്സരം ഉൾപ്പെടുത്തിയി ട്ടുണ്ട്. വിശദവിവരങ്ങൾ സർക്കുലർ വഴി അറിയിക്കുന്നതാണ്.

## കെ.സി.വൈ.എം. പുതിയ യൂണിറ്റുകൾ ആരംഭിച്ചു

മുണ്ടേരി: കെ.സി.വൈ.എം. യൂണിറ്റാരംഭിച്ചു. ഭാരവാഹികളെ തിരഞ്ഞെടുത്തു. യുവജനങ്ങളുടെ നേതൃത്വത്തിൽ യുവജനദിനാ ഘോഷം നടത്തി. കെ.സി.വൈ.എം. രൂപതാ ഡയറക്ടർ റവ.ഫാ. ലാൽ ജേക്കബ് പൈനുങ്കൽ അന്നേദിവസം വി.ബലിയർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു. യൂണിറ്റ് ഡയറക്ടർ റവ.ഫാ. ബിനോയ് കാശാംകുറ്റിയിൽ, ജോ.ഡയറക്ടർ സി. സീന അലക്സ് എസ്.കെ.ഡി., പ്രസിഡന്റ് ശ്രീ. അമൽ കൊടവനാൽ മറ്റ് ഭാരവാഹികൾക്കും പ്രവർത്ത നവഴിയിൽ നന്മകൾ നേരുന്നു.

## കരിമാനി യൂണിറ്റ്

കരിമാനിയിൽ യൂണിറ്റ് ആരംഭിച്ചു. യുവജനദിനാഘോഷം നടത്തി. യൂണിറ്റ് ഡയറക്ടർ റവ.ഫാ. ജിൽസ് ഞവരക്കാട്ട് സി.എസ്. റ്റി., ആനിമേറ്റർ സി. ആനിടോം എസ്.എ.ബി.എസ്., പ്രിസിഡന്റ് ക്ലിന്റോ കപ്പലുമാക്കൽ, മറ്റ് ഭാരവാഹികൾക്കും എല്ലാ നന്മകളും ആശംസി ക്കുന്നു.

## യൂണിറ്റ് വാർത്തകൾ

## കൊട്ടിയൂർ യൂണിറ്റ്

ബഹു. വൈദീകരുടെയും, മേഖല, ശാഖ പ്രസിഡന്റുമാരുടെയും, മറ്റ് ഭാരവാഹികളുടെയും നേതൃത്വത്തിൽ സേവനസന്നദ്ധരായ യുവതീ യുവാക്കളുടെ സഹകരണത്തോടെ ആക്രിസാധനങ്ങൾ ശേഖരിച്ചു. വിറ്റ് കിട്ടിയ തുകയിൽ ഒരു വിഹിതം ഇടവകയിലെ വിശ്വാസ പരിശീലന ത്തിലായിരിക്കുന്ന ഒന്നാം ക്ലാസിലെ 60–ഓളം കുട്ടികൾക്ക് കസേരകൾ വാങ്ങികൊടുത്തു. ഒരു വിഹിതം ഇടവകയിലെ രോഗീസഹായത്തിനായി നീക്കി വച്ചു. യൂണിറ്റ് ഡയറക്ടർ റവ.ഫാ. അഗസ്റ്റ്യൻ ചേമ്പാല, ഓർഗ നൈസർ ശ്രീ. റിജോയ് വാണിപറമ്പിൽ, ഹെഡ്മാസ്റ്റർ ശ്രീ. ജിൽസ് എന്നിവർ നേതൃത്വം വഹിച്ചു.

**വാകേരി യൂണിറ്റ്**

യുവജനദിനം ഇടവകയിൽ സമുചിതമായി ആഘോഷിച്ചു. യൂണിറ്റ് ഡയറക്ടർ റവ.ഫാ. തോമസ് പ്ലാശനാൽ യുവജനദിന സന്ദേശം നൽകി. മിഠായി വിതരണം നടത്തി. തുടർന്ന് യുവജനങ്ങളുടെ നേതൃത്വത്തിൽ സിമിത്തേരിയും പരിസരങ്ങളും വൃത്തിയാക്കി.

**അമ്പലവയൽ യൂണിറ്റ്**

യൂണിറ്റിൽ യുവജനദിനം സമുചിതമായി ആഘോഷിച്ചു. വി. കുർബാനയ്ക്ക് യുവജനങ്ങൾ നേതൃത്വം നൽകി. വി.കുർബാനമദ്ധ്യേ യുവജനങ്ങൾ ലഹരിവിരുദ്ധ പ്രതിജ്ഞ നടത്തി. തുടർന്ന് മുൻഭാരവാഹികളെ ആദരിക്കുകയും ഉപഹാരങ്ങൾ നൽകുകയും ചെയ്തു. ആനിമേറ്റർ സി. ടെസ്‌ലിറ്റ് ആശംസകൾ അർപ്പിച്ചു. റവ.ഫാ. കുര്യൻ വാഴയിൽ, റവ.ഫാ. റോണി പാറക്കൽ എന്നിവർ നേതൃത്വം നൽകി. ഇടവക ജനങ്ങളുടെ സഹകരണത്തോടെ ശേഖരിച്ച വസ്ത്രങ്ങൾ ആനിമേറ്റർ സി. ടെസ്‌ലിറ്റിന്റെയും യൂണിറ്റ് പ്രസിഡന്റിന്റെയും നേതൃത്വത്തിൽ കോളനികളിലെ പാവപ്പെട്ടവർക്ക് വിതരണം ചെയ്തു. തുടർന്ന് രോഗീസന്ദർശനം നടത്തുകയും ചെയ്തു.

**വെള്ളൂന്നി യൂണിറ്റ്**

യുവജനദിനത്തോടനുബന്ധിച്ച് യുവജനങ്ങൾ ദേവാലയം അലങ്കരിക്കുകയും പള്ളിപരിസരങ്ങളിൽ ദൈവവചനങ്ങൾ പതിപ്പിക്കുകയും ചെയ്തു. ആഘോഷമായ വി.കുർബാനയ്ക്ക് ശേഷം യൂണിറ്റിലെ യുവജനങ്ങൾക്കായി അർദ്ധദിന സെമിനാർ നടത്തി. ഡോ. സി. ഡെയ്സി പനയ്ക്കത്താഴത്ത് ക്ലാസ് നയിച്ചു. 90 ഓളം യുവജനങ്ങൾ സന്നിഹിതരായിരുന്നു. ലഘുഭക്ഷണം നൽകിക്കൊണ്ട് യുവജനങ്ങൾ തങ്ങളുടെ സന്തോഷം പങ്കുവച്ചു.

**നെടുമ്പാല യൂണിറ്റ്**

ലോകപരിസ്ഥിതി ദിനത്തോടനുബന്ധിച്ച് മുളതൈകൾ നട്ടു. ഇടവക സന്ദർശനവുമായി ബന്ധപ്പെട്ട് മുൻ വികാരി ബഹു. തോമസ് പൊൻതൊട്ടിയച്ചന്റെ ഇടവകയായ കുന്നലാടി ഇടവക 12 യുവജനങ്ങൾ സന്ദർശിച്ചു. രൂപത വിസിറ്റിന്റെ ഭാഗമായി ശ്രീ. ബിനോയ് പാനികുളം യൂണിറ്റ് സന്ദർശനം നടത്തുകയും ക്ലാസ് നയിക്കുകയും ചെയ്തു. 60 യുവജനങ്ങൾ പങ്കെടുത്തു. യുവജനദിനത്തിലെ ആഘോഷമായ വി.കുർബാനയ്ക്ക് യുവജനങ്ങൾ നേതൃത്വം നൽകി. യൂണിറ്റ് ഡയറക്ടർ റവ.ഫാ. ജിൽസൻ കോക്കണ്ടത്തിൽ യുവജനസന്ദേശം നൽകി.

ആശംസാ കാർഡുകൾ കൈമാറി. തുടർന്ന് ശ്രീ. ജോസ് പള്ളത്ത് ക്ലാസ് നയിച്ചു. ഉച്ചഭക്ഷണത്തിൽ പങ്കുചേർന്ന് കൊണ്ട് യുവജനങ്ങൾ തങ്ങളുടെ സന്തോഷം പ്രകടമാക്കി. 58 യുവജനങ്ങൾ പങ്കെടുത്തു.

### ശിശുമല യൂണിറ്റ്

യുവജനദിനാഘോഷങ്ങളുടെ ഭാഗമായി യുവജനപ്രസ്ഥാനത്തിന്റെ മദ്ധ്യസ്ഥനായ വി. പൗലോസ് ശ്ലീഹായുടെ തിരുസ്വരൂപം മനോഹരമായി യുവജനങ്ങൾ അലങ്കരിച്ചു. യൂണിറ്റ് ഡയറക്ടർ റവ.ഫാ. ജോസ് കളപ്പുര പതാക ഉയർത്തിക്കൊണ്ട് ആഘോഷങ്ങൾക്ക് ആരംഭം കുറിച്ചു. സൺഡേ സ്കൂൾ കുട്ടികളോടൊപ്പം ദേവാലയത്തിൽ ഒന്നുചേർന്ന് യുവജനങ്ങൾക്കായി മദ്ധ്യസ്ഥപ്രാർത്ഥന നടത്തി. ആഘോഷമായ വി.കുർബാനയ്ക്ക് യുവജനങ്ങൾ നേതൃത്വം നൽകി. മിഠായി വിതരണം നടത്തി. തുടർന്ന് ഷട്ടിൽബാറ്റ് ടൂർണമെന്റ് നടത്തി. വിജയികൾക്ക് Cash Prize നൽകുകയും ചെയ്തു. ബഹു. ഡയറക്ടറച്ചനും, ആനിമേറ്റർ സി. റ്റെസിനും ഭാരവാഹികൾ നന്ദിയർപ്പിച്ചു.

### ചുങ്കക്കുന്ന് യൂണിറ്റ്

വി.തോമാശ്ലീഹായുടെ നാമധാരിയായ യൂണിറ്റ് ഡയറക്ടർ ബഹു. തോമസ് മണക്കുന്നേൽ അച്ചന്റെ നാമഹേതുകതിരുനാൾ ആഘോഷിച്ചു. യൂണിറ്റ് പ്രസിഡന്റ് ശ്രീ. നോബിൾ വട്ടക്കുടി ആശംസകളർപ്പിച്ച് സംസാരിച്ചു. മധുരപലഹാരം വിതരണം ചെയ്തു. സാമ്പത്തികശേഷികുറഞ്ഞ വിദ്യാർത്ഥികൾക്ക് യൂണിഫോം വിതരണം ചെയ്തു. വിപുലമായ രീതിയിൽ യുവജനദിനം ആഘോഷിച്ചു. വി.കുർബാനയ്ക്ക് യുവജനങ്ങൾ നേതൃത്വം നൽകി. തുടർന്ന് റവ.ഫാ. ബിജു പുന്നയ്ക്കപ്പടവിൽ ക്ലാസ് നൽകി. 358 യുവജനങ്ങൾ പങ്കെടുത്തു. തുടർന്ന് പള്ളി, സിമിത്തേരി, ടൗൺ എന്നീ സ്ഥലങ്ങൾ വൃത്തിയാക്കി. "രക്തദാനം മഹാദാനം" എന്ന സന്ദേശം ഉൾക്കൊണ്ട്കൊണ്ട് സുമനസുകളായ 50 യുവജനങ്ങൾ ചേർന്ന് രക്തദാനഗ്രൂപ്പ് രൂപീകരിച്ചു. യൂണിറ്റിൽ വ്യക്തിത്വവികസന ക്യാമ്പ് നടത്തി. ശ്രീ. ജോസ് പള്ളത്ത് പരിശീലനത്തിന് നേതൃത്വം നൽകി. രോഗീസന്ദർശനം നടത്തി. യുവജനങ്ങൾ ഒരു ദിവസം ഒരു രൂപ പ്രകാരം ഒരു മാസം സ്വരൂപിക്കുന്ന തുക ഉത്തരാഖഡ് ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്തു.

### വാഴവറ്റ യൂണിറ്റ്

വി. തോമാശ്ലീഹായുടെ തിരുനാൾ ദിനത്തിൽ യുവജനങ്ങൾ പൊതുദിവ്യകാരുണ്യ സ്വീകരണം നടത്തി. ആദ്യ വെള്ളിയാഴ്ചത്തെ ആരാധനയ്ക്ക് യുവജനങ്ങൾ സംബന്ധിക്കുകയും ഇടവകയ്ക്ക് വേണ്ടി

പ്രാർത്ഥിക്കുകയും ചെയ്യുന്നു. മിഷൻലീഗ് അംഗങ്ങളുടെ സാഹിത്യ വേദിക്ക് കെ.സി.വൈ.എം. അംഗങ്ങൾ അഭിവാദനം അർപ്പിച്ചു. യുവ ജനദിനം സമുചിതമായി ആഘോഷിച്ചു. വി.കുർബാനയ്ക്ക് യുവജന ങ്ങൾ നേതൃത്വം നൽകി. തുടർന്ന് രോഗീസന്ദർശനം നടത്തി.

## കാവുംമന്ദം യൂണിറ്റ്

യൂണിറ്റിൽ വച്ച് മേഖലയുടെ നേതൃത്വത്തിലുള്ള സെമിനാർ കൺവെൻഷൻ നടത്തി. ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ ക്ലാസ് നയിച്ചു. തുടർന്ന് ഡിബേറ്റ് മത്സരവും നടത്തപ്പെട്ടു. യൂണിറ്റിലെ 50–ഓളം യുവജനങ്ങൾ പങ്കെടുത്തു. ആനിമേറ്റർ സി. ലളിത എഫ്.സി. സി. യുടെ നേതൃത്വത്തിൽ 20 വനിതകൾ രോഗീസന്ദർശനം നടത്തി.

## പാലേമാട് യൂണിറ്റ്

യുവജനദിനത്തിലെ ആഘോഷമായ വി.ബലിയർപ്പണത്തിന് യുവജനങ്ങൾ നേതൃത്വം നൽകി. കെ.സി.വൈ.എം. സ്ഥാപക ഡയറ ക്ടർ റവ.ഫാ. ഫിർമിഡ് കാച്ചപ്പള്ളിയുടെ നിര്യാണത്തിൽ ആദരാഞ്ജ ലികളർപ്പിച്ച് പ്രാർത്ഥിച്ചു.

## പടമല യൂണിറ്റ്

വി. അൽഫോൻസാമ്മയുടെ തിരുനാളിനൊരുക്കമായുള്ള അല ങ്കാരത്തിന് യുവജനങ്ങളുടെ പങ്കാളിത്തം ഉണ്ടായിരുന്നു. വി. കുർബാ നയ്ക്ക് യുവജനങ്ങൾ കാഴ്ചവയ്പ്പ് നടത്തി. നേർച്ച ഭക്ഷണം തയ്യാറാ ക്കുന്നതിലും വിതരണം ചെയ്യുന്നതിലും യുവജനങ്ങൾ നേതൃത്വം നൽകി. യുവജനദിനം ആഘോഷമായി കൊണ്ടാടി. ആദ്യവെള്ളി യാഴ്ചത്തെ ജാഗരണപ്രാർത്ഥനയിൽ യുവജനങ്ങൾ പങ്കുചേർന്നു.

## തരിയോട് യൂണിറ്റ്

തരിയോട് യൂണിറ്റിലെ കെ.സി.വൈ.എം. ഡയറക്ടർ റവ.ഫാ. ജോണി കുന്നത്തിന്റെയും, ആനിമേറ്റർ സി. റോസ്മിൻ എസ്.എച്ച്. ന്റെയും, ഭാരവാഹികളുടെയും നേതൃത്വത്തിൽ തരിയോടിലെ ജനങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന വന്യമൃഗശല്യത്തിന് പരിഹാരം ലഭിക്കു ന്നതിനായി അധികൃതരുടെ ശ്രദ്ധയാർകർഷിക്കുവാൻ വേണ്ടി ഒരു പത്ര വാർത്ത തയ്യാറാക്കി നൽകുകയും ആറോളം പ്രമുഖപത്രങ്ങളിൽ അച്ചടി ച്ചുവരികയും ചെയ്തു. കൂടാതെ റവ.ഫാ. ജോണി കുന്നത്തിന്റെയും, ബ്രദർ അഗസ്റ്റ്യന്റെയും നേതൃത്വത്തിൽ അഞ്ചംഗ സമിതിക്ക് രൂപം നൽകുകയും ചെയ്തു. കർഷക സംരക്ഷണസമിതിയുടെ നേതൃത്വ ത്തിൽ നടത്തിയ റോഡ് ഉപരോധത്തിൽ കെ.സി.വൈ.എം. രൂപത

സെക്രട്ടറി ശ്രീ. എബിൻ മുട്ടപ്പള്ളിയും മറ്റ് യൂണിറ്റംഗങ്ങളും സംബന്ധിച്ചു. മേഖല കൺവെൻഷനോടനുബന്ധിച്ചു നടന്ന ഡിബേറ്റ് മത്സരത്തിൽ ഷിനോജ്, തുഷാര, സ്റ്റെഫി എന്നിവർ നയിച്ച യൂണിറ്റ് ടീം രണ്ടാം സ്ഥാനം നേടി. മത്സരത്തിന്റെ സമ്മാനങ്ങൾ സ്പോൺസർ ചെയ്തത് തരിയോട് ഇടവക വികാരി റവ.ഫാ. ജോണി കുന്നത്ത് ആയിരുന്നു.

### ചുണ്ടക്കര യൂണിറ്റ്

യുവജനദിനം യൂണിറ്റിൽ ആഘോഷിച്ചു. വി.കുർബാനയ്ക്ക് യുവജനങ്ങൾ നേതൃത്വം നൽകി. പരിസ്ഥിതിദിനത്തോടനുബന്ധിച്ച് വൃക്ഷതൈകൾ നട്ടു. ചുണ്ടക്കരയുടെ സ്ഥാപകമദ്ധ്യസ്ഥനായ വി.ഏലിയനിവ്യയുടെ തിരുനാൾ അംഗങ്ങൾ ഏറ്റെടുത്ത് നടത്തുകയും നേർച്ചഭക്ഷണം തയ്യാറാക്കി നൽകുകയും ചെയ്തു. ഫണ്ട് ശേഖരണാർത്ഥം ദേവാലയമുറ്റം നിരത്തുന്നത് ഏറ്റെടുത്ത് നടത്തി.

### കുറ്റിമൂല യൂണിറ്റ്

യുവജനദിനത്തിലെ വി.കുർബാനയ്ക്ക് യുവജനങ്ങൾ നേതൃത്വം നൽകി. തുടർന്ന് നടന്ന യുവജനസെമിനാറിൽ ശ്രീ. ജോസ് പള്ളത്ത് ക്ലാസ് നയിച്ചു. ചായസൽക്കാരത്തിൽ പങ്കുചേർന്നുകൊണ്ട് യുവജനങ്ങൾ തങ്ങളുടെ സന്തോഷം പങ്കുവച്ചു. 50 യുവജനങ്ങൾ പങ്കെടുത്തു.

### കൊമ്മയാട് യൂണിറ്റ്

വി.അൽഫോൻസാമ്മയുടെയും വി. ജോൺമരിയവിയാനിയുടെയും തിരുനാളിനോട് ചേർന്നുള്ള വി.കുർബാനയ്ക്ക് യുവജനങ്ങൾ നേതൃത്വം നൽകി. യൂണിറ്റ് ഡയറക്ടർ റവ.ഫാ. സുനിൽ വട്ടുകുന്നേലിന് തിരുനാൾ ആശംസകൾ അർപ്പിച്ചു. ലോഗോസ് ക്വിസിന് 20 യുവജനങ്ങൾ പേര് രജിസ്റ്റർ ചെയ്ത് പഠനം ആരംഭിച്ചു.

### ആലാറ്റിൽ യൂണിറ്റ്

ഇടവകാദിനമായ ജൂലൈ 7-ന് 25-ാം വിവാഹവാർഷികം ആഘോഷിക്കുന്നവരെ യുവജനങ്ങളുടെ നേതൃത്വത്തിൽ ആദരിച്ചു. യുവജനദിനം 'യൂ മീറ്റ് 2013' എന്ന പേരിൽ ആഘോഷിച്ചു. യുവജനങ്ങൾ തയ്യാറാക്കിയ ഡിറക്ടറി യൂണിറ്റ് ഡയറക്ടർ റവ.ഫാ. വിൻസെന്റ് കൊരട്ടിപറമ്പിൽ പ്രകാശനം ചെയ്തു. 'വിശ്വാസവും മാറുന്ന യുവജനവും' എന്ന വിഷയത്തെക്കുറിച്ച് ശ്രീ. മാത്യു അറയ്ക്കൽ ക്ലാസ് നയിച്ചു. തുടർന്ന് സ്നേഹവിരുന്നും, കലാവിരുന്നും നടത്തപ്പെട്ടു. അന്നേദിവസം രൂപതാ വിസിറ്റും നടത്തപ്പെട്ടു.

### ബാവലി യൂണിറ്റ്

യുവജനദിനം സമുചിതമായി ആഘോഷിച്ചു. വി.കുർബാനയ്ക്ക് യുവജനങ്ങൾ നേതൃത്വം നൽകി. യൂണിറ്റിലെ എല്ലാ അംഗങ്ങളും പങ്കെടുത്ത യോഗത്തിൽവച്ച്, അതിർത്തിഗ്രാമമായ ബാവലി നേരിടുന്ന വിവിധ പ്രശ്നങ്ങൾ, അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത, ശുദ്ധജലദൗർബല്യം, വന്യമൃഗശല്യം... etc ഇവയെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഭാരവാഹികളെ ചുമതലപ്പെടുത്തി. മനോരമ ന്യൂസ് ചാനലിലും, വിവിധ പത്രങ്ങളിലും വാർത്തകൾ നൽകി പൊതുജനശ്രദ്ധയാകർഷിക്കാൻ സാധിച്ചു.

### മരകാവ് യൂണിറ്റ്

എകദിനസെമിനാർ നടത്തി. മേഖല പ്രസിഡന്റ് ശ്രീ. ആന്റണി മങ്കടപ്ര, രൂപത ജനറൽസെക്രട്ടറി ശ്രീ. ബിബിൻ ചെമ്പക്കര എന്നിവർ ക്ലാസ് നയിച്ചു. 100 യുവജനങ്ങൾ പങ്കെടുത്തു.

### ചെറുകാട്ടൂർ യൂണിറ്റ്

യുവജനങ്ങളുടെ നേതൃത്വത്തിൽ ഭക്തസാധനങ്ങളും, പുസ്തകങ്ങളും ഉൾക്കൊള്ളുന്ന സ്റ്റാൾ ആരംഭിച്ച് പ്രവർത്തിക്കുന്നു. ആഗസ്റ്റ് 15-ന് അഖണ്ഡജപമാല നടത്തി. റവ.ഫാ. ജോർജ് തേരകം, അസി. ഫാ. സാന്റോ പുതുമനകുന്നത്ത് പ്രാർത്ഥനകൾക്ക് നേതൃത്വം നൽകി. എല്ലാ ശനിയാഴ്ചകളിലും യുവജനങ്ങൾ മദ്ധ്യസ്ഥപ്രാർത്ഥന നടത്തുന്നു.

### തോമാട്ടുചാൽ യൂണിറ്റ്

ജൂലൈ 3-ന് യൂണിറ്റ് ഡയറക്ടർ റവ.ഫാ. ബിജു തുരുത്തേലിന്റെ നാമഹേതുകതിരുനാൾ ആഘോഷിച്ചു. ഡിവൈൻകൂട്ടായ്മയിൽ യൂണിറ്റ് കോർഡിനേറ്റർ ശ്രീ. വിപിൻ കിടങ്ങൂക്കാരന്റെ നേതൃത്വത്തിൽ 8 അംഗങ്ങൾ പങ്കെടുത്തു. ഭവനിർമ്മാണാർത്ഥം ഫണ്ട് ശേഖരണം നടത്തി. യുവജനദിനാഘോഷം സമുചിതമായി നടത്തി. ആശംസാകാർഡുകൾ കൈമാറി. യുവജനകൂട്ടായ്മ നടത്തുകയും മധുരപലഹാരം വിതരണം ചെയ്യുകയും ചെയ്തു.

### മേഖലാ വാർത്തകൾ - തരിയോട് മേഖല

മേഖല കൺവെൻഷൻ കാവുംമന്ദം യൂണിറ്റിൽവച്ച് ഫൊറോന വികാരി റവ.ഫാ. ജോണി കുന്നത്ത് ഉദ്ഘാടനം ചെയ്തു. മേഖലാ പ്രസിഡന്റ് ശ്രീ. ജെറ്റീഷ് വെള്ളാരംകാലായിൽ അധ്യക്ഷനായിരുന്നു. മേഖല ഡയറക്ടർ റവ.ഫാ. റെജി മുതുകത്താനിയിൽ സ്വാഗതം

ആശംസിച്ചു. ഉച്ചവരെ നടത്തപ്പെട്ട സെമിനാറിനുശേഷം ഡിബേറ്റ് മത്സരം നടത്തപ്പെട്ടു. ഡിബേറ്റിന് കെ.സി.വൈ.എം. രൂപതാ സെക്രട്ടറി ശ്രീ.എബിൻ മുട്ടപ്പള്ളിയും, കാവുംമന്ദം യൂണിറ്റ് പ്രസിഡന്റ് ശ്രീ. ജോമി മാളിയേക്കപ്പറമ്പിലും ആശംസകൾ നേർന്നു. മത്സരത്തിൽ ഒന്നാംസ്ഥാനം പുതുശ്ശേരിക്കടവ് യൂണിറ്റും, രണ്ടാംസ്ഥാനം തരിയോട് യൂണിറ്റും, മൂന്നാംസ്ഥാനം ചെന്നലോട് യൂണിറ്റും നേടി. വിജയികൾക്ക് കെ.സി.വൈ.എം. രൂപതാപ്രസിഡന്റ് ശ്രീ. ജിതേഷ് മുളയ്ക്കക്കുന്നേൽ, മുൻപ്രസിഡന്റ് ബിനോയ് പാനികുളം എന്നിവർ സമ്മാനങ്ങൾ നൽകി. തരിയോട് മേഖലയുടെയും ഡി.എം. വിംസ് മേപ്പാടിയുടെയും നേതൃത്വത്തിൽ ക്യാൻസർ ബോധവൽക്കരണ സെമിനാർ നടത്തി. ഡോ. ശശികുമാർ ഉദ്ഘാടനം ചെയ്തു. ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ ക്ലാസ് നയിച്ചു.

**ബിബിൻ ചെമ്പക്കര**
കെ.സി.വൈ.എം. ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

## വിവാഹത്തിനൊരുക്കമായുള്ള കോഴ്സുകൾ

ദ്വാരക പാസ്റ്ററൽ സെന്ററിൽ ആഗസ്റ്റ് 4 മുതൽ 7 വരെ നടന്ന കോഴ്സിൽ 100 പേരും മണിമൂളി പാസ്റ്ററൽ സെന്ററിൽ ആഗസ്റ്റ് 16 മുതൽ 19 വരെ നടന്ന കോഴ്സിൽ 72 പേരും പങ്കെടുത്തു. കോഴ്സുകളുടെ വിജയത്തിനായി സഹകരിച്ച എല്ലാ വൈദികരെയും കുടുംബപ്രേഷിതത്വ ടീം അംഗങ്ങളെയും നന്ദിപൂർവ്വം സ്മരിക്കുന്നു.

## അടുത്ത മാസങ്ങളിലെ കോഴ്സുകൾ

സെപ്റ്റംബർ 17 – 20 ദ്വാരക പാസ്റ്ററൽ സെന്റർ

ഒക്ടോബർ 6 – 9 ദ്വാരക പാസ്റ്ററൽ സെന്റർ

ഒക്ടോബർ 18 –21 ദ്വാരക പാസ്റ്ററൽ സെന്റർ

## കത്തോലിക്കാ മാതൃസംഘടന

13–08–2013–ന് രൂപതാ ആനിമേറ്റർ സി. റ്റെസീന എസ്.എ.ബി.എസ്, സി. ആലീസ് എസ്.കെ.ഡി. എന്നിവരുടെ നേതൃത്വത്തിൽ പ്രസിഡണ്ട് മോളി കരിമ്പനാക്കുഴിയുടെ അധ്യക്ഷതയിൽ രൂപതാ മാതൃസംഘടനയുടെ എക്സിക്യൂട്ടീവ് മീറ്റിംഗ് ചേർന്നു. രൂപതാ സെക്രട്ടറി ശ്രീമതി. കത്രിക്കുട്ടി ടീച്ചർ ഏവർക്കും സ്വാഗതം ആശംസിച്ചു. രൂപതാ ആനിമേറ്റർ സി. റ്റെസീന എസ്.എ.ബി.എസ്. യോഗനടപടികൾ വിശദീകരിച്ചു. രൂപതയിൽ ഓരോ മേഖലയിലും വിസിറ്റു നടത്തുന്നതിനെക്കുറിച്ചും വിധവാ സംഗമം നടത്തുന്നതിനേക്കുറിച്ചും വിശദമായി സംസാരിച്ചു. ഭാവികാര്യങ്ങളെക്കുറിച്ച് ചർച്ച നടത്തി. കെ.സി.ബി.സി വിമൻസ് ഫോറത്തിൽ പങ്കെടുക്കുവാൻ എല്ലാ എക്സിക്യൂട്ടീവ് അംഗങ്ങളേയും ആഹ്വാനം ചെയ്തു. അടുത്ത രൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ് സെപ്റ്റംബർ 18–ന്.

## മാനന്തവാടി മേഖല

20–07–2013 ന് ടൗൺ പള്ളിയിൽ വെച്ച് മാനന്തവാടി മേഖലയുടെ ജനറൽ ബോഡി ചേർന്നു. മേഖലാ ഡയറക്ടർ റവ.ഫാ. മാർട്ടിൻ

പുതുശ്ശേരിയുടെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ ടൗൺ പള്ളി വികാരി റവ. ഫാ. മാത്യു പെരുമാട്ടിക്കുന്നേൽ സന്നിഹിതനായിരുന്നു. പുതിയതായി സ്ഥാനമേറ്റ ഡയറക്ടറച്ചനും, ആനിമേറ്റർ സിസ്റ്ററിനും യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും പ്രസിഡന്റ് സ്വാഗതം ആശംസിച്ചു. ബഹു. പെരുമാട്ടിക്കുന്നേലച്ചൻ അമ്മമാർക്ക് സന്ദേശം നൽകി. തുടർന്ന് ഡയറക്ടറച്ചൻ സംഘടനയുടെ ഭാവി പ്രവർത്തനങ്ങളെക്കുറിച്ച് സംസാരിച്ചു. കണക്ക്, റിപ്പോർട്ട് എന്നിവ എഴുതുന്നതിനെക്കുറിച്ച് രൂപതയുടെ നിർദ്ദേശമനുസരിച്ച് ശ്രീമതി മോളി കരിമ്പനാക്കുഴി ശാഖാ ഭാരവാഹികൾക്ക് ക്ലാസ്സ് എടുത്തു. ജനറൽ ബോഡിയിൽ 59 പേർ പങ്കെടുത്തു.

09-08-2013 ന് മാനന്തവാടി മേഖലാ മാതൃസംഘടനയുടെ നേതൃത്വത്തിൽ ബോയ്സ് ടൗണിൽ ദമ്പതീ കൂട്ടായ്മ നടത്തി. മേഖലാ ഡയറക്ടർ ഫാ. മാർട്ടിൻ പുതുശ്ശേരി എല്ലാവർക്കും സ്വാഗതം ആശംസിച്ചു. രൂപത ഡയറക്ടർ ഫാ. മാത്യു പെരിയപ്പുറം കൂട്ടായ്മ ഉദ്ഘാടനം ചെയ്ത് ദമ്പതികൾക്ക് സന്ദേശം നൽകി. താമരശ്ശേരി രൂപതാംഗമായ ശ്രീ. വർഗ്ഗീസ് ക്ലാസ്സ് നയിച്ചു. വർഗ്ഗീസ് സാറിന് ജോസ് ആക്കപ്പടിക്കൽ നന്ദിയർപ്പിച്ചു. 230 പേർ പങ്കെടുത്തു.

## കൽപ്പറ്റ മേഖല

03-08-2013 ന് കൽപ്പറ്റ മേഖല ജനറൽ ബോഡി യോഗം കല്പ്പറ്റ സ്നേഹസദനിൽ ചേർന്നു. യോഗത്തിൽ സന്ദേശം നൽകിയ ഫാ. ജോസ് കൊച്ചറയ്ക്കൽ, രൂപത പ്രസിഡന്റ് ശ്രീമതി മോളി കരിമ്പനാക്കുഴിയേയും, ആനിമേറ്റർമാർ, മേഖലാ ശാഖാ ഭാരവാഹികൾ എന്നിവരെയും റോസമ്മ മാന്ദംകരിയിൽ സ്വാഗതം ചെയ്തു. മേഖല ആനിമേറ്റർ സി.ട്രീസ പ്ലാത്തോട്ടം എസ്.എച്ച്. ആശംസയർപ്പിച്ചു. തുടർന്ന് രൂപതാ പ്രസിഡന്റ് ശ്രീമതി മോളി കരിമ്പനാക്കുഴി മേഖലാ ശാഖാ ഭാരവാഹികൾക്ക് നേതൃത്വപരിശീലനക്ലാസ്സ് എടുത്തു. കണക്കുകൾ എഴുതേണ്ട രീതി വിവരിച്ചു. യോഗത്തിൽ വച്ച് മേഖല കലാ സാഹിത്യ വിജയികൾക്കുള്ള ട്രോഫികൾ വിതരണം ചെയ്തു. യഥാക്രമം തെനേരി, കൽപ്പറ്റ ശാഖകൾ ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കി. മേഖല സെക്രട്ടറി ശ്രീമതി ലിജി ജോർജ്ജ് നന്ദി പറഞ്ഞു. അംഗങ്ങൾ സ്നേഹസദനിലെ അന്തേവാസികളെ പരിചയപ്പെടുകയും അവരോടൊപ്പം കുറച്ച് സമയം ചെലവഴിക്കുകയും ചെയ്തു.

## ബത്തേരി മേഖല

10- 08-2013 ന് മാതൃസംഘടനയുടെ ശാഖാ എക്സിക്യൂട്ടീവ് അംഗങ്ങൾക്ക് ബത്തേരി ആശ്രമത്തിൽ വച്ച് നേതൃത്വ പരിശീലന

ക്യാമ്പ് നടത്തി. ജപമാലയോടുകൂടി ആരംഭിച്ച ക്ലാസ്സിൽ, രൂപതാ ആനിമേറ്റർ സി. റ്റെസീന എസ്.എ.ബി.എസ്. ഭാര്യ, അമ്മ, കുടുംബ നാഥ എന്നീ തലങ്ങളിൽ അമ്മമാരുടെ കർത്തവ്യങ്ങൾ വിശദീകരിച്ചു. നിയമാവലി, കണക്ക്, രജിസ്റ്ററുകൾ എങ്ങനെ എഴുതണം എന്നിവയെ ക്കുറിച്ച് വിശദീകരിച്ചു. മേഖല ഡയറക്ടർ ഫാ.ജോണി കാഞ്ഞിരപറ മ്പിൽ സ്വാഗതം ആശംസിക്കുകയും ഭാവിപ്രവർത്തനങ്ങൾ വിശദീക രിക്കുകയും ചെയ്തു. മിനി നന്ദി പറഞ്ഞു.

## കല്ലോടി മേഖല

13-07-2013 2.30 ന് ദ്വാരക എ.യു.പി. സ്കൂളിൽ വച്ച് കല്ലോടി മേഖലയുടെ ജനറൽ ബോഡി ചേർന്നു. മേഖല ഡയറക്ടർ ബഹു. മൈക്കിൾ അച്ചന്റെ നേതൃത്വത്തിൽ പ്രാർത്ഥനയോടെ മീറ്റിംഗ് ആരം ഭിച്ചു. ലിജി ഏവർക്കും സ്വാഗതം ആശംസിക്കുകയും സെക്രട്ടറി മോളി തോപ്പിൽ റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. പുതിയ ആനിമേറ്റ റായി സി. സിസിൽ മരിയ എസ്. എച്ച്, വൈസ് പ്രസിഡന്റ് ലിസി ജോൺ മക്കിയാട് എന്നിവരെ തെരഞ്ഞെടുത്തു. തുടർന്ന് മാതൃസംഘ ടനയുടെ മേഖലാ, രൂപതാ മൽസരങ്ങളുടെ വിലയിരുത്തൽ നടത്തി. എക്സിക്യുട്ടീവ് അംഗങ്ങൾ ഗ്രൂപ്പുകളായി ശാഖാ സന്ദർശനം നടത്തു വാനും, മാതൃസംഘടന ഇല്ലാത്ത ശാഖകളിൽ രൂപീകരിക്കുവാനും തീരു മാനിച്ചു. ആനീസ് ഏവർക്കും നന്ദി പറഞ്ഞു.

## മണിമൂളി മേഖല

മണിമൂളി മേഖല ഡയറക്ടർ ബഹു സെബാസ്റ്റ്യൻ കീഴേത്ത ച്ചന്റെ നേതൃത്വത്തിൽ ജൂലായ് 31 ന് നരിവാലമുണ്ട യൂണിറ്റിൽ വച്ച് മേഖലാ ജനറൽബോഡി ചേർന്നു. തിരുമണിക്കൂർ ആരാധനയോടെ ആരംഭിച്ച മണിമൂളി മേഖലയുടെ ചെയിൻ റോസറി ആഘോഷമായി പര്യവസാനിപ്പിച്ചു. ബഹു. ഫാ.സണ്ണി കൊല്ലാർതോട്ടം ആരാധനയ്ക്ക് നേതൃത്വം നൽകി. നരിവാലമുണ്ട ശാഖ ജപമാലയ്ക്ക് നേതൃത്വം വഹിച്ചു. മേഖലാ ടീമിന്റെ നേതൃത്വത്തിൽ 11 മണിയോടെ ആരംഭിച്ച പൊതുസമ്മേളനത്തിൽ പ്രസിഡന്റ് ശ്രീമതി സിബിയ കറുകപ്പള്ളി അദ്ധ്യക്ഷത വഹിച്ചു. മണിമൂളി നിലമ്പൂർ സിഞ്ചെല്ലൂസ് പെരിയ ബഹു. ഫാ. ജെയിംസ് കുറ്റിമാക്കൽ മുഖ്യപ്രഭാഷണം നടത്തി. ശ്രീമതി ടെസ്സി കളപ്പുരയ്ക്കൽ റിപ്പോർട്ടും ട്രഷറർ കണക്കും അവതരിപ്പിച്ചു. 2013 ലെ മേഖലാ കലാ സാഹിത്യ മൽസരവിജയികൾക്ക് സമ്മാനങ്ങൾ നൽകി. മേഖലയിലെ ഓവറോൾ ചാമ്പ്യൻഷിപ്പ് തലഞ്ഞി യൂണിറ്റ് കരസ്ഥ മാക്കി. തുടർന്ന് ഡയക്ടറച്ചന്റെ നേതൃത്വത്തിൽ അടുത്ത മാസത്തെ ദമ്പതീക്കൂട്ടായ്മക്കുവേണ്ട സ്ഥലവും തീയതിയും തീരുമാനിച്ചു.

അടുത്ത മാസത്തെ പ്രവർത്തന പരിപാടികൾ ചർച്ച ചെയ്തു. 9 ഇടവകകളിൽ നിന്നുമായി 45 പേർ പങ്കെടുത്തു. ശ്രീമതി സുമ കേച്ചേരി നന്ദിയർപ്പിച്ചു.

**ഇടിവണ്ണ ശാഖ**

ഇടവക മദ്ധ്യസ്ഥനായ വി. തോമാശ്ലീഹായുടെ ഓർമ്മത്തിരുന്നാൾ ആഘോഷിച്ചു. ജൂലായ് 13-ാം തീയതി 'ശിഥിലമാകുന്ന കുടുംബ ബന്ധങ്ങളിൽ മാതൃത്വത്തിന്റെ പങ്ക്' എന്ന വിഷയത്തിൽ ബഹു. ബാബു പാറയിലച്ചൻ ക്ലാസ്സെടുത്തു.

**കൽപ്ര**

ജൂലൈ 5 ന് ബഹു. തോമസ് കാട്ടുതുരുത്തി അച്ചന്റെ നാമഹേതുകതിരുന്നാൾ ആഘോഷിച്ചു. സാമ്പത്തികമായി വിഷമിക്കുന്ന രണ്ട് കുടുംബങ്ങൾക്ക് 5000 രൂപാ വീതം ധനസഹായം നൽകി. രോഗീസന്ദർശനം, വെള്ളിയാഴ്ചകളിലെ പ്രാർത്ഥനാകൂട്ടായ്മ, ആദ്യവെള്ളിയാഴ്ചകളിലെ പൊതുദിവ്യകാരുണ്യസ്വീകരണം എന്നിവ നടത്തുന്നു.

**ഞാറപ്പാടം ശാഖ**

05-07-2013 ന് മണിമൂളിയിൽ വച്ച് നടന്ന മേഖലാ എക്സിക്യൂട്ടീവിൽ ശാഖാ ഭാരവാഹികൾ പങ്കെടുത്തു. 08-07-2013 ന് ശാഖാ എക്സിക്യൂട്ടീവ് ചേർന്നു. പ്രവർത്തനങ്ങളെ വിലയിരുത്തുകയും ജൂലൈ 10,11,12 തീയതികളിൽ ശാഖയിൽ നടത്തേണ്ട ചെയിൻ റോസറിയെകുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു. 14-07-2013 ന് ബഹു. തോമസ് പരുന്തനോലിൽ അച്ചന്റെ നേതൃത്വത്തിൽ ശാഖയിൽ നടന്ന ചെയിൻ റോസറിയെ വിലയിരുത്തി. ഭാരവാഹികളുടെ നേതൃത്വത്തിൽ അമ്മമാർ ഭവന സന്ദർശനവും രോഗീ സന്ദർശനവും നടത്തുക, പള്ളിയും പരിസരവും വൃത്തിയാക്കുക, എല്ലാ ശനിയാഴ്ച്ചയും 2 മണി മുതൽ 3 മണി വരെ ഇടവകയ്ക്ക് വേണ്ടി വിവിധ നിയോഗങ്ങൾ സമർപ്പിച്ച് ആരാധനയും നടത്താം എന്ന് തീരുമാനിച്ചു. 31-07-2013 ന് നരിവാലമുണ്ട ശാഖയിൽ വച്ച് നടന്ന ചെയിൻ റോസറി സമാപനത്തിൽ ഞാറപ്പാടം ശാഖയിൽ നിന്നും ഭാരവാഹികൾ പങ്കെടുത്തു. 2012-2013 വർഷത്തെ മേഖലാ മൽസരവിജയികളുടെ സമ്മാനം ഏറ്റു വാങ്ങുകയും ചെയ്തു.

**പടമല ശാഖ**

ബഹു.സണ്ണിയച്ചന്റെ നേതൃത്വത്തിൽ മീറ്റിംഗ് നടത്തി. വിശ്വാസവർഷത്തിന്റെ ഭാഗമായി ഇടവകയിലെയും ഫൊറോനയിലേയും എല്ലാ അമ്മമാരെയും ഉൾപ്പെടുത്തി കുടുംബപ്രേഷിതത്വടീം അംഗമായ സി. ആലീസ് എസ്.കെ.ഡി.ക്ലാസ്സെടുത്തു. ജാഗരണപ്രാർത്ഥനയിൽ

അമ്മമാർ പങ്കെടുത്തു. എല്ലാ വെള്ളിയാഴ്ചകളിലും ദേവാലയത്തിൽ വച്ച് നടക്കുന്ന കുരിശിന്റെ വഴിയിൽ അമ്മമാർ ഇടവകയിലെ രോഗികൾക്കുവേണ്ടി ഉപവസിച്ച് പ്രാർത്ഥിച്ചു. മാതൃസംഘടനാംഗങ്ങൾ ഇടവകയിലെ വീടുകൾ സന്ദർശിക്കുകയും അന്നേ ദിവസം കിട്ടിയ അരിയും, വസ്ത്രങ്ങളും, പണവും പാവപ്പെട്ടവർക്കും രോഗികൾക്കും നൽകുകയും ചെയ്തു. അംഗങ്ങൾ ഗവ.ആശുപത്രി സന്ദർശിച്ച് രോഗികൾക്ക് ഭക്ഷണം വിതരണം ചെയ്തു. വി. അൽഫോൻസാമ്മയുടെ തിരുന്നാളിനൊരുക്കമായി പള്ളിയും പരിസരവും വൃത്തിയാക്കി. തിരുനാൾ ദിവസങ്ങളിൽ അമ്മമാരുടെ നേതൃത്വത്തിൽ ജപമാല ചൊല്ലുകയും കാഴ്ച വപ്പ് നടത്തുകയും ചെയ്തു.

**കുറുമ്പാലക്കോട്ടയിൽ മാതൃസംഘത്തിന് പുതിയശാഖ**

കുറുമ്പാലക്കോട്ട സെന്റ് ജൂഡ്സ് ഇടവകയിൽ 15-8-2013 ന് രൂപതാ ഡയറക്ടർ ബഹു. മാത്യു പെരിയപ്പുറം അച്ചൻ അമ്മമാർക്ക് സെമിനാർ നടത്തി. പ്രസ്തുത സെമിനാറിൽ വച്ച് മാതൃസംഘം രൂപീകരിക്കുകയും ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ചെയ്തു. പ്രസിഡന്റ് - ഷാലി ചിറ്റക്കാട്ട്, വൈസ് പ്രസിഡന്റ് - പുഷ്പ ചിറ്റക്കാട്ട്, സെക്രട്ടറി - ഷൈനി തുരുത്തേൽ, ജോ.സെക്രട്ടറി - ഷൈനി പയ്യനാട്ട്, ട്രഷറർ - സോണിയ കുഴിക്കാട്ടിൽ, എക്സിക്യൂട്ടീവ് അംഗങ്ങൾ - മേരി പുളിയംമാക്കൽ, എത്സമ്മ വരീക്കൽ, അന്നക്കുട്ടി കുഴിക്കാട്ടിൽ. തെരഞ്ഞെടുപ്പിന് ശാഖാഡയറക്ടർ ഫാ. ജോസഫ് പരുവുമ്മേൽ നേതൃത്വം നൽകി.

**മരിയൻ സിംഗിൾസ്**

12-08-2013 ന് ഡയറക്ടർ ഫാ. മാത്യു പെരിയപ്പുറം, സി. മരീന ജോസ് എന്നിവരുടെ നേതൃത്വത്തിൽ ഏകസ്ഥരുടെ കൂട്ടായ്മ നടന്നു. ഫാ. അഗസ്റ്റ്യൻ താന്നിയിൽ ഏകസ്ഥരുടെ വിളി, ദൗത്യം എന്നിവയെക്കുറിച്ച് ക്ലാസ്സെടുത്തു. അടുത്ത മീറ്റിംഗ് സെപ്റ്റംബർ 19-ന്.

**ഫാ. മാത്യു പെരിയപ്പുറം**
ഡയറക്ടർ, കുടുംബപ്രേഷിതത്വം.

**ഫാ. ഇമ്മാനുവൽ വടക്കേൽ**
അസി. ഡയറക്ടർ

# വിമൻസ് കമ്മീഷൻ

വിമൻസ് കമ്മീഷൻ ഫൊറോന സെക്രട്ടറിമാരുടെ യോഗം 28-07-2013 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ ചേർന്നു. രൂപതാ ഡയറക്ടർ ബഹു. മാത്യു പെരിയപ്പുറം അച്ചൻ അർപ്പിച്ച ദിവ്യബലിക്കുശേഷം യോഗം ആരംഭിച്ചു. വിശ്വാസവർഷത്തോടനുബന്ധിച്ച് വനിതകൾക്കായി നടത്തുന്ന രചനാമൽസരം, ഫൊറോനതലത്തിൽ നടത്തുന്ന വിധവാ സംഗമം എന്നിവയെക്കുറിച്ച് ചർച്ച നടത്തി തീരുമാനങ്ങൾ കൈക്കൊണ്ടു. യോഗത്തിന് ശ്രീമതി ചിന്നമ്മ മാത്യു സ്വാഗതവും രൂപതാ ആനിമേറ്റർ സി. ആലീസ് എസ്.കെ.ഡി. നന്ദിയും അർപ്പിച്ചു.

**രചനാമത്സരങ്ങൾ**

അറിയിച്ചിരുന്നതുപോലെ 18 വയസിനു മുകളിൽ പ്രായമുള്ള എല്ലാ വനിതകൾക്കുമായി ഇടവക, ഫൊറോനാതല രചനാ മത്സരങ്ങൾ നടത്തുവാൻ ബന്ധപ്പെട്ട ഭാരവാഹികൾ ശ്രദ്ധിക്കുമല്ലോ. മത്സരവിഷയവും മറ്റു കാര്യങ്ങളും വിശദമാക്കിയുള്ള കത്തുകൾ ഇതിനകം ലഭിച്ചു കാണുമെന്ന് കരുതുന്നു.

**ചുങ്കക്കുന്ന് ഫൊറോന വിധവാസംഗമം**

ആഗസ്റ്റ് 10-ന് ചുങ്കക്കുന്ന് ഫൊറോന വിധവാ സംഗമം കേളകം സാൻജോ ഓഡിറ്റോറിയത്തിൽ ബഹു. ജോസ് വാഴക്കാല അച്ചന്റെയും സി. റീന എസ്. എച്ചിന്റെയും നേതൃത്വത്തിൽ നടത്തപ്പെട്ടു. 425 പേർ പങ്കെടുത്ത സംഗമം ചുങ്കക്കുന്ന് ഫൊറോന വികാരി ബഹു. ഫാ. തോമസ് മണക്കുന്നേൽ ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ ബഹു. ഫാ. മാത്യു പെരിയപ്പുറം അദ്ധ്യക്ഷത വഹിച്ചു. ബഹു.ഫാ. ചാണ്ടി പുനക്കാട്ട്, അഡ്വ. എൽബി മാത്യു, ശ്രീമതി. ലിസ്സി ഈറയിൽ എന്നിവർ ക്ലാസുകൾ നയിച്ചു. വിമൻസ് കമ്മീഷൻ രൂപതാ സെക്രട്ടറി ജിഷ ഷൈബി പറയിടം, ആനിമേറ്റർ സി. ആലീസ് എസ്.കെ.ഡി. എന്നിവർ ആശംസകളർപ്പിച്ചു. മാതൃസംഘടന രൂപതാ പ്രസിഡന്റ് ശ്രീമതി മോളി കരിമ്പനാക്കുഴി, സെക്രട്ടറി ശ്രീമതി കത്രിക്കുട്ടി ടീച്ചർ എന്നിവരും പങ്കെടുത്തു. കുടുംബത്തിലും സമൂഹത്തിലും ഏറെ പ്രതിസന്ധികളും വെല്ലുവിളികളും നേരിടുന്നവർക്ക് കരുത്തും, സാന്ത്വനവുമായി പ്രസ്തുത സംഗമം. കഴിയുന്നതും ഡിസംബറിന് മുമ്പായി എല്ലാ ഫൊറോനകളിലും പ്രസ്തുത സംഗമം നടത്താൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുമല്ലോ.

ആഗസ്റ്റ് 24-ന് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് നടന്ന വനിതാഫോറം സമ്മേളനത്തിൽ രൂപതാ, മേഖല ഭാരവാഹികൾ പങ്കെടുത്തു.

### സെപ്റ്റംബർ 8 'ഗേൾ ചൈൽഡ് ഡേ'

കത്തോലിക്കാസഭ ലോകചരിത്രത്തിലെ ഏറ്റവും ശ്രേഷ്ഠമായ സ്ത്രീജന്മം ആഘോഷിക്കുന്ന സെപ്റ്റംബർ 8-ന് 'ഗേൾ ചൈൽഡ് ഡേ' ആയി ഭാരതസഭ ആചരിക്കുന്നു. ജനിക്കാനും, വളരാനും, ജീവിത സാഫല്യം നേടാനുമുള്ള സ്ത്രീയുടെ അവകാശത്തെ ധ്വംസിക്കുകയും, ചൂഷണം ചെയ്യുകയും ചെയ്യുന്ന ഇന്നത്തെ മരണസംസ്ക്കാരത്തിനെതിരെ ഇടവകകളിൽ വിമൻസ് കമ്മീഷന്റെ നേതൃത്വത്തിൽ വനിതകൾ ഒരുമിച്ചുചേർന്ന് ഉചിതമായവിധം പ്രതികരിക്കുകയും പരിചിന്തനം നടത്തുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. സെപ്റ്റംബർ 8-ാം തീയതിയിലെ തിരുക്കർമ്മങ്ങൾക്ക് സഹായിക്കുംവിധം സി ബി സി ഐ വിമൻസ് കമ്മീഷൻ ലഭ്യമാക്കിയിട്ടുള്ള വിചിന്തനവും പ്രാർത്ഥനയും ചുവടെ ചേർക്കുന്നു.

## September 8-Prayer and Reflections from CBCI Women's Commission

### മറിയത്തിന്റെ ജനനത്തിരുനാൾ:
### പെൺകുഞ്ഞുങ്ങൾക്കായി ഒരു ദിനം

സ്ത്രീയുടെ സ്ഥൈര്യശക്തികളുടെ നിസ്തുല പ്രതീകമായ ദൈവമാതാവിന്റെ ജനനത്തിരുന്നാൾ ഇന്ന് സെപ്തംബർ 8-ന് നാം ആഘോഷിക്കുകയാണ്. നസ്രത്തിലെ നിർമ്മലയായ ആ ബാലികയാണ് വഴിയും സത്യവും ജീവനുമായ യേശുവിനെ ലോകത്തിന് സമ്മാനിച്ചത്. അവളിലൂടെയാണ് ദൈവപദ്ധതിയായ സ്നേഹവും സമാധാനവും നീതിയും ഭൂമിയിൽ പിറന്നത്.

മറിയത്തെപ്പോലെ ധീരരും ശക്തരും ദൈവവിശ്വാസികളും വരും വരായ്കകളെ വേവലാതിയില്ലാതെ ദൈവത്തിന് സ്വയം സമർപ്പിച്ചവരുമായ ബാലികമാരെ ഈ കാലഘട്ടത്തിലും നമുക്ക് കാണാൻ കഴിയും. ഈ സവിശേഷതകൾ കൊണ്ടാണ് പാക്കിസ്താനിലെ സ്വാത് താഴ്വരയിൽ നിന്നുള്ള മലാല എന്ന പെൺകുട്ടി ശ്രദ്ധേയയാകുന്നത്. വൈദ്യശാസ്ത്രം പഠിക്കാൻ ആഗ്രഹിച്ച് വിദ്യാഭ്യാസം തുടങ്ങിയ അവളുടെ ശിരസ്സിന് താലിബാൻ സമ്മാനിച്ചത് വെടിയുണ്ടകളായിരുന്നു. സ്ത്രീകൾ വിദ്യാഭ്യാസം ചെയ്യുന്നതും പൊതുസ്ഥത്ത് പ്രത്യക്ഷപ്പെ

ടുന്നതും താലിബാൻ വിലക്കിയിരുന്നു. താലിബാന്റെ ക്രൂരതകളും സ്ത്രീകൾക്കും പെൺകുട്ടികൾക്കും നേരെയുള്ള അക്രമങ്ങളും ചൂണ്ടി ക്കാട്ടി 2009 ൽ 12–ാം വയസ്സിൽ അവൾ ബി.ബി.സിയ്ക്ക് ഒരു രഹസ്യ ഡയറി അയച്ചു. 2012 ഒക്ടോബർ 9 ന് താലിബാൻ പ്രതികാരം ചെയ്തു. സ്കൂളിൽ നിന്നും മടങ്ങിവരും വഴി അവളുടെ ശിരസ്സിനുനേരെ അവർ നിറയൊഴിച്ചു. ഗുരുതരമായി പരിക്കേറ്റ അവൾ ദീർഘനാളത്തെ വിദഗ്ദ ചികിത്സയ്ക്കുശേഷം ജീവിതത്തിലേയ്ക്ക് മടങ്ങിയെത്തി. 2013 ജൂലായ് 16 ന് തന്റെ 16–ാം ജന്മദിനത്തിൽ യു.എൻ–ൽ നൂറോളം രാജ്യങ്ങളിൽ നിന്നുള്ള 12–നും 25–നും ഇടയിൽ പ്രായമുള്ള പ്രതിനിധികളെ അഭിസംബോധന ചെയ്തുകൊണ്ട് മലാല സംസാരിച്ചു.

തനിക്കും തന്നെപ്പോലുള്ളവർക്കും താലിബാന്റെയും മറ്റ് ഭീകര രുടെയും മക്കൾക്കും ആൺ പെൺ ഭേദമില്ലാതെ വിദ്യാഭ്യാസം നൽക ണമെന്നും പേനയും പുസ്തകങ്ങളും ശക്തമായ ആയുധമാക്കി മാറ്റ ണമെന്നും അവൾ ആഹ്വാനം ചെയ്തു. ഒരു കുട്ടിക്ക്, അദ്ധ്യാപികക്ക് ഒരു പുസ്തകത്തിന് ലോകത്തെ മാറ്റിമറിക്കാൻ കഴിയുമെന്ന് അവൾ പ്രഖ്യാപിച്ചു.

### വിശ്വാസികളുടെ പ്രാർത്ഥന: കാറോസൂസ

**കാർമ്മികൻ:–** സഹോദരീ സഹോദരന്മാരെ, പരിശുദ്ധ അമ്മ യുടെ ജനനദിവസത്തിൽ നമ്മുടെ രാജ്യത്തെ എല്ലാ കുഞ്ഞുങ്ങളും പെൺകുട്ടികളും, സ്ത്രീകളും നേരിടുന്ന പ്രതിസന്ധികളെ നമുക്ക് ഓർക്കാം. നമ്മുടെ പെൺകുഞ്ഞുങ്ങൾക്ക് സ്വാതന്ത്ര്യം നൽക ണമെന്നും അവരെ സ്നേഹിക്കേണ്ടത് എങ്ങനെയെന്നും ഞങ്ങളെ പഠി പ്പിക്കണമെന്ന് ദൈവത്തോട് നമുക്ക് പ്രാർത്ഥിക്കാം. അതോടൊപ്പം ലോകം കൂടുതൽ കാരുണ്യമുള്ളതായിത്തീരാൻ നമുക്ക് നമ്മുടെ യാച നകളെ സമർപ്പിക്കാം.

1. നമ്മുടെ പിതാവായ ഫ്രാൻസിസ് മാർപാപ്പായ്ക്കുവേണ്ടിയും, ഞങ്ങ ളുടെ സഭയുടെ തലവനും പിതാവുമായ മാർ ജോർജ് മെത്രാപ്പോ ലീത്തായ്ക്കുവേണ്ടിയും അതിരൂപതാദ്ധ്യക്ഷൻ ജോർജ് മെത്രാപ്പോ ലീത്തായ്ക്കുവേണ്ടിയും ഞങ്ങളുടെ രൂപതാദ്ധ്യക്ഷനും പിതാവു മായ ജോസ് മെത്രാനുവേണ്ടിയും മറ്റെല്ലാ മെത്രാൻമാർക്കുവേ ണ്ടിയും വൈദികർ, സമർപ്പിതർ, വിശ്വാസികൾ, ചുറ്റുമുള്ള കുഞ്ഞു ങ്ങളുടെ കരച്ചിൽ തിരിച്ചറിയുന്നവർ എന്നിവർക്കെല്ലാം വേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ: കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

2. പെൺകുട്ടികളുടെയും സ്ത്രീകളുടെയും ജീവിതങ്ങളെ ഉറപ്പിച്ച് നിർത്താൻ പരിശ്രമിക്കുന്ന ഞങ്ങളുടെ ഭരണാധികാരികൾക്ക് വേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ: കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

3. നമ്മുടെ പെൺകുഞ്ഞുങ്ങളെ ഗർഭത്തിൽ വച്ചും അല്ലാതെയും കൊലപ്പെടുത്തുന്ന, അവരുടെ ജീവിതങ്ങളെ ഉപയോഗിക്കുകയും ദുരുപയോഗിക്കുകയും ചെയ്യുന്ന മനുഷ്യരുടെ മനസ്സുകളിൽ മാറ്റം വരുത്തണമെ എന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ: കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

4. സൗജന്യ വിദ്യാഭ്യാസം നേടാൻ അർഹതയുണ്ടായിട്ടും അത് നിഷേധിക്കപ്പെട്ട, ഒരു ജീവിതം സ്വപ്നം കാണാൻ പോലും കഴിയാത്ത 57 കോടിയോളം കുഞ്ഞുങ്ങൾക്കായി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ: കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

5. നാം ഓരോരുത്തരും നമ്മുടെ ശക്തിയെ തിരിച്ചറിഞ്ഞ് മൗനം വെടിഞ്ഞ്. ഭവനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തൊഴിലിടങ്ങൾ, സമൂഹം എന്നിവിടങ്ങളിൽ മാറ്റത്തിനുവേണ്ടി പ്രവർത്തിക്കുന്നവരായി മാറുവാൻ കൃപ നൽകണമേ എന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ: കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

6. ഞങ്ങളുടെ ഇടവകയുടെയും കുടുംബത്തിന്റെയും ഞങ്ങളുടെ വ്യക്തിപരവുമായ നിയോഗങ്ങൾക്കായി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂ: കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**കാർമ്മികൻ:-**

ഞങ്ങളുടെ ബോധത്തെ പ്രകാശിപ്പിക്കുന്ന ദൈവമെ ഞങ്ങളുടെ ചുറ്റുമുള്ള അനീതികൾക്ക് നേരെ ഞങ്ങളുടെ കണ്ണുകളും കാതുകളും തുറക്കണമെ. ശബ്ദമില്ലാത്തവരുടെ ശബ്ദമാകാൻ ഞങ്ങളുടെ അധരങ്ങൾ തുറക്കണമെ. സ്ത്രീയിലെ, പുരുഷനിലെ, കുട്ടികളിലെ യഥാർത്ഥവിശ്വാസികളെ കണ്ടെത്താൻ ഞങ്ങളുടെ മനസ്സുകൾ തുറക്കണമെ. പരിശുദ്ധദൈവമാതാവിന്റെ മദ്ധ്യസ്ഥതയിൽ ഈ പ്രാർത്ഥന ഞങ്ങൾ സമർപ്പിക്കുന്നു. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും ആമ്മേൻ.

**ജിഷ ഷൈബി പറയിടം**

സെക്രട്ടറി, രൂപതാവിമൻസ് കമ്മീഷൻ

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

കർത്താവിൽ സ്നേഹമുള്ള വിൻസെൻഷ്യൻ സഹോദരീസഹോദരങ്ങളേ,

"ഇതാ നിന്റെ അമ്മ" എന്ന് അരുൾചെയ്ത് തന്റെ അമ്മയെ-ലോകത്തിന് സഹരക്ഷകയായി, അന്ത്യദാനമായി യേശുനാഥൻ നമുക്ക് തന്ന പരിശുദ്ധ അമ്മയുടെ ജന്മദിനാഘോഷത്തിന്റെ മുന്നോടിയായി എട്ടുനോമ്പ് ആചരണത്തിലേക്ക് കടക്കുന്ന ഈ അവസരത്തിൽ എല്ലാവർക്കും പരിശുദ്ധിയുടെയും നന്മയുടെയും ആശംസകൾ നേരുന്നതിനോടൊപ്പംതന്നെ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ സ്ഥാപകനായ വാഴ്ത്തപ്പെട്ട ഫ്രെഡറിക് ഓസ്സാനാമിന്റെ തിരുനാളാഘോഷത്തിന്റെയും (സെപ്റ്റംബർ 9) സംഘടനയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വിശുദ്ധ വിൻസെന്റ് ഡി പോളിന്റെ തിരുനാളാഘോഷത്തിന്റെയും (സെപ്റ്റംബർ 27) മംഗളങ്ങൾ നേരുന്നു. ഈ അവസരത്തിൽ തീക്ഷ്ണതയോടെ ഉപവി പ്രവർത്തനങ്ങൾ സജീവമാക്കുന്നതിനുള്ള ശക്തിയും ഊർജ്ജവും പരിശുദ്ധാത്മാവിന്റെ നിറവിൽ നമുക്ക് ലഭിക്കുന്നതിന് പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥം അപേക്ഷിക്കാം.

കഴിഞ്ഞ മാസം അറിയിച്ചതുപോലെ തിരുനാളിനോടനുബന്ധിച്ചുള്ള നൊവേനയും തിരുനാളാഘോഷങ്ങളും എല്ലാ കോൺഫ്രൻസുകളിലും ബഹു. വികാരി അച്ചന്മാരുടെ സഹകരണത്തോടെ സമുചിതമായി ആഘോഷിക്കുവാൻ ഒരിക്കൽക്കൂടി ഓർമ്മിപ്പിക്കുന്നു.

### സിസി യോഗം

2013 ആഗസ്റ്റ് 10-ാം തീയതി ബ്രദർ തോമസ് മാങ്ങൻ, പ്രസിഡണ്ട് മാനന്തവാടി സെൻട്രൽ കൗൺസിൽ, അദ്ധ്യക്ഷതയിൽ ഓസ്സാനാംഭവനിൽ വെച്ച് 10 മണിക്ക് ചേർന്നു.

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ മഹത് പ്രോജക്ടായ ഓസ്സാനാംഭവന്റെ വിപുലീകരണത്തിന്റെ ഭാഗമായി പുതിയ

ബ്ലോക്കിന്റെ നിർമ്മാണ പുരോഗതി വിലയിരുത്തി. നിർമ്മാണം ഉദ്ദേശിച്ചതിനേക്കാൾ വേഗത്തിലാണ് പുരോഗമിക്കുന്നത്.

കെട്ടിടനിർമ്മാണ ഫണ്ട് ശേഖരണത്തിൽ ഏ സി തലത്തിൽ വളരെ ആത്മാർത്ഥതയോടെ രംഗത്തേക്കിറങ്ങിയിട്ടുണ്ട് എന്ന വസ്തുത അഭിനന്ദനാർഹമാണ്. എങ്കിലും നമ്മുടെ നിർമ്മാണപ്രവർത്തിൽ ആവശ്യമായിവരുന്ന സാമഗ്രികളുടെ വിലക്കയറ്റത്തേയും അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്ന കൂലി വർദ്ധനവിനെയും മറ്റ് സാഹചര്യങ്ങളെയും വിലയിരുത്തി ഏ സി തലത്തിൽ കുറേക്കൂടി ഇടപെടൽ അഭ്യർത്ഥിക്കുകയാണ്.

12-8-2013 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് അഭിവന്ദ്യപിതാവിന്റെ സാന്നിദ്ധ്യത്തിൽ രൂപതയിലെ വികാരി അച്ചന്മാരുമായി സെൻട്രൽ കൗൺസിൽ ഭാരവാഹികൾ അഭിവന്ദ്യപിതാവുമായി കൂടികാഴ്ച നടത്തി ഓസ്സാനാംഭവന്റെ പുതിയ ബ്ലോക്ക് നിർമ്മാണത്തിന്റെ പുരോഗതിയെപ്പറ്റി ചർച്ച ചെയ്യുകയുണ്ടായി.

14-8-2013 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് അഭിവന്ദ്യ പിതാവിന്റെ സാന്നിദ്ധ്യത്തിൽ രൂപതയിലെ വൈദികരുമായി സെൻട്രൽ കൗൺസിലിന്റെ ഭാരവാഹികൾ ബ്രദർ തോമസ് മാങ്ങൻ, ബ്രദർ അഗസ്റ്റിൻ കൊടിയംകുന്നേൽ, ബ്രദർ ജോർജ്ജ് ആക്കാന്തരി, ബ്രദർ ജോൺ കണ്ണാട്ടുപറമ്പിൽ എന്നിവർ ചേർന്ന് കൂടിക്കാഴ്ച നടത്തുകയും അച്ചന്മാർ എല്ലാവിധ സഹായസഹകരണങ്ങൾ വാഗ്ദാനം ചെയ്യുകയും ചെയ്തു.

ഏ സി തല റിപ്പോർട്ടുകൾ, വിൻസെൻഷ്യൻ പ്രവർത്തനങ്ങളുടെ അടിസ്ഥാനമൂല്യങ്ങളെ മുൻനിർത്തി കുറച്ചുകൂടി ആദ്ധ്യാത്മികതയെ വളർത്തുന്ന രീതിയിൽ അഥവാ പൊതുജനം നമ്മെ മാതൃകയായി സ്വീകരിക്കുന്ന രീതിയിൽ ആകണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ അവസരത്തിൽ നമ്മുടെ സംഘടനയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥൻ സെന്റ് വിൻസെന്റ് ഡി പോളിന്റെ വാക്കുകൾ ഉദ്ധരിക്കുകയാണ് "നാവുകൊണ്ട് ചെയ്ത നന്മകൾ പ്രവർത്തികൾകൊണ്ട് നശിക്കാതിരിക്കട്ടെ." ചുരുക്കം ചില ഏ സികളുടെ പ്രവർത്തനം വളരെ അഭിനന്ദനാർഹമാണ്.

സി സി ഭാരവാഹികളുടെ പ്രവർത്തനങ്ങളെ പ്രത്യേകിച്ച് പുതിയ കോൺഫ്രൻസുകൾ രൂപീകരിക്കാൻ അഹോരാത്രം പ്രവർത്തിച്ച സി സി ജനറൽ സെക്രട്ടറി ബ്രദർ അഗസ്റ്റിൻ കൊടിയംകുന്നേൽ, ബത്തേരി ഏ സി പ്രസിഡണ്ട് ബ്രദർ ഫ്രാൻസിസ് പുലിക്കോട്ടിൽ, മാനന്തവാടി ഏ സി പ്രസിഡണ്ട് ബ്രദർ ജോസഫ് കിഴക്കേടത്ത് എന്നി

വരെയും ഓസ്സാനാംഭവന്റെ പുതിയ ബ്ലോക്ക് നിർമ്മാണത്തിലേക്ക് സജീവ ഇടപെടലുകളിൽ സഹകരിക്കുന്ന സി സി പ്രൊജക്ട് ഓഫീസർ ബ്രദർ ജോർജ്ജ് ആക്കാന്തിരിയേയും അഭിനന്ദിക്കുന്നു.

## പുതിയ കോൺഫ്രൻസുകൾ

ബത്തേരി ഏസി യുടെ കീഴിൽ ചുള്ളിയോട് സെന്റ് ഫ്രാൻസിസ് ഇടവകയിൽ രണ്ട് പുതിയ കോൺഫ്രൻസുകൾ രൂപീകരിച്ചു.

a). സെന്റ് ഫ്രാൻസിസ് കോൺഫ്രൻസ് (പുരുഷ വിഭാഗം)

| | | |
|---|---|---|
| ബ്രദർ ജോസഫ് വരകിൽ | - | പ്രസിഡണ്ട് |
| ബ്രദർ ഷാജി കടിക്കാട്ടിൽ | - | വൈസ് പ്രസിഡണ്ട് |
| ബ്രദർ റോയി വിളയപ്പള്ളിൽ | - | സെക്രട്ടറി |
| ബ്രദർ ജോൺ തറപ്പേൽ | - | ട്രഷറർ |

b). സെന്റ് അൽഫോൻസ കോൺഫ്രൻസ് (വനിത വിഭാഗം)

| | | |
|---|---|---|
| സി. പെണ്ണമ്മ മലയത്ത് | - | പ്രസിഡണ്ട് |
| സി. എൽസി വരകിൽ | - | വൈസ് പ്രസിഡണ്ട് |
| സി. ഷൈനി നെടുമ്പാറ | - | സെക്രട്ടറി |
| സി. സോയ പ്ലാക്കിൽ | - | ട്രഷറർ |

ചുള്ളിയോട് ഇടവക വികാരി റവ. ഫാ. ബാബു മൂത്തേടത്തിന്റെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ തുടക്കം മുതലുള്ള പ്രവർത്തനങ്ങളും പ്രവർത്തനങ്ങളുടെ പ്രസക്തിയെക്കുറിച്ച് മാനന്തവാടി സിസി ജനറൽ സെക്രട്ടറി ബ്രദർ അഗസ്റ്റിൻ കൊടിയംകുന്നേൽ ക്ലാസ്സെടുത്തു. കോൺഫ്രൻസ് പ്രവർത്തനങ്ങളെക്കുറിച്ച് ബത്തേരി ഏസി പ്രസിഡണ്ട് ബ്രദർ ഫ്രാൻസിസ് പുലിക്കോട്ടിൽ ക്ലാസ്സെടുത്തു.

മാനന്തവാടി ഏസി യിൽ മുതിരേരി, കാട്ടിക്കുളം എന്നീ ഇടവകകളിൽ മാനന്തവാടി ഏസി പ്രസിഡണ്ട് ബ്രദർ ജോസഫ് കിഴക്കേടത്തിന്റെ നേതൃത്വത്തിൽ പുതിയ കോൺഫ്രൻസുകൾ രൂപീകരിച്ചു.

ബത്തേരി മലങ്കര സിറിയൻ കത്തോലിക്കാ രൂപതയിൽ ബത്തേരി ഏ സി യുടെ നേതൃത്വത്തിൽ അഞ്ച് പുതിയ കോൺഫ്രൻസുകൾ രൂപീകരിച്ചു.

## സ്കോളർഷിപ്പ്

വിശ്വാസവർഷാചരണത്തിന്റെ ഭാഗമായി ഏസി തലത്തിൽ ഏറ്റവും കൂടുതൽ മാർക്ക് കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്ക് നൽകിയ

പ്രോത്സാഹന സ്കോളർഷിപ്പുകളുടെ വിവരങ്ങൾ എത്രയും പെട്ടെന്ന് സിസി യിൽ എത്തിക്കേണ്ടതാണ്.

റിന്യൂവൽ സ്കോളർഷിപ്പിനുള്ള അപേക്ഷകൾ സെപ്റ്റംബർ 15-ാം തീയതിക്കു മുമ്പ് സിസി യിൽ എത്തിക്കേണ്ടതാണ്. ചുമതല യുള്ള ബ്രദർ ഷാജൻ മാസ്റ്ററെ ഏൽപ്പിച്ചാലും മതിയാകും.

**എട്ട് നോമ്പാചരണം**

സെപ്റ്റംബർ 8-ാം തീയതി പരിശുദ്ധ അമ്മയുടെ ജന്മദിനം ആഘോഷത്തിന്റെ നിറവിൽ എല്ലാ കോൺഫ്രൻസുകളും അവരവരുടെ ദത്തുകുടുംബങ്ങൾക്ക് ഒരുനേരത്തെ ഭക്ഷണക്കിറ്റ് നൽകികൊണ്ട് ഉപവി പ്രവർത്തനത്തിന്റെ മാതൃകയാവണമെന്ന് താല്പര്യപ്പെടുന്നു. ഇത് വാഴ്ത്തപ്പെട്ട ഫ്രെഡറിക് ഓസ്സാനാമിന്റെ 200-ാം ജന്മദിന വാർഷികം പ്രമാണിച്ചാണ്.

**അറിയിപ്പ്**

വാഴ്ത്തപ്പെട്ട ഫ്രെഡറിക് ഓസ്സാനാമിന്റെയും വിശുദ്ധ വിൻസെന്റ് ഡി പോളിന്റെയും തിരുനാളാഘോഷം സെപ്റ്റംബർ 28-ാം തീയതി ഓസ്സാനാംഭവനിൽ വെച്ച് നടത്താൻ തീരുമാനിച്ച വിവരം ഒരി ക്കൽക്കൂടി അനുസ്മരിപ്പിക്കുകയും തദവസരത്തിൽ എല്ലാ കോൺഫ്രൻസ് പ്രസിഡണ്ട്മാർ, ഏസി ഭാരവാഹികൾ, സിസി ഭാര വാഹികൾ നിർബന്ധമായും പങ്കെടുക്കണമെന്ന് അറിയിക്കുന്നു.

**ഓസ്സാനാംഭവൻ സന്ദർശനം**

**പുൽപ്പള്ളി ഏ.സി**

| | | | |
|---|---|---|---|
| 17-09-2013 | - | സെന്റ് തെരേസ | ഇരുളം |
| 19-09-2013 | - | സെന്റ് ആഗ്നസ് | മുള്ളൻകൊല്ലി |

**തോണിച്ചാൽ ഏ.സി**

| | | | |
|---|---|---|---|
| 21-09-2013 | - | സെന്റ് ജൂഡ് | തോണിച്ചാൽ |
| 23-09-2013 | - | സെന്റ് മേരീസ് | തോണിച്ചാൽ |

**വാഴവറ്റ ഏ.സി**

| | | | |
|---|---|---|---|
| 25-09-2013 | - | സെന്റ് ജോസഫ് | ബാലേശുഗിരി |
| 27-09-2013 | - | സെന്റ് ഫ്രാൻസിസ് അസ്സീസി | മീനങ്ങാടി |
| 29-09-2013 | - | അമലോത്ഭവ | വാഴവറ്റ |
| 01-10-2013 | - | സെന്റ് ഡൊമിനിക് സാവ്യോ | വാഴവറ്റ |
| 03-10-2013 | - | സെന്റ് ജോർജ്ജ് | കൊളവയൽ |

| | | | |
|---|---|---|---|
| 05-10-2013 | - | സെന്റ് ജോസഫ് | തെനേരി |
| 07-10-2013 | - | സെന്റ് മേരീസ് | തെനേരി |
| 09-10-2013 | - | സെന്റ് സെബാസ്റ്റ്യൻ | വാഴവറ്റ |
| 11-10-2013 | - | ക്രിസ്തുരാജ | കരണി |

**ബത്തേരി ഏ.സി**

| | | | |
|---|---|---|---|
| 13-10-2013 | - | സെന്റ് ജൂഡ് | മൂലങ്കാവ് |
| 15-10-2013 | - | സെന്റ് മേരീസ് | ബത്തേരി |

ഏല്ലാവർക്കും പ്രാർത്ഥനയോടെ ഒരിക്കൽകൂടി ആശംസകൾ നേർന്നുകൊണ്ട്,

**ബ്രദർ എം. സി. തോമസ് മാങ്ങൻ**
സി.സി. പ്രസിഡണ്ട്

# സീയോൻ വാർത്തകൾ

## സോണൽ മീറ്റിംഗ്

"സീയോൻ പർവ്വതത്തിനും അവിടെ സമ്മേളിക്കുന്നവർക്കും മുകളിൽ പകൽമേഘവും രാത്രി പുകയും, ജ്വലിക്കുന്ന അഗ്നിയുടെ ദീപ്തിയും കർത്താവ് സ്ഥാപിക്കും. കർത്താവിന്റെ മഹത്വം എല്ലാറ്റിനും മുകളിൽ ഒരു വിതാനവും കൂടാരവുമായി നിലകൊള്ളും (ഏശ.4/5-6).

കൂട്ടായ്മയിലൂടെ കൃപ സ്വന്തമാക്കുവാൻ, ആറിപ്പോയതിനെ ചൂടുപിടിപ്പിക്കുവാൻ, ദൈവത്തിന്റെ ഇടപെടൽ ദർശിക്കുന്നതിനുവേണ്ടി ഓഗസ്റ്റ് 2 ആദ്യവെള്ളി 67 ടീമംഗങ്ങൾ സീയോൻ ചാപ്പലിൽ ഒന്നിച്ചുചേർന്ന് പ്രാർത്ഥിച്ചു. 10 മണിക്ക് കുരിശിന്റെ വഴി, തുടർന്ന് ആരാധന എന്നിവ നടത്തി. 12 മണിക്ക് ബഹു. സോണി വാഴകാട്ട് അച്ചൻ വി.ബലിയർപ്പിച്ച് വചനസന്ദേശം നൽകി. സഹനങ്ങൾ കൃപകളാക്കി തീർക്കുന്നതിനെക്കുറിച്ചായിരുന്നു അച്ചൻ സംസാരിച്ചത്. കുരിശിലേക്കു നോക്കിയാൽ സഹിക്കുന്ന ഓരോ മനുഷ്യനുമുള്ള ഉത്തരമുണ്ട്. സഹനം മഹത്വത്തിലേയ്ക്കും, നന്മയിലേയ്ക്കും, ഫലപ്രാപ്തിയിലേക്കും നയിക്കുമെന്നും സഹനാനുഭവങ്ങൾ ഓരോരുത്തരെയും കാമ്പും കരുത്തും ഉള്ളവരാക്കിതീർക്കും എന്ന് അച്ചൻ പറഞ്ഞു. 1.30 ന് ബഹുമാനപ്പെട്ട അഗസ്റ്റിൻ അച്ചന്റെ നേതൃത്വത്തിൽ പ്രാർത്ഥനയോടെ ടീം മീറ്റിംഗ് ആരംഭിച്ചു. അഭിഷേകം നിറയേണ്ടതിനെക്കുറിച്ചും, ആത്മശക്തി കുറയുമ്പോൾ പുറകോട്ടുപോകുന്നതിനെക്കുറിച്ചും അച്ചൻ സംസാരിച്ചു. "കർത്താവ് നിനക്ക് കഷ്ടതയുടെ അപ്പവും, ക്ലേശത്തിന്റെ ജലവും തന്നാലും നിന്റെ ഗുരു നിന്നിൽ നിന്ന് മറഞ്ഞിരിക്കുകയില്ല നിന്റെ നയനങ്ങൾ നിന്റെ ഗുരുവിനെ ദർശിക്കും, നീ വലത്തോട്ടോ, ഇടത്തോട്ടോ തിരിയുമ്പോൾ നിന്റെ കാതുകൾ പിന്നിൽ നിന്ന് ഒരു സ്വരം ശ്രവിക്കും

ഇതാണ് വഴി. ഇതിലേ പോവുക (ഏശയ്യ 30/20-21) ഈ വചനത്തെ ക്കുറിച്ചും ആത്മാവിനാൽ നിറയേണ്ടതിനെക്കുറിച്ചും ഉദ്ബോധിപ്പിച്ചു. തുടർന്ന് കൃപകളെ ജ്വലിപ്പിക്കുന്നതിനുവേണ്ടിയും, അഭിഷേകത്താൽ നിറയുന്നതിനുവേണ്ടിയും എല്ലാവരും പ്രാർത്ഥിക്കുകയും രണ്ട് അച്ച ന്മാരും എല്ലാവരുടെയും ശിരസിൽ കരങ്ങൾ വച്ച് പ്രാർത്ഥിക്കുകയും ചെയ്തു. തുടർന്ന് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ പറഞ്ഞു. മൂന്ന് മണിക്ക് മീറ്റിംഗ് അവസാനിപ്പിച്ചു. തുടർന്ന് ആദ്യശനി കൺവെൻഷനുവേണ്ടി ഒരുക്കങ്ങൾ നടത്തി.

**ജാഗരണ പ്രാർത്ഥന 2-8-13**

"സിംഹക്കുട്ടികൾ ഇരകിട്ടാതെ വിശന്നുവലഞ്ഞേക്കാം കർത്താ വിനെ അന്വേഷിക്കുന്നവർക്ക് ഒന്നിനും കുറവുണ്ടാവുകയില്ല". (സങ്കീ.34/10) ദിവ്യനാഥന്റെ കൃപകൾ സ്വന്തമാക്കുന്നതിനായി 6.30 ന് ജപമാലയോടെ പ്രാർത്ഥന ആരംഭിച്ചു. 7 മണിക്ക് ബഹു. അഗസ്റ്റിന ച്ചൻ വി.ബലിയർപ്പിച്ച് വചനസന്ദേശം നൽകി. അത്താഴശേഷം കുരി ശിന്റെ വഴി തുടർന്ന് 10 മുതൽ 12 വരെ ആരാധന ബഹു. അഗസ്റ്റിന ച്ചന്റെ നേതൃത്വത്തിൽ സീയോൻ ടീം നടത്തി. 12 മണിക്ക് വിശ്രമത്തി നായി പോയി.

**ആദ്യശനി - ഏകദിന കൺവെൻഷൻ 3-8-13**

പ്രഭാതത്തിൽ തമ്പുരാന്റെ കൃപ സ്വന്തമാക്കുവാൻ ആഗ്രഹിച്ചു കൊണ്ട് 6 മണിക്ക് ബഹു. അഗസ്റ്റിനച്ചന്റെ നേതൃത്വത്തിൽ സീയോൻ ഹാളിൽ ജപമാല പ്രദക്ഷണം നടത്തി പ്രാർത്ഥിച്ചു. പ്രഭാതഭക്ഷണ ശേഷം 9 മണിക്ക് സപ്രാ, സ്തുതിആരാധന എന്നിവ ശ്രീ. ബേബി മൂത്തേടത്തിന്റെ നേതൃത്വത്തിൽ നടന്നു. അതിനുശേഷം ദൈവം ചൊരിഞ്ഞ അനുഗ്രഹങ്ങൾ ഏറ്റു പറഞ്ഞു സാക്ഷ്യപ്പെടുത്തി. 11 മണിക്ക് ബഹുമാനപ്പെട്ട സണ്ണി മഠത്തിൽ അച്ചൻ ക്ലാസെടുത്തു. കുടുംബത്തെ ക്കുറിച്ചും, അവിടെനിന്നും ഉയിർക്കൊള്ളേണ്ട ദൈവവിളികളെക്കുറിച്ചും സംസാരിച്ചു. 12 മണിക്ക് മാനന്തവാടി രൂപതാ സെമിനാരി റെക്ടർ ബഹു. തോമസ് കച്ചിറയിൽ അച്ചന്റെ നേതൃത്വത്തിൽ സമൂഹബലി അർപ്പിച്ചു. തോമസച്ചൻ മാതാപിതാക്കളുടെ മനസ്സുണർത്തുംവിധം വചനസന്ദേശം നൽകി. 2.30 വരെ ആരാധന, വിടുതൽ ശുശ്രൂഷ എന്നിവ അഗസ്റ്റിന ച്ചൻ നടത്തി. നിറഞ്ഞ സന്തോഷത്തോടെ ദൈവജനം ഭവനങ്ങളിലേക്കു മടങ്ങി.

**ആന്തരിക സൗഖ്യധ്യാനം**

"അന്ധകാരത്തിൽ നിന്നും, മരണത്തിന്റെ നിഴലിൽ നിന്നും അവിടുന്ന് അവരെ പുറത്തുകൊണ്ടുവന്നു. അവരുടെ ബന്ധനങ്ങൾ പൊട്ടിച്ചെറിഞ്ഞു. അവർ കർത്താവിന് അവിടുത്തെ കാരുണ്യത്തെപ്രതിയും മനുഷ്യമക്കൾക്കായി അവിടുന്നു ചെയ്ത അദ്ഭുതങ്ങളെപ്രതിയും നന്ദി പറയട്ടെ" (സങ്കീ. 107/14-15). ജൂലൈ മാസത്തെ ധ്യാനത്തിൽ 90 ദൈവമക്കൾ പങ്കെടുത്തു. സൗഖ്യത്തിന്റെ, വിടുതലിന്റെ അനുഭവം സ്വന്തമാക്കി.

**യുവജന ഏകദിനധ്യാനം 10-8-13**

2-ാം വെള്ളിയാഴ്ച ലീഡേഴ്സ് ഒരുമിച്ച് ചേർന്ന് ജാഗരണ പ്രാർത്ഥന ബഹുമാനപ്പെട്ട ലാൽ അച്ചന്റെ നേതൃത്വത്തിൽ നടത്തി.

10-8-13 രണ്ടാംശനി ഏകദിനധ്യാനം നടത്തി. 50 ഓളം യുവജനങ്ങൾ പങ്കെടുത്തു. റവ.ഫാ. മരിയദാസ് നോർബർട്ടൈൻ ക്ലാസെടുക്കുകയും, വി.ബലിയർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു. ആരാധന ശ്രീ. ബിജു നയിച്ചു. കൂടുതൽ ആത്മീയ നിറവിന്റെ ദിവസമായിരുന്നു ഇത്. ജീസസ് യൂത്ത് ലീഡർ കുമാരി ഡിയോൾ തൃശൂരിൽ വച്ചു നടന്ന ട്രെയിനിംഗ് പ്രോഗ്രാമിൽ പങ്കെടുത്തു. യുവജനധ്യാനത്തിന് ഒരുക്കമായി ടീമംഗങ്ങൾ ജൂലൈ 26-ാം തീയതി 3 മണി മുതൽ 27 ന് 3 മണി വരെ മദ്ധ്യസ്ഥ പ്രാർത്ഥന നടത്തി.

**രണ്ടാംശനി ദമ്പതീകൂട്ടായ്മ**

10-8-13 ന് 10 മണിക്ക് ജപമാലയോടെ ദമ്പതീകൂട്ടായ്മ ആരംഭിച്ചു. ബഹുമാനപ്പെട്ട സോണി വാഴകാട്ട് അച്ചന്റെ നേതൃത്വത്തിൽ ക്ലാസ്, വി.ബലി, ചർച്ച എന്നിവ നടത്തി.

**പൊതുകൗൺസിലിംഗ് ദിനം**

9-8-13 ന് വൈകുന്നേരം കൗൺസിലേഴ്സ് ജാഗരണ പ്രാർത്ഥന നടത്തി. 10-ാം തീയതി 86 പേർ കൗൺസിലിംഗ് ശുശ്രൂഷയിൽ പങ്കുചേർന്നു. 12 കൗൺസിലേഴ്സ് ശുശ്രൂഷയ്ക്കായി കടന്നുവന്നു.

**ജാഗരണ പ്രാർത്ഥന മൂന്നാംവെള്ളി**

16-8-13 ജാഗരണ പ്രാർത്ഥന സീയോൻ ടീമും സുവിശേഷ മുന്നണി പ്രവർത്തകരും ഒന്നുചേർന്ന് നടത്തി. ബഹു. സോണിയച്ചൻ ക്ലാസെടുക്കുകയും 12 മണിവരെ കമില്ലസിലെ ബഹുമാനപ്പെട്ട ജോബിൻ അച്ചൻ ആരാധന നയിക്കുകയും ചെയ്തു.

**സീയോൻ സെപ്റ്റംബർ മാസത്തിൽ**

| | |
|---|---|
| 6 ആദ്യവെള്ളി | - സോണൽ മീറ്റിംഗ് |
| 7 ആദ്യ ശനി | - ഏകദിന കൺവെൻഷൻ |
| 14 രണ്ടാം ശനി | - യുവജനകൂട്ടായ്മ, ദമ്പതീകൂട്ടായ്മ, പൊതുകൗൺസിലിംഗ് |
| 20 മൂന്നാം വെള്ളി | - ജാഗരണ പ്രാർത്ഥന |
| 28 നാലാം ശനി | - സൗഖ്യദിനം |
| സെപ്. 29 ഒക്ടോ 3 | - ആന്തരിക സൗഖ്യധ്യാനം |

സെപ്റ്റംബർ 29 മുതൽ ഒക്ടോബർ 3 വരെ നടക്കുന്ന ആന്തരിക സൗഖ്യ ധ്യാനത്തിന് ബുക്കിംഗിനായി ബന്ധപ്പെടേണ്ട നമ്പർ:
04935-240922, 9567427885

**ഫാ. അഗസ്റ്റിൻ താന്നിയിൽ**
ഡയറക്ടർ സിയോൻ സി.ആർ.സി.

# കെ.സി.ബി.സി. മദ്യവിരുദ്ധസമിതി

**ജ്യോതിർഗമയ - ലഹരിമോചന കേരളയാത്ര**

കെ.സി.ബി.സി. മദ്യവിരുദ്ധ കമ്മീഷന്റെ നേതൃത്വത്തിൽ ഓഗസ്റ്റ് 14-ന് നീലേശ്വരത്ത് നിന്ന് ആരംഭിച്ച ലഹരിമോചന കേരളയാത്ര 'ജ്യോതിർഗമയ'ക്ക് മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ കണ്ണൂർ, വയനാട് ജില്ലകളിൽ ആവേശകരമായ സ്വീകരണം നൽകി. ധാരാളം വൈദീകരും അൽമായരും സിസ്റ്റേഴ്സും വിവിധകേന്ദ്രങ്ങളിൽ എത്തിച്ചേർന്നു എന്നത് പ്രത്യേകം അഭിനന്ദനാർഹമാണ്.

**കേളകം 17-8-2013**

മാനന്തവാടി രൂപത അതിർത്തിയായ കേളകത്ത് ചുങ്കക്കുന്ന് ഫൊറോനയുടെ നേതൃത്വത്തിൽ ആവേശോജ്ജ്വലമായ സ്വീകരണമാണ് നൽകപ്പെട്ടത്. വൈകുന്നേരം 5 മണിക്ക് കേളകത്ത് എത്തിച്ചേർന്ന ലഹരിമോചനയാത്രയെ ചുങ്കക്കുന്ന് ഫൊറോന വികാരി ബഹുമാനപ്പെട്ട തോമസ് മണക്കുന്നേലച്ചന്റെ നേതൃത്വത്തിൽ വൈദികരും സിസ്റ്റേഴ്സും അടക്കം നൂറുകണക്കിന് ആളുകൾ ചേർന്ന് സ്വീകരിച്ചു. സ്വീകരണയോഗത്തിൽ ശ്രീ. സ്റ്റാനി തട്ടാപറമ്പിൽ അധ്യക്ഷതവഹിച്ചു. കേളകം പഞ്ചായത്ത് വൈസ്പ്രസിഡന്റ് ശ്രീമതി ലിസ്സി തോമസ് സ്വീകരണയോഗം ഉദ്ഘാടനം ചെയ്തു. ഫൊറോന വികാരി വെരി. റവ.ഫാ. തോമസ് മണക്കുന്നേൽ ജാഥാ ക്യാപ്റ്റനെ ഷാൾ അണിയിച്ചു. മുൻരൂപതാ സഹവികാരി ജനറാളും കേളകം പള്ളി വികാരിയുമായ വെരി. റവ.ഫാ. ജോസ് തേക്കനാടി ചുങ്കക്കുന്ന് മേഖല കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി പ്രസിഡണ്ട് ശ്രീ. ജോസ് വെട്ടത്ത് എന്നിവർ ജാഥാ വൈസ് ക്യാപ്റ്റൻമാരായ സി. ജോവിറ്റ എഫ്.സി.സി., ശ്രീ. എഫ്.എം. ലാസർ എന്നിവരെ പൊന്നാടയണിയിച്ച് സ്വീകരിച്ചു. ചുങ്ക

ക്കുന്ന് ഫൊറോനയിലെ ബഹുമാനപ്പെട്ട വികാരിയച്ചന്മാരായ റവ.ഫാ. ജോജോ ചങ്ങനാംതുണ്ടത്തിൽ, റവ.ഫാ. ജെയ്നീഷ്, റവ.ഫാ. ബിജു തൊണ്ടിപറമ്പിൽ, റവ.ഫാ. ബിജു പുന്നയ്ക്കാപടവിൽ, റവ.ഫാ. ജോസ് കൊട്ടാരം, കേളകം മലങ്കര കത്തോലിക്കാപള്ളി വികാരി റവ.ഫാ. ജോൺ പനച്ചിപറമ്പിൽ എന്നിവർ സന്നിഹിതരായിരുന്നു.

രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ, ആമുഖപ്രഭാഷണം നടത്തി. രൂപതാ ഡയറക്ടർ സ്വാഗതവും ടോമി നെടുംകൊമ്പിൽ നന്ദിയും പറഞ്ഞു.

ജാഥാക്യാപ്റ്റൻ റവ.ഫാ. ടി.ജെ. ആന്റണി വൈസ് ക്യാപ്റ്റൻ ശ്രീ. എഫ്. എം. ലാസർ എന്നിവർ ജാഥയുടെ ലക്ഷ്യങ്ങളെപ്പറ്റി സംസാരിച്ചു.

**18-08-2013**

**ചുങ്കക്കുന്ന്, കൊട്ടിയൂർ, കേളകം** പള്ളികളിൽ വിശുദ്ധബലിയിൽ റവ. ഫാ. ടി.ജെ. ആന്റണി വചനസന്ദേശം നൽകി. രാവിലെ 6.30-ന് ചുങ്കക്കുന്നിലും 8 മണിക്ക് കൊട്ടിയൂരും 10.30 ന് കേളകത്തും 12.30-ന് ചുങ്കക്കുന്നിലും വചനസന്ദേശം നൽകി.

**മാനന്തവാടി**

18-8-2013 ന് ഞായറാഴ്ച വൈകുന്നേരം മാനന്തവാടി ടൗണിൽ വെച്ച് ലഹരി വിമോചന കേരളയാത്രക്ക് സ്വീകരണം നൽകി. വയനാട് ജില്ലയിലെ പ്രയാണത്തിന്റെ ഉദ്ഘാടനം മാനന്തവാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി സിൽവി തോമസ് നിർവ്വഹിച്ചു. രൂപതാ പ്രസിഡന്റ് ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ അധ്യക്ഷത വഹിച്ചു. രൂപതാ ഡയറക്ടർ ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ സ്വാഗതം ആശംസിച്ചു. റവ.ഫാ. മാത്യു കാട്ടറാത്ത്, റവ.ഫാ. ജോസ് കപ്യാരുമല എന്നിവർ ജാഥാക്യാപ്റ്റൻമാരെ ഷാൾ അണിയിച്ച് സ്വീകരിച്ചു. ജാഥാക്യാപ്റ്റനും കെ.സി.ബി.സി. മദ്യവിരുദ്ധസമിതി സംസ്ഥാന സെക്രട്ടറിയുമായ ഫാ. ടി.ജെ. ആന്റണി, സംസ്ഥാന ഭാരവാഹികളായ ശ്രീ.എഫ്.എം. ലാസർ, ശ്രീ. മാത്യു എം. കണ്ടത്തിൽ, ശ്രീ.പി.എ. ജെയിംസ്, മദ്യനിരോധന സമിതി ജില്ലാ സെക്രട്ടറി ശ്രീ. ചന്ദ്രശേഖരൻ നായർ, ശ്രീ. എൻ.യു. ടോമി, ശ്രീ. ബേബി പേടപ്പാട്ട്, ശ്രീ. ജോയി പരിയാരത്ത്, ശ്രീ. രാജു വി.സി. എന്നിവർ പ്രസംഗിച്ചു.

**19-8-2013 - ദ്വാരക**

ദ്വാരക ഇടവകയുടെയും സ്കൂളിന്റെയും നേതൃത്വത്തിൽ രാവിലെ 9 മണിക്ക് ആവേശകരമായ സ്വീകരണം നൽകി. ഇടവക വികാരി ജോയി തുരുത്തേലച്ചന്റെയും കൈക്കാരന്മാരുടെയും സ്കൂൾ ഹെഡ്മാസ്റ്റർ ജോൺ അമ്പാട്ട് സാറിന്റെയും കാസ കൺവീനർ വർക്കി നിരപ്പിൽ സാറിന്റെയും നേതൃത്വത്തിൽ വിദ്യാർത്ഥികളും ഇടവകക്കാരും നാട്ടുകാരും ചേർന്ന് ജാഥയ്ക്ക് സ്വീകരണം നൽകി. റേഡിയോമാറ്റൊലി ഡയറക്ടർ റവ.ഫാ. തോമസ് ജോസഫ് തേരകം, കെ.സി.വൈ.എം. രൂപതാ ഡയറക്ടർ ഫാ. ലാൽ പൈനുങ്കൽ, സി.എം.എൽ. രൂപതാ ഡയറക്ടർ ഫാ. സോണി വടയാപറമ്പിൽ, ഫാ. സെബാസ്റ്റ്യൻ പുത്തേൻ എന്നിവരുടെ സാന്നിധ്യം ഏറെ അനുഗ്രഹദായകമായിരുന്നു. സ്കൂൾ അധ്യാപകരും വിവിധ കോൺവെന്റുകളിലെ സിസ്റ്റേഴ്സും കേരളയാത്രയെ സ്വീകരിക്കാൻ എത്തിയിരുന്നു.

**പടിഞ്ഞാറത്തറ**

കുറുമണി ഇടവകവികാരി റവ.ഫാ. ടോമി പുത്തൻപുര, കുറുമ്പാല വികാരി റവ.ഫാ. ജെയിസൺ കുഴികണ്ടത്തിൽ എന്നിവരുടെ നേതൃത്വത്തിൽ ലഹരിമോചന കേരളയാത്രക്ക് പടിഞ്ഞാറത്തറയിൽ സ്വീകരണം നൽകി. ചുള്ളിയാന, കുറുമണി, കുറുമ്പാല ഇടവകകളിൽ നിന്നുള്ള പ്രതിനിധികൾ സ്വീകരണത്തിനെത്തിയിരുന്നു.

**കാവുംമന്ദം**

ചെന്ദലോട് ഇടവക മദ്യവിരുദ്ധസമിതിയുടെയും ഇടവക പ്രതിനിധികളുടെയും നേതൃത്വത്തിൽ കാവുംമന്ദം കവലയിൽ ലഹരിവിമോചനയാത്രയ്ക്ക് സ്വീകരണം നൽകി.

**കൽപ്പറ്റ**

കൽപ്പറ്റ ഫൊറോന വികാരി വെരി. റവ.ഫാ. ജോസ് കൊച്ചറയ്ക്കലച്ചന്റെയും ഇടവകയുടെയും നേതൃത്വത്തിൽ കൽപ്പറ്റയിൽ ലഹരിമോചന കേരളയാത്രയ്ക്ക് സ്വീകരണം നൽകി. സി.സി.എഫ്. കൽപ്പറ്റ ബ്ലോക്ക് സെക്രട്ടറി ജാഥാക്യാപ്റ്റൻ ഫാ. ടി.ജെ. ആന്റണിയെ ഷാൾ അണിയിച്ചു. ഫൊറോന വികാരി ബഹു. ജോസ് കൊച്ചറയ്ക്കലച്ചന്റെ അധ്യക്ഷതയിൽ വയനാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ.വി. ശശി സ്വീകരണ പരിപാടി ഉദ്ഘാടനം ചെയ്തു.

**പനമരം**

പനമരം ഇടവകയുടെ നേതൃത്വത്തിൽ ടൗണിൽ ജാഥയ്ക്ക് സ്വീകരണം നൽകി. ഇടവക കൈക്കാരന്മാർ, ഇടവകാംഗങ്ങൾ എന്നിവർ പങ്കെടുത്തു. ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ശ്രീ. എം.സി. സെബാസ്റ്റ്യൻ സ്വീകരണം ഉദ്ഘാടനം ചെയ്തു.

**നടവയൽ**

നടവയൽ ഫൊറോന ഇടവകയുടെയും നടവയൽ സെന്റ് തോമസ് ഹൈസ്കൂളിന്റെയും നേതൃത്വത്തിൽ ലഹരി വിമോചന യാത്രയ്ക്ക് നടവയലിൽ സ്വീകരണം നൽകി. ഫൊറോന വികാരി റവ. ഫാ. വർഗ്ഗീസ് മുളകുടിയാങ്കൽ ജാഥയ്ക്ക് അഭിവാദ്യങ്ങൾ നേർന്നുകൊണ്ട് സംസാരിച്ചു. നടവയൽ ഇടവക അസിസ്റ്റന്റ് വികാരി റവ.ഫാ. ഷിജു ഐക്കരക്കാനായിൽ, പ്രധാനാധ്യാപകൻ ടോമി എൻ. യു., സ്കൂൾ അധ്യാപകരായ ഷാജി ചന്ദനപറമ്പിൽ, സി. പുഷ്പക്കുട്ടി എസ്.എച്ച്., ഷിന്റോ, സ്റ്റാൻലി മാത്യു, എൽസി മാത്യു എന്നിവരുടെ നേതൃത്വത്തിൽ ധാരാളം വിദ്യാർത്ഥികളും ലഹരിമോചനയാത്രയെ സ്വീകരിക്കാനെത്തി.

**കേണിച്ചിറ**

കേണിച്ചിറ സെന്റ് സെബാസ്റ്റ്യൻസ് ഇടവക വികാരി റവ.ഫാ. ജോയി പുല്ലൻകുന്നേൽ അച്ചന്റെ നേതൃത്വത്തിൽ ഇടവക കൈക്കാരന്മാരും കമ്മറ്റിക്കാരും വാളവയൽ ഇടവകാംഗങ്ങളും ചേർന്ന് മാനന്തവാടി രൂപതയിലെ ലഹരി മോചന കേരളയാത്രയുടെ സമാപന കേന്ദ്രമായ കേണിച്ചിറയിൽ സമുചിതമായ സ്വീകരണം നൽകി. ശ്രീനാരായണ ധർമ്മവേദി ജില്ലാ സെക്രട്ടറി ശ്രീ. അപ്പാട് ദാമോദരൻ സന്ദേശം നൽകി. സ്വീകരണവേളയിൽ മാനന്തവാടി രൂപത ലഹരിമോചന കേരള യാത്രയെ വിജയിപ്പിക്കുവാൻ നടത്തിയ പരിശ്രമങ്ങളെ ജാഥാ ക്യാപ്റ്റനും സംസ്ഥാന ജനറൽ സെക്രട്ടറിയുമായ റവ.ഫാ. ടി.ജെ. ആന്റണി നന്ദി അർപ്പിച്ചു.

**അഭിമാനത്തോടെ നന്ദിപൂർവ്വം**

കെ.സി.ബി.സി. മദ്യവിരുദ്ധ കമ്മീഷന്റെ നേതൃത്വത്തിൽ മാനന്തവാടി രൂപതയിൽ 3 ദിവസം പര്യടനം നടത്തിയ ലഹരി വിമോചന കേരളയാത്ര - ജ്യോതിർഗമയ- വളരെ ആവേശകരമായ സ്വീകരണമൊരുക്കാൻ സഹായിച്ച ഏവർക്കും രൂപതാസമിതി ഹൃദയം നിറഞ്ഞ

നന്ദി അർപ്പിക്കുകയാണ്. ചുങ്കക്കുന്ന് ഫൊറോനയിലെ ബഹുഭൂരിപക്ഷം വൈദികരും സ്വീകരണത്തിനെത്തി എന്നത് വളരെയേറെ സന്തോഷ കരമാണ്. താമസ സൗകര്യമൊരുക്കിതന്ന കമില്ലസ് ആശുപത്രി അധി കൃതരോടും സിസ്റ്റേഴ്സിനോടും ഭക്ഷണം ഒരുക്കിതന്ന ഫൊറോന വികാരി വെരി. റവ.ഫാ. തോമസ് മണക്കുന്നേലിനോടും എല്ലാ ക്രമീക രണങ്ങളും ഒരുക്കിയ സ്റ്റാലി തട്ടാപറമ്പിലിനോടും ദ്വാരക പാസ്റ്ററൽ സെന്ററിൽ എല്ലാവിധ സൗകര്യങ്ങളും ഒരുക്കി നൽകിയ ഡയറക്ടർ ബഹു. മാത്യു പെരിയപ്പുറം അച്ചനോടും ഹൃദയപൂർവ്വം നന്ദി അർപ്പി ക്കുകയാണ്.

ലഹരിമോചന കേരളയാത്ര കടന്ന് പോയ സ്വീകരണ കേന്ദ്രങ്ങ ളിലെല്ലാം വൈദികരുടെ സാന്നിധ്യം ഉണ്ടായിരുന്നു. തിരക്കുകൾക്കിട യിലും സമയം കണ്ടെത്തിയ ഇടവക വികാരിമാരെയും രൂപതാ ഡയറക്ടറച്ചന്മാരെയും നന്ദിപൂർവ്വം സ്മരിക്കുന്നു.

ധാരാളം സന്യാസിനിമാർ ലഹരിമോചന യാത്രയിൽ പങ്കാളിക ളായി. സ്വീകരണ കേന്ദ്രങ്ങളുടെ സമീപമുള്ള ഇടവകയിൽനിന്ന് കൈക്കാരന്മാർ, കമ്മറ്റിക്കാർ, സംഘടനാ ഭാരവാഹികൾ, പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ എന്നിവർ സഹകരിച്ചു. ഏവർക്കും നന്ദി.

വിവിധ സ്വീകരണ കേന്ദ്രങ്ങളിൽ ജാഥയെ അഭിസംബോധന ചെയ്ത് സംസാരിച്ച ബഹുമാന്യരായ ജനപ്രതിനിധികളെയും നന്ദി പൂർവ്വം ഓർക്കുന്നു.

### 'കാസ' - അധ്യാപക പരിശീലനം

നമ്മുടെ കോർപ്പറേറ്റ് സ്കൂളുകളിൽ പ്രവർത്തിക്കുന്ന സ്കൂൾ ലഹരിവിരുദ്ധ ക്ലബ് ആയ കാസയുടെ അധ്യാപക പരിശീലന പരിപാടി ഓഗസ്റ്റ് 5-ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തി. അസോസി യേറ്റ് കോർപ്പറേറ്റ് മാനേജർ റവ. ഫാ. ബിജു പൊൻപാറയിൽ ഉദ്ഘാ ടനം ചെയ്തു. ഡയറക്ടർ റവ. ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ അധ്യക്ഷത വഹിച്ചു. കോ-ഓഡിനേറ്റർ ജോൺസൺ തൊഴുത്തുങ്കൽ വിഷയാവതരണം നടത്തി.

പൊതു ചർച്ചയിൽ 2013-14 വർഷത്തെ കർമ്മപരിപാടികൾ ആസൂത്രണം ചെയ്തു. ഷാജി ചന്ദനപറമ്പിൽ നന്ദി അർപ്പിച്ചു.

### സന്യസ്ത സംഗമം

ഓഗസ്റ്റ് 6-ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് കെ.സി.ബി.സി.

മദ്യവിരുദ്ധ സമിതി ആനിമേറ്റർമാരുടെ യോഗം നടന്നു. രൂപതാ ഡയറക്ടർ റവ. ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ ക്ലാസ് നയിച്ചു.

മദ്യവിരുദ്ധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകതകളെപ്പറ്റിയും പ്രതിബന്ധങ്ങളെപ്പറ്റിയും ചർച്ച നടത്തി. ലഹരി വിമോചന കേരളയാത്രയെപ്പറ്റി ആലോചന നടത്തുകയും സ്വീകരണങ്ങൾ വിജയിപ്പിക്കുവാൻ വേണ്ട പ്രവർത്തനങ്ങൾ ക്രമീകരിക്കുകയും ചെയ്തു.

**ജോൺസൺ തൊഴുത്തുങ്കൽ**
രൂപതാ പ്രസിഡണ്ട്

# സാമൂഹ്യ സേവനരംഗം (WSSS)

## സോഷ്യൽ വെൽഫയർ സൊസൈറ്റി അവലോകനയോഗം നടത്തി

കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ നിർദ്ദേശാനുസരണം WSSS നബാർഡുമായി സഹകരിച്ച് പുതുതായി രൂപീകരിച്ച വനിതാ സ്വാശ്രയസംഘങ്ങളുടെ അവലോകനയോഗം ജൂലൈ 23-ന് WSSS ഓഡിറ്റോറിയത്തിൽ വച്ച് നടത്തി. പദ്ധതി നിർവ്വഹണ ബാങ്കുകളുടെ മാനേജർമാർ, നബാർഡ് കേരളമേഖലയുടെ CGM, വയനാട് ജില്ലാ വികസന ഓഫീസർ, ബത്തേരി ശ്രേയസ്സ്, WSSS മാനന്തവാടി എന്നിവയുടെ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു. NABARD കേരളമേഖലയുടെ ചീഫ് ജനറൽ മാനേജർ ശ്രീ. അമലോൽപവനാഥൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ നബാർഡ് വയനാട് ജില്ലാ വികസന ഓഫീസർ ശ്രീ. സജികുമാർ സ്വാഗതവും, WSSS ഡയറക്ടർ ഫാ. ജോൺ ചൂരപ്പുഴയിൽ നന്ദിയും രേഖപ്പെടുത്തി. യോഗത്തിൽ, വനിതാസ്വാശ്രയ സംഘങ്ങളെ ക്രെഡിറ്റ്ലിങ്ക് ചെയ്യുന്നതിനുള്ള വെല്ലുവിളികളെക്കുറിച്ച് ചർച്ച ചെയ്യുകയും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു.

## വരുമാനവർദ്ധക പരിപാടികൾ

ജൂലൈമാസം, തലപ്പുഴ, പുതിയിടംകുന്ന്, കൊമ്മയാട്, തവിഞ്ഞാൽ എന്നിവിടങ്ങളിൽ സോപ്പ്, സോപ്പ്പൊടി തുടങ്ങിയ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ പരിശീലനപരിപാടികൾ സംഘടിപ്പിച്ചു. പരിശീലന പരിപാടികൾക്ക് SWS കോഡിനേറ്റർ ശ്രീ. കെ.ഒ. ജോയി, ഫീൽഡ് കോഡിനേറ്റർമാരായ ശ്രീമതി ഷീന ആന്റണി, ശ്രീമതി ആലീസ് സിസിൽ, ശ്രീമതി വൽസമ്മ എന്നിവർ നേതൃത്വം നൽകി.

## സേവ് എ ഫാമിലി പ്ലാൻ

ജൂലൈ മാസത്തിൽ SAFP യുടെ നേതൃത്വത്തിൽ വിവിധങ്ങളായ പ്രവർത്തനങ്ങൾ നടത്തി. ജൂലൈ 8,9 തീയതികളിൽ എറണാകുളം

SAFP ഓഫീസിൽ നിന്നും റീജണൽ പ്രോഗ്രാം ഓഫീസറായ മിസ്. ഷിന്റോ, പുൽപ്പള്ളി, മാനന്തവാടി മേഖലകൾ സന്ദർശിക്കുകയും പദ്ധതി പ്രവർത്തനങ്ങളെ അവലോകനം ചെയ്യുകയും ചെയ്തു. കുറ്റിയാംവയൽ, കുറുമ്പാല, മരകാവ്, പട്ടാണികൂപ്പ്, അമരക്കുനി എന്നിവിടങ്ങളിൽ നിന്നായി പുതിയ 10 കുടുംബങ്ങളെ സേവ് എ ഫാമിലി പദ്ധതിയി ലേക്ക് തെരഞ്ഞെടുത്തു. സംസ്ഥാന സർക്കാരിന്റെ സാമൂഹ്യസുരക്ഷാ പദ്ധതിയായ 'സ്നേഹപൂർവ്വം' പദ്ധതിയിലേക്ക് യോഗ്യരായ, സേവ് എ ഫാമിലി പദ്ധതിയിൽപ്പെട്ട 20 കുട്ടികളുടെ അപേക്ഷ അയച്ചു. 19,20 തീയതികളിൽ SAFP എറണാകുളം ഓഫീസിൽ വച്ച് നടന്ന പരിശീലന പരിപാടിയിൽ കോഡിനേറ്റർ അമൃതജോയി, ആനിമേറ്റർമാരായ ആൻസി ജെൽസൺ, സുജ മാത്യു, ഷൈനി ജോർജ് എന്നിവർ പങ്കെടുത്തു.

മുൻകൂട്ടി പ്ലാൻ ചെയ്തതനുസരിച്ച് ജൂലൈമാസം 17 കുടുംബ ങ്ങൾക്ക് വരുമാനവർദ്ധക പരിപാടികൾ ആരംഭിക്കുന്നതിനുവേണ്ടിയുള്ള സഹാനയധനം വിതരണം ചെയ്തു. പദ്ധതി പ്രവർത്തനങ്ങൾ വിലയി രുത്തുന്നതിനായി ടീം അംഗങ്ങൾ ഭവനസന്ദർശനം നടത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

ജൂലൈ 30-ാം തീയതി എർണാകുളത്ത് വച്ച് SAFPI യുടെ വാർഷിക ജനറൽ ബോഡി യോഗത്തിൽ മാനന്തവാടി രൂപതയെ പ്രതി നിധീകരിച്ച് WSSS ഡയറക്ടർ റവ. ഫാ. ജോൺ ചൂരപ്പുഴയിൽ പങ്കെ ടുത്തു. യോഗത്തിൽ വച്ച്, SAFPI യുടെ ആഭിമുഖ്യത്തിൽ ആനിമേറ്റർമാർക്കുവേണ്ടി നടത്തിയ 'വിജയഗാഥ' മത്സരത്തിൽ സൗത്ത് ഇന്ത്യാസോണിൽ മൂന്നാംസ്ഥാനം നേടിയ പുൽപ്പള്ളി റീജ ണൽ ആനിമേറ്റർ ശ്രീമതി സുജമാത്യു രണ്ടാനിക്കൽ അവാർഡ് ഏറ്റ് വാങ്ങി.

### ദേശീയ ബയോഗ്യാസ് വ്യാപനപദ്ധതി

തൃശ്ശിലേരി, അമ്പലക്കൊല്ലി, പെരുവക എന്നിവിടങ്ങളിൽ രണ്ട് ബയോ-ഗ്യാസ് പ്ലാന്റുകൾ കമ്മീഷൻ ചെയ്യുകയും ഒരു പ്ലാന്റ് നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തു. നിർമ്മാണ പ്രവർത്തനങ്ങൾ കഴിഞ്ഞ പ്ലാന്റുകളുടെ സബ്സിഡി ലഭിക്കുന്നതിനാവശ്യമായ അപേ ക്ഷകൾ സ്വീകരിച്ചുവരുന്നു.

### 'വോഫ'

ജൈവ ഫെയർട്രേഡ് കർഷകസംഘടനയായ 'വോഫ'യുടെ FLO സർട്ടിഫിക്കേഷൻ ഏജൻസിയുടെ റിന്യുവൽ ഓഡിറ്റ് ജൂലൈ

മാസം 15-ാം തീയതിമുതൽ 20-ാം തീയതിവരെ നടന്നു. ഓഡിറ്റിന്റെ ഭാഗമായി ഫ്ളോസേർട്ടിൽ നിന്നുള്ള ഓഫീസറായ മി. ദിലീപ് ചാണ്ടി യുടെ നേതൃത്വത്തിൽ ചുരുളി, പുതുശ്ശേരി, പടിഞ്ഞാറത്തറ, ബോയ്സ്ടൗൺ എന്നീ വില്ലേജുകൾ സന്ദർശിക്കുകയും കർഷകരുടെ ഫെയർട്രേഡ് സംബന്ധിച്ച സംശയങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു.

## നബാർഡ് നീർത്തടവികസന പദ്ധതി

### 1. RSO സന്ദർശനം

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി തൊണ്ടർനാട് ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിവരുന്ന സമഗ്ര നീർത്തട വികസനപദ്ധതി യുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി നബാർഡ് RSO ടീം അംഗങ്ങൾ മട്ടിലയം നീർത്തട പ്രദേശത്ത് സന്ദർശനം നടത്തി. വില്ലേജ് വാട്ടർഷെഡ് കമ്മിറ്റി അംഗങ്ങളുടെ യോഗം, രേഖകളുടെ പരിശോധന, ഫീൽഡ് സന്ദർശനം എന്നിവ RSO സന്ദർശനത്തിൽ ഉൾപ്പെട്ടിരുന്നു.

### 2. ഡോക്യുമെന്ററി

നബാർഡ് സമഗ്ര നീർത്തടവികസന പദ്ധതിയിൽ ഉൾപ്പെടുത്തി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി അയനിവയൽ, മട്ടിലയം, പൊർളോം, നെല്ലേരി എന്നീ നീർത്തട പ്രദേശങ്ങളിൽ കഴിഞ്ഞ 4 വർഷ ത്തോളമായി നടന്നുവരുന്ന വിവിധ വികസന പ്രവർത്തനങ്ങൾ ഉൾപ്പെ ടുത്തികൊണ്ട് 'പുനർജനി' എന്ന പേരിൽ ഒരു ഡോക്യുമെന്ററി തയ്യാ റാക്കി.

### 3. വിലയിരുത്തൽ യോഗം

നബാർഡ് നീർത്തടവികസന പദ്ധതികളുടെ പുരോഗതി വില യിരുത്തുന്നതിനായി സ്വാമിനാഥൻ റിസേർച്ച് ഫൗണ്ടേഷനിൽ വെച്ച് നടത്തിയ വിലയിരുത്തൽ യോഗത്തിൽ WSSS ജനറൽ കോ-ഓഡിനേറ്റർ പി.എ. ജോസ്, മട്ടിലയം നീർത്തട കമ്മിറ്റി ചെയർമാൻ ശ്രീ. പി. വെള്ളൻ, കൺവീനർ ശ്രീ. സതീഷ് ബാബു എന്നിവർ പങ്കെടുത്തു.

## നബാർഡ് സമഗ്ര ആദിവാസി വികസന പദ്ധതി

### 1. ഫലവൃക്ഷതൈകൾ വിതരണം ചെയ്തു

നബാർഡ് സമഗ്ര ആദിവാസി വികസനപദ്ധതിയുടെ ഭാഗമായി തവിഞ്ഞാൽ, തൊണ്ടർനാട് ഗ്രാമപഞ്ചായത്തുകളിൽ പുതുതായി ആരം ഭിച്ച WADI പദ്ധതിയിലെ 730 കുടുംബങ്ങൾക്കും ഫലവൃക്ഷതൈകൾ

വിതരണം ചെയ്തു. മാവ്, പ്ലാവ്, സപ്പോട്ട, തെങ്ങ് എന്നിവയുടെ അത്യുത്പാദനശേഷിയുള്ള ഫലവൃക്ഷതൈകളാണ് വിതരണം ചെയ്തത്.

**2. അവലോകനയോഗം**

നബാർഡ് സമഗ്ര ആദിവാസി വികസന പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ചുണ്ടേൽ വിൽഫ്ളോർ ഹോട്ടലിൽ വെച്ച് നടത്തിയ സംസ്ഥാനതല വിലയിരുത്തൽ യോഗത്തിൽ WSSS ഡയറക്ടർ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ, ജോയിന്റ് ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളിൽ, ജനറൽ കോ-ഓഡിനേറ്റർ ശ്രീ. ജോസ് വി.എ, WADI കോ-ഓഡിനേറ്റർ ശ്രീ. റിജോ എന്നിവർ പങ്കെടുത്തു.

**ജലനിധി**

ജലനിധി പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ രണ്ടാംബാച്ചിൽ എടവക ഗ്രാമപഞ്ചായത്തിലെ സഹായസംഘടനയായി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി തെരഞ്ഞെടുക്കപ്പെടുകയും പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. വയനാട് ജില്ലയിൽ രണ്ടാം ഘട്ടത്തിൽ 11 ഗ്രാമപഞ്ചായത്തുകളിലാണ് ജലനിധി നടപ്പിലാക്കുന്നത്. എടവക ഗ്രാമപഞ്ചായത്തിൽ പള്ളിക്കൽ വെസ്റ്റ്പാലമുക്കിലാണ് ജലനിധിയുടെ ഓഫീസ് പ്രവർത്തിക്കുന്നത്. സാമൂഹ്യ ശാസ്ത്രജ്ഞരും സാങ്കേതിക വിദഗ്ധരുമടങ്ങുന്ന 10 അംഗ ടീം പരിശീലനം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചു. പ്രാഥമിക വിവരശേഖരണം, വിശേഷാൽ ഗ്രാമസഭ, പങ്കാളിത്ത ഗ്രാമവിശകലനം, അയൽക്കൂട്ടയോഗങ്ങൾ എന്നിവ പൂർത്തിയാക്കികഴിഞ്ഞു. ജലനിധി സാധ്യതാപഠനറിപ്പോർട്ടും തയ്യാറാക്കി അവതരിപ്പിച്ചു. ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ ഭരണാനുമതിയും ലഭിച്ചു. 3700 ഓളം കുടുംബങ്ങൾക്ക് ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള നടപടികളാണ് പുരോഗമിക്കുന്നത്. ആകെ 15 കോടിയോളം തുക ഇതിന് ചെലവ് പ്രതീക്ഷിക്കുന്നു. പദ്ധതി ചെലവിൽ 75% കേരള സർക്കാരും 15% ഗ്രാമപഞ്ചായത്തും 10% ഗുണഭോക്താക്കളുമാണ് വഹിക്കേണ്ടത്. പട്ടികവർഗക്കാരും പട്ടികജാതിക്കാരും പദ്ധതിചെലവിന്റെ 5% എടുത്താൽ മതി. 95% തുക സബ്സിഡിയായി ലഭിക്കും. മൂന്നുവർഷമാണ് പദ്ധതിയുടെ കാലാവധി. ശുദ്ധജലവിതരണം, ഭൂജലപരിപോഷണം, ശുചിത്വസംവിധാനങ്ങൾ, ഗ്രാമപഞ്ചായത്ത് ശാക്തീകരണം, വിവരവിജ്ഞാനവിനിമയം, പരിശീലനം, പട്ടികവർഗ്ഗ,

പട്ടികജാതി വികസനം തുടങ്ങിയ പ്രവർത്തനങ്ങളാണ് ജലനിധി പദ്ധതിവഴി വിഭാവനം ചെയ്യുന്നത്. ഒന്നാംഘട്ടത്തിൽ കൊടുവള്ളി ഗ്രാമ പഞ്ചായത്തിലെ പ്രവർത്തനപരിചയവും മികച്ച ജലനിധി പ്രവർത്തനത്തിനു ലഭിച്ച അവാർഡും, എടവകഗ്രാമപഞ്ചായത്തിലെ പ്രവർത്തനങ്ങൾക്ക് ദിശാബോധവും ആത്മവിശ്വാസവും ഉത്തേജനവും നൽകും.

**ഫാ. ജോൺ ചൂരപ്പുഴയിൽ**
ഡയറക്ടർ

# കേരള ലേബർ മൂവ്മെന്റ് (KLM)

അസംഘടിത തൊഴിലാളികളുടെ സമഗ്രവികസനത്തിനും സമ്പൂർണ്ണ ശാക്തീകരണത്തിനും വേണ്ടി KCBC ലേബർ കമ്മീഷന്റെ നേതൃത്വത്തിലും നിയന്ത്രണത്തിലും പ്രവർത്തിക്കുന്ന KLM പ്രവർത്തനം മികച്ച രീതിയിൽ മുന്നോട്ട് പോകുന്നു.

### യൂണിയൻ മീറ്റിംഗ്

ജൂലൈ ഒന്നാം തീയതി കൽപ്പറ്റയിൽ വച്ച് നടന്ന സ്വതന്ത്ര നിർമ്മാണതൊഴിലാളികൾക്കുവേണ്ടി സംഘടിപ്പിച്ച യൂണിയൻ മീറ്റിംഗിൽ ശ്രീമതി മിനി ഉണ്ണികൃഷ്ണൻ പങ്കെടുത്തു.

### രജിസ്ട്രേഷൻ

ജൂലൈ 11-ാം തീയതി കേരളാ തയ്യൽ തൊഴിലാളി വർക്കേഴ്സ് ഫോറത്തിന്റെ രജിസ്ട്രേഷൻ കണ്ണൂർ ക്ഷേമനിധി ഓഫീസിൽ വച്ച് നടന്നു.

### സോണൽമീറ്റിംഗ്

ജൂലൈ 27-ാം തീയതി WSSS ഓഡിറ്റോറിയത്തിൽ വച്ച് സോണൽ മീറ്റിംഗ് നടന്നു. മാനന്തവാടി രൂപതാ ബിഷപ്പ് മാർ ജോസ് പൊരുന്നേടം ഉദ്ഘാടനം നിർവ്വഹിച്ച ചടങ്ങിൽ KLM ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി സ്വാഗതമാശംസിച്ചു. സർക്കാരിൽ നിന്നും ലഭ്യമാകുന്ന ആനുകൂല്യങ്ങൾ സാധാരണക്കാരന് വാങ്ങിച്ചുകൊടുക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പിതാവ് സംസാരിച്ചു. തുടർന്ന് സംസ്ഥാന ഡയറക്ടർ ഫാ. ജോർജ് തോമസ് KLM ന്റെ പ്രവർത്തനങ്ങൾ വിശദീകരിച്ചു. വിവിധ രൂപതകളുടെ പ്രവർത്തനറിപ്പോർട്ട് അവതരിപ്പിക്കുകയും പോരായ്മ

കൾ വിലയിരുത്തുകയും ചെയ്തു. കോഴിക്കോട് രൂപതാഡയറക്ടർ ഫാ. ആന്റണി, WSSS ഡയറക്ടർ ഫാ. ജോൺ ചൂരപ്പുഴയിൽ, മലബാർ റീജണൽ ഡയറക്ടർ ഫാ. ജോൺ കയത്തിങ്കൽ, കണ്ണൂർ രൂപതാ ഡയറക്ടർ ഫാ. ജോൺസൺ, നിലമ്പൂർ റീജിയണൽ ഡയറക്ടർ ഫാ.ബിജു ഉറുമ്പിൽ എന്നിവർ ആശംസകളർപ്പിച്ചു. വിവിധ ക്ഷേമനിധികളിൽ അംഗത്വം നൽകുന്നതിനെക്കുറിച്ചും നിലവിൽ നേരിടുന്ന പ്രതിസന്ധികളെക്കുറിച്ചും കൂട്ടായചർച്ച നടത്തുകയും പരിഹാരങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു. ചർച്ചയിൽ കണ്ണൂർ, ബത്തേരി, കോഴിക്കോട്, താമരശ്ശേരി, മാനന്തവാടി, തലശ്ശേരി രൂപതകളിൽ നിന്നും നിലമ്പൂർ റീജിയണിൽ നിന്നുമുള്ള ഭാരവാഹികൾ പങ്കെടുത്തു.

### സുരക്ഷ എൻറോൾമെന്റ്

ജൂലൈ 28-ന് കാട്ടിമൂല സെന്റ് സെബാസ്റ്റ്യൻ ദേവാലയത്തിൽ വച്ച് സുരക്ഷ എൻറോൾമെന്റ് നടന്നു.

**ഫാ. ബിജോ കറുകപ്പള്ളി**
KLM ഡയറക്ടർ

## MARY MATHA ARTS & SCIENCE COLLEGE

### Tidings since 1 August 2013

- The Election to the Students' Union has been held on 12 August keeping in view the upcoming Peer Team Visit for Reaccreditation. Dr Shaju P.P. coordinated. We have been following the Parliamentary Mode of Elections for the past six years, which has resulted in a violent free and vibrant campus. The Representative Councils with Representatives from each Class for both the Students and the Parents based on gender equity elect the Students' Union and the PTA Executive. Sri Kishore Thomas is the new Chairman and Sri Basheer P.P. is the new PTA Vice President.
- Residential Workshop for Students in Coaching for Entry into Services is organized from 23 to 25 August. Dr Rakesh coordinated.
- The Internal Quality Assurance Cell (IQAC) of the College has organized on Saturday, 24 August a Workshop on Quality Enhancement in Education for Teachers inducted into Service since 2006. Dr P.K. Prasadan and Dr Joseph K.J. coordinated.
- Rev. Fr Manager attended the Meeting of Managers of Colleges at the POC, Kochi on 26 August organized by the KCBC Education Commission.
- Dr Saban, the IQAC Coordinator of S.B. College, Changanacherry led the mock-visit in advance to the Peer Team, Visit on 29 & 30 August.
- The Academic Excellence Day of the College cum the Dr K.T. Varkey, the Founder Principal Endowment Lecture is scheduled for Friday, 6 September. Dr Jancy James, the Vice Chancellor, Central University of Kerala will deliver the Endowment Lecture. Dr K.T. Varkey, will share his experiences of Peer Team Visits and present

the Founder Principal Award for the Best Outgoing Student, 2013 and the Winners in the Dr James Maruthakkunnel Endowment Quiz Contest 2013.

- Dr Prasadan P.K. has been appointed Chairman of the Advisory Committee for Jeevani, a Dept of Science and Technology sponsored Program of Radio Mattoli.
- Dr Savio James has been appointed Chairman of the newly constituted Board of Studies in Functional English of the Kannur University. Sri Biju Joseph, Dr Rakesh Kalia, Dr Mercy Ignatius, Ms Jisha T.E., Dr Rajeev Thomas, Dr Geetha Antony, and Dr Maria Martin have been appointed Members of the Board of Studies in their respective Subjects too. Dr Shaju P.P. is appointed Member of the Board of Studies for Business Management (PG) in the University of Kerala.
- The Employment Training Centre for Tribal Women sponsored by the Mar George Njaralakkat Endowment and functioning on the hospitality of the Adoration Sisters have given Training in Sewing and Allied Skills to around 75 women. There are 15 women students taking the skills training currently. Rev. Sr Jose Manuel coordinates.

**Dr. Raju George**
Principal

## CHRISTIAN CIVIC SERVICE SOCIETY (CCSS)

### വിശ്വാസവർഷ സമാപന റാലി മാനന്തവാടിയിൽ : സ്വാഗത സംഘം രൂപീകരിച്ചു

2012 ഡിസംബർ 4-ന് ദ്വാരകയിൽ ചേർന്ന സംയുക്ത വിശ്വാസ വർഷാചരണത്തിന്റെ സമാപനം വയനാട് ജില്ലയിൽ സമുചിതമായി ആഘോഷിക്കാൻ ജില്ലയിൽ സാന്നിധ്യമുള്ള മാനന്തവാടി, കോഴിക്കോട്, ബത്തേരി, കോട്ടയം കത്തോലിക്കാ രൂപതകൾ ചേർന്ന് തീരുമാനിച്ചു. രൂപതാദ്ധ്യക്ഷന്മാർ രക്ഷാധികാരികളായിട്ടുള്ള ക്രിസ്ത്യൻ സിവിക് സർവ്വീസ് സൊസൈറ്റി (സി.സി.എസ്.എസ്) ഒക്ടോബർ അഞ്ചിന് മാനന്തവാടിയിൽ നടക്കുന്ന വിശ്വാസവർഷ സമാപനറാലിക്ക് നേതൃത്വം നൽകും. മലങ്കര സഭയുടെ പരമാധ്യക്ഷൻ കർദിനാൾ മാർ ക്ലീമിസ് കാതോലിക്കാ ബാവ റാലിയുടെ സമാപന സമ്മേളനത്തിൽ മുഖ്യാതിഥിയായിരിക്കും. ബിഷപ്പുമാരായ മാർ ജോസ് പൊരുന്നേടം (മാനന്തവാടി രൂപത), ഡോ. വർഗ്ഗീസ് ചക്കാലക്കൽ (കോഴിക്കോട് രൂപത), ജോസഫ് മാർ തോമസ് (ബത്തേരി രൂപത), മാർ ജോസഫ് പണ്ടാരശേരി (കോട്ടയം രൂപത സഹായ മെത്രാൻ), അത്മായ നേതാക്കൾ എന്നിവർ റാലിയെ അഭിസംബോധന ചെയ്യും.

റാലിയുടെ വിപുലമായ ഒരുക്കങ്ങൾക്കായി ഡോ.ഫാ. തോമസ് ജോസഫ് തേരകം ചെയർമാനായി (മാനന്തവാടി രൂപത) അഞ്ഞൂറ്റി ഒന്ന് അംഗ സ്വാഗത സംഘം രൂപീകരിച്ചു. ഫാ. സെബാസ്റ്റ്യൻ കറുകപറമ്പിൽ (കോഴിക്കോട് രൂപത), ഫാ. തോമസ് ചേപ്രത്ത് (ബത്തേരി രൂപത), ഫാ. വിൻസൺ കുരുട്ടുപറമ്പിൽ (കോട്ടയം രൂപത) എന്നിവർ വൈസ് ചെയർമാന്മാരും, ശ്രീ. സാലു അബ്രാഹം ജനറൽ കൺവീനറുമാണ്.

ബ്ലോക്ക്തലങ്ങളിൽ വിശ്വാസ പ്രഘോഷണറാലിയുടെ സംഘാടനത്തിനായി സബ് കമ്മിറ്റികൾക്കും രൂപം നൽകിയിട്ടുണ്ട്. മാനന്തവാടി ബ്ലോക്കിൽ ഫാ. ജോർജ് മൈലാടൂർ (ചെയർമാൻ), ശ്രീ. റെനിൽ കഴുതാടി (കൺവീനർ), പനമരം ബ്ലോക്കിൽ ഫാ. വിൻസൺ കുരുട്ടുപറമ്പിൽ (ചെയർമാൻ), ശ്രീ. ജോസ് മാത്യു (കൺവീനർ), ബത്തേരി ബ്ലോക്കിൽ മോൺ. വർഗീസ് താന്നിക്കാക്കുഴി (ചെയർമാൻ), ശ്രീ. സി.എം. തങ്കച്ചൻ (കൺവീനർ), കൽപറ്റ ബ്ലോക്കിൽ ഫാ. സെബാസ്റ്റ്യൻ

കറുകപറമ്പിൽ (ചെയർമാൻ), ശ്രീ. റ്റി.ഒ. റെയ്മൺഡ് (കൺവീനർ) എന്നിവരാണ് ഭാരവാഹികൾ. മറ്റു കമ്മിറ്റികൾ: ഫിനാൻസ്–ഫാ. ബാബു മാപ്ലശേരി (ചെയർമാൻ), ശ്രീ. മത്തച്ചൻ തറയിൽ (കൺവീനർ), പബ്ലിസിറ്റി – ഫാ. ജോസ് കൊച്ചറക്കൽ (ചെയർമാൻ), ശ്രീ.റെയ്മണ്ട് താഴത്ത് (കൺവീനർ), സപ്ലിമെന്റ് – ഫാ. ജോർജ് മൈലാടൂർ (ചെയർമാൻ), ശ്രീ. സി. എം. തങ്കച്ചൻ (കൺവീനർ), ലോ ആൻഡ് ഓഡർ – ഫാ. കെ.എസ്. ജോസഫ് (ചെയർമാൻ), ശ്രീമതി സിൽവി തോമസ് (കൺവീനർ). അഞ്ഞൂറ്റിഒന്നംഗ സ്വാഗത സംഘത്തിൽ ജില്ല യിലെ വിവിധ രൂപതകളിലെ ഫൊറോന വികാരിമാർ, പ്രൊവിൻഷ്യൽമാർ, പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, സൺഡേ സ്കൂൾ പ്രധാനാധ്യാപകർ, സി.സി.എഫ്. പഞ്ചായത്തുതല എക്സി ക്യൂട്ടീവ്, ഫൊറോന ഭാരവാഹികൾ എന്നിവർ അംഗങ്ങളായിരിക്കും.

വിവിധ കമ്മിറ്റികളുടെ ചെയർമാൻമാർ, കൺവീനർമാർ, സി.സി. എസ്.എസ്. ഗവേണിംഗ് ബോഡി അംഗങ്ങൾ, ക്രിസ്ത്യൻ കൾച്ചറൽ ഫോറത്തിന്റെ ജില്ലാ കമ്മിറ്റി അംഗങ്ങൾ എന്നിവരാണ് വിശ്വാസ പ്രഘോഷണറാലിയുടെ സ്റ്റിയറിംഗ് കമ്മിറ്റി. കമ്മിറ്റിയുടെ യോഗം 22–ന് വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് രണ്ടര മണിക്ക് ദ്വാരക പാസ്റ്ററൽ സെന്ററിൽ ചേർന്നു.

## എം.സി.എം. സ്കോളർഷിപ്പിന് അപേക്ഷിക്കാൻ സമയമായി

ന്യൂനപക്ഷ സമുദായങ്ങളായ ക്രിസ്ത്യൻ, മുസ്ലീം, വിഭാഗങ്ങ ളിൽപെട്ട ബിരുദ, ബിരുദാനന്തര ബിരുദ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് എം.സി.എം. സ്കോളർഷിപ്പിന് അപേക്ഷിക്കാൻ സമയമായി. സർക്കാർ അംഗീകരിച്ച സാങ്കേതിക/പ്രഫഷനൽ കോഴ്സു കളിൽ ഒന്നാംവർഷം പഠിക്കുന്നവർക്കാണ് അപേക്ഷിക്കാനാവുക.

കേരളത്തിൽ ഈ അധ്യയനവർഷം 4407 പേർക്കാണ് സ്കോളർഷിപ്പ് ലഭിക്കുക. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 2.5 ലക്ഷം രൂപയിൽ താഴെ ആയിരിക്കണം. ഒന്നാംവർഷ പ്രഫഷനൽ ഡിഗ്രി കോഴ്സിന് പഠിക്കുന്നവരുടെ പ്ലസ്ടു മാർക്കാണ് കണക്കിലെടുക്കുക. ഒന്നാംവർഷ പി.ജി.ക്കാരുടെ കാര്യത്തിൽ ഡിഗ്രി മാർക്കാണ് പരിഗണിക്കുക. ഇപ്പോൾ മറ്റ് സ്കോളർഷിപ്പോ സ്റ്റൈപൻഡോ ലഭിക്കുന്നവർ അപേക്ഷിക്കാൻ അർഹരല്ല.

പഠിക്കുന്ന സ്ഥാപനമേധാവി മുഖാന്തരം ഓൺലൈനായിവേണം അപേക്ഷ സമർപ്പിക്കാൻ. ഈവർഷം മുതൽ സ്കോളർഷിപ്പ് തുക

ആധാർ നമ്പർ മുഖേന മാത്രമേ നൽകൂ. എന്നതിനാൽ അപേക്ഷയിൽ ആധാർ നമ്പർ നിർബന്ധമായും കാണിച്ചിരിക്കണം.

വിദ്യാർത്ഥികൾ ഓൺലൈൻ അപേക്ഷ രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി സെപ്റ്റംബർ 30 ആണ്.

ഇതിന്റെ പ്രിന്റ് ഔട്ട് എടുത്ത് സ്ഥാപനമേധാവി വഴി ഒക്ടോബർ 10 നകം Special Officer for Scholarships, Directorate of Technical Education, Fort P.O, Thiruvananthapuram - 695023 എന്ന വിലാസത്തിൽ എത്തിക്കണം.

2013-14 ൽ സ്കോളർഷിപ്പ് പുതുക്കുന്നതിനുള്ള ഓൺലൈൻ രജിസ്ട്രേഷൻ ഡിസംബർ 31 നകം നടത്തണം. കൂടുതൽ വിവരങ്ങൾക്ക് www.momascholarship.gov.in.

വ്യത്യസ്ത സ്കോളർഷിപ്പുകളെക്കുറിച്ചും വിദ്യാഭ്യാസരംഗത്തെ അവസരങ്ങളെക്കുറിച്ചും വിവരങ്ങൾ നൽകുന്ന മറ്റു ചില വെബ്സൈറ്റുകൾ:

www.manabadi.co.in
www.scholarship-positions.com
www.scholars4dev.com
www.educationobserver.com
www.vidyarthy.com
www.nneindia.org/home.asp
www.successcds.net
www.uniguru.co.in
http://career.webindia123.com
www.scholarshipstimes.com
www.careerguruonline.com
www.indiaeducation.net
www.careers360.com
www.news4education.com
www.educationtimes.com
www.studyguideindia.com
http://keralascholarship.blogspot.in

**ഫാ. ബാബു മാപ്ലശേരി**
സെക്രട്ടറി CCSS

**റേഡിയോ സെറ്റുകൾ വിതരണം ചെയ്തു.**

മാറ്റൊലി പ്രക്ഷേപണം ചെയ്യുന്ന വിദ്യാഭ്യാസ ബോധവൽക്കരണ പരിപാടികൾ ആദിവാസികൾക്ക് ഊരുതലത്തിൽ ലഭ്യമാക്കാൻ ചെന്നൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന രാജീവ് ഗാന്ധി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് യൂത്ത് ഡവലപ്മെന്റ് (RGNIYD) എന്ന കേന്ദ്ര സർക്കാർ സ്ഥാപനം ജില്ലയിലെ തെരഞ്ഞെടുത്ത പണിയ, അടിയ, കാട്ടുനായ്ക്ക ഊരുകളിലും ട്രൈബൽ റെസിഡൻഷ്യൽ സ്കൂളുകളിലും പ്രീമെട്രിക് ഹോസ്റ്റലുകളിലും വിതരണം ചെയ്യുന്നതിനായി 500 റേഡിയോ സെറ്റുകൾ മാറ്റൊലിക്ക് അനുവദിച്ചു. റേഡിയോ വിതരണത്തിന്റെ ജില്ലാതല ഉദ്ഘാടനം ബഹു. പട്ടികവർഗ്ഗ വികസന യുവജനക്ഷേമ വകുപ്പ് മന്ത്രി കുമാരി പി.കെ. ജയലക്ഷ്മി തവിഞ്ഞാൽ 44-ാം മൈൽ പ്രീമെട്രിക്ഹോസ്റ്റൽ ഹാളിൽ വെച്ച് ആഗസ്റ്റ് 4-ാം തിയതി ഞായറാഴ്ച രാവിലെ 9.30 ന് നിർവ്വഹിച്ചു. തവിഞ്ഞാൽ പഞ്ചായത്തിലെ മറ്റ് ഊരുകൾക്കും പ്രീമെട്രിക് ഹോസ്റ്റലിനും അനുവദിച്ച റേഡിയോകളുടെ വിതരണം മോ. മാത്യു മാടപ്പള്ളിക്കുന്നേൽ നിർവ്വഹിച്ചു. മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഫാ. തോമസ് ജോസഫ് തേരകം സ്വാഗതവും ലെയ്സൺ ഓഫീസർ എം.ജി. ബേബി നന്ദിയും പറഞ്ഞു.

**തത്സമയ ഫോൺ ഇൻ പരിപാടികൾ**

ആഗസ്റ്റ് 11-ാം തീയതി നടന്ന **'പ്രസിഡന്റിനോട് ചോദിക്കാം'** എന്ന തത്സമയ ഫോൺ ഇൻ പരിപാടിയിൽ ശ്രോതാക്കളുടെ ചോദ്യങ്ങൾക്കും സംശയങ്ങൾക്കും എടവക ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എച്ച്. ബി. പ്രദീപ് മാസ്റ്റർ മറുപടി നൽകി.

**'സാധാരണ രോഗങ്ങളും നാടൻചികിത്സയും'** എന്ന വിഷയത്തിൽ ആഗസ്റ്റ് 18-ാം തീയതി നടന്ന തത്സമയ ഫോൺ ഇൻ പരിപാടിയിൽ റേഡിയോ മാറ്റൊലി മാനേജ്മെന്റ് കമ്മിറ്റി അംഗവും

വൈദ്യപ്രതിഭ അവാർഡ് ജേതാവുമായ സി. ഇന്നസെന്റ് MSMI ശ്രോതാക്കളുടെ ചോദ്യങ്ങൾക്കും സംശയങ്ങൾക്കും മറുപടി നൽകി.

**ഔഷധസസ്യതൈ വിതരണം ഉദ്ഘാടനം ചെയ്തു.**

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ റേഡിയോ മാറ്റൊലി പ്രക്ഷേപണം ചെയ്യുന്ന 'നാട്ടുപച്ച' ഔഷധസസ്യ പരിപാലന പരിപാടിയുടെ ഭാഗമായി വനമൂലികയുമായി സഹകരിച്ച് ഔഷധ സസ്യങ്ങൾ വിതരണം ചെയ്യുന്നതിന്റെ ഔദ്യോഗിക ഉദ്ഘാടനം നബാർഡ് ഡിസ്ട്രിക്ട് ഡെവലപ്മെന്റ് മാനേജർ എൻ. എസ്. സജി കുമാർ നിർവ്വഹിച്ചു. അശോകം, കുടംപുളി, നീർമരുത് എന്നിവയുടെ മൂന്ന് തൈകൾ വീതം മുന്നൂറ് പേർക്കാണ് വിതരണം ചെയ്യുന്നത്. ആഗസ്റ്റ് 19-ാം തിയതി തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് മൂന്ന് മണിക്ക് റേഡിയോ മാറ്റൊലിയിൽ വെച്ചു നടന്ന ചടങ്ങിൽ അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജെയ്സ് ബേബി അദ്ധ്യക്ഷത വഹിച്ചു. മാനേജ്മെന്റ് കമ്മിറ്റി അംഗങ്ങളായ ഉഷ വിജയൻ, എം സുരേന്ദ്രൻ, മംഗലശ്ശേരി മാധവൻ മാസ്റ്റർ എന്നിവർ ആശംസകളർപ്പിച്ചു. അസ്സിസ്റ്റന്റ് ഡയറക്ടർ ഫാ. ജോസ് കാവുങ്കൽ സ്വാഗതവും ലെയ്സൺ ഓഫീസർ എം.ജി. ബേബി നന്ദിയും പറഞ്ഞു.

**ഫാ. ജോസ് കാവുങ്കൽ**

അസി. ഡയറക്ടർ (ബ്രോഡ്കാസ്റ്റിംഗ്)

# അറിയിപ്പുകൾ



## 1. കുട്ടികളുടെ ആത്മവിശുദ്ധീകരണ ധ്യാനം

മാനന്തവാടി മേരിമാതാ പ്രോവിൻസ് ആരാധനാ സന്യാസിനി സമൂഹത്തിന്റെ നേതൃത്വത്തിൽ ബോയ്സ് ടൗൺ സോഷ്യൽ സർവ്വീസ് സെന്ററിൽ വച്ച് ആത്മവിശുദ്ധീകരണ മരിയൻധ്യാനം നടത്തിവരുന്നു. പരിശുദ്ധ അമ്മയുടെ മദ്ധ്യസ്ഥതയിൽ പ്രത്യേകം ആശ്രയിച്ചുകൊണ്ട് കുട്ടികളുടെ ആത്മവിശുദ്ധീകരണം ലക്ഷ്യമാക്കി നടത്തുന്ന ധ്യാനത്തിന് 100 സീറ്റുകളാണ് ഉള്ളത്. പഠനവും സ്വഭാവരൂപീകരണവും ലക്ഷ്യമാക്കി കൗമാര പ്രായക്കാരായ കുട്ടികളിൽ കാണുന്ന തിന്മകളിൽനിന്നും മറ്റു ദുശ്ശീലങ്ങളിൽ നിന്നും അവരെ മോചിപ്പിക്കുക എന്ന പ്രത്യേക ലക്ഷ്യത്തോടെ നടത്തപ്പെടുന്ന ഈ ധ്യാനത്തിൽ പങ്കെടുക്കുന്നവർക്ക് പഠനത്തിനും സ്വഭാവരൂപീകരണത്തിനും സഹായകരമായ രീതിയിൽ പ്രത്യേക പ്രാർത്ഥനയും സ്പിരിച്ചൽ ഗൈഡൻസും ഉണ്ടായിരിക്കുന്നതാണ്.

**അടുത്ത ധ്യാനം : 2013 സെപ്റ്റംബർ 14 ശനി മുതൽ സെപ്റ്റംബർ 17 ചൊവ്വ വരെ.**

ഹൈസ്കൂൾ +1, +2, ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളെ ഉദ്ദേശിച്ചുള്ള ഈ ധ്യാനത്തിൽ സംബന്ധിക്കുവാൻ താല്പര്യമുള്ളവരെ ഇടവകയിൽ നിന്ന് പറഞ്ഞുവിടുമല്ലോ. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ധ്യാനം ശനിയാഴ്ച 4.00 p.m. ആരംഭിച്ച് ചൊവ്വാഴ്ച 4.00 p.m. അവസാനിക്കുന്നതാണ്. ധ്യാനഫീസ് 400 രൂപയാണ്. ധ്യാനം ബുക്കുചെയ്യുന്നതിനും മറ്റു വിവരങ്ങൾക്കുമായി താഴെ പറയുന്ന അഡ്രസ്സിലേയ്ക്കും നമ്പറിലേയ്ക്കും വിളിക്കുമല്ലോ.

കോർഡിനേറ്റർ – ആത്മവിശുദ്ധീകരണ മരിയൻ ധ്യാനം

പയ്യമ്പള്ളി – Ph. 04935 - 215685
Mob: 9387608762, 9048476400, 8086539498



# Programme


## PASTORAL CENTRE, DWARAKA

**September 2013**

| | | |
|---|---|---|
| Ag 30 F - 2 M | - | Marriage Preparation Course |
| 05 T | - | CML Executive |
| 06 F | - | Zion CRC: Night Vigil |
| 07 S | - | Zion CRC: Prayer Day, Christeen Prayer Day |
| 08 S - 13 F | - | Priests' Retreat |
| 13 F | - | Jesus Youth Night Vigil |
| 14 S | - | Jesus Youth: Prayer Day |
| 14 S | - | CML Training-Literary Competition participants |
| 15 S | - | Catechism Kallody Meghala Teacher's Convention |
| 17 T - 20 F | - | Marriage Preparation Course |
| 18 W | - | CMA Executive |
| 19 T | - | Marian Singles |
| 22 S - 27 F | - | Priests' Retreat |
| 29 S | - | Logos Exam |
| 29 S - Oct 3 T | - | Zion : Retreat |

**Fr. Mathew Periappuram**
Director, Pastoral Centre

# *Bishop's Programme*



## *September*

| | | |
|---|---|---|
| *1* | *Sun 3 Tue .........* | *Aluva: Mangalapuzha Seminary Commission* |
| *5* | *Thu 6 Fri ..........* | *Manimooly* |
| *8* | *Sun ..................* | *Edayoorkunu : Pastoral Visit* |
| *9* | *Mon Evening....* | *Thonichal, Emmaus Villa: Blessing of the New Block* |
| *8* | *Sun 13 Fri .........* | *Priests' Retreat* |
| *14* | *Sat ....................* | *Thonichal: Holy Cross Convent* |
| *15* | *Sun .................* | *Catechism Teachers' Convention, Kallody Forane* |
| *18* | *Wed .................* | *Valavayal : Jubilee at Santhidhara* |
| *19* | *Thu .................* | *Engaged* |
| *20* | *Fri ....................* | *Out of Station* |
| *21* | *Sat ....................* | *Engaged* |
| *22* | *Sun ..................* | *Bavaly : Pastoral Visit* |
| *23* | *Mon 27 Fri ......* | *Priests' Retreat* |
| *28* | *Sat ..................* | *Engaged* |
| *29* | *Sun .................* | *Appapara : Pastoral Visit* |
| *30* | *Mon ..............* | *Visitors' Day* |

***October***

| | | |
|---|---|---|
| *01 Tue* | *..................* | *Engaged* |
| *02 Wed* | *..................* | *Visitors' Day* |
| *03 Thu* | *..................* | *Mary Matha College: Blessing of Indoor Stadium* |
| *04 Fri* | *..................* | *Out of Station* |
| *05 Sat* | *..................* | *Mananthavady: Faith Rally* |
| *07 Mon* | *..................* | *Norbert House: Diaconate* |
| *08 Tue* | *..................* | *Norbert House: Blessing of the Priory Church* |
| *09 Wed* | *..................* | *Makkiyad: Blessing of the Retreat Centre* |
| *10 Thu 11 Fri* | *........* | *Out of Station* |
| *12 Sat* | *...................* | *Pastoral Council* |
| *13 Sun* | *...................* | *Dwaraka: Jesus Youth Retreat* |
| *14 Mon 25 Fri* | *.......* | *Out of Station* |
| *27 Sun* | *..................* | *Poroor: Blessing of Parish Hall* |
| *28 Mon* | *..................* | *Visitors' Day* |
| *29 Tue 30 Wed* | *.......* | *Engaged* |